

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 92 ● ലക്കം 12 ● ജൂൺ 2020

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ (20 Ch. 240-317)) ........ 05
സർക്കുലർ (20 Ch. 241-318)) ........ 10
സർക്കുലർ (20 Ch. 242-319)) ........ 15
സർക്കുലർ (20 Ch. 243-320)) ........ 17
സർക്കുലർ (20 Ch. 244-321)) ........ 21
സർക്കുലർ (20 Ch. 245-322)) ........ 25
കത്ത് (കാരിത്താസ് ചങ്ങനാശേരി C. 20/GL 69) ........ 28
കത്ത് (MAAC TV യൂട്യൂബ് ചാനൽ C. 20/GL 95) ........ 29
കച്ചേരിക്കാര്യം ........ 31
ബൈബിൾ കൺവൻഷൻ റിപ്പോർട്ട് ........ 34
അതിരൂപതദിനാഘോഷ റിപ്പോർട്ട് ........ 36
ജീവകാരുണ്യപ്രവർത്തന റിപ്പോർട്ട് ........ 38
സന്ദേശനിലയം ........ 50
ചെറുപുഷ്പ മിഷൻലീഗ് ........ 53
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 54
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 58
യുവദീപ്തി ........ 61
ചാസ് ........ 62
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 72
കേരളാ ലേബർ മൂവ്മെന്റ് ........ 73
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 74
കെയർ ഹോംസ് ........ 76
ആത്മതാകേന്ദ്രം ........ 77
ദലിത് കത്തോലിക്കാ മഹാജനസഭ ........ 78
പൗരോഹിത്യ ആദ്ധ്യാത്മികത ........ 79
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 85

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

## സർക്കുലർ

20 Ch. 240-317

# അഞ്ചാമത് അതിരൂപതാ മഹായോഗം
## (Archeparchial Assembly)

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

അഞ്ചാമത് ചങ്ങനാശ്ശേരി അതിരൂപതാ മഹായോഗം ഈ വർഷം ഡിസംബർ 16-19 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന കാര്യം അതിരൂപതാംഗങ്ങളെല്ലാവരെയും ഔദ്യോഗികമായി അറിയിക്കുന്നു. മഹായോഗത്തിന്റെ പഠനവിഷയം സംബന്ധിച്ചും, അതിരൂപതാകുടുംബാംഗങ്ങളെല്ലാവരും എപ്രകാരം ഈ പഠന പ്രക്രിയയിൽ പങ്കാളികളാകണമെന്നും അറിയിക്കുന്നു. അതനുസരിച്ച് എല്ലാവരും സഹകരിക്കണമെന്നു സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

### വിഷയം: ക്രിസ്തീയ വിളി : സഭയിലും സമൂഹത്തിലും

ക്രിസ്തീയ ജീവിതത്തിന്റെ രണ്ടു തലങ്ങളാണു സഭയും സമൂഹവും. ശരിയായ വിശ്വാസജീവിതത്തിന്റെ ഫലമാണു പ്രതിബദ്ധതയോടെയുള്ള സാമൂഹിക ജീവിതം. മാറുന്ന ലോകത്തിൽ വിശ്വാസജീവിതം നൂതന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. അതുപോലെതന്നെ മനുഷ്യൻ പുതിയ സാമൂഹികപ്രശ്നങ്ങളെയും നേരിടേണ്ടിവരുന്നു. ഇന്നത്തെ മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങളെ കാണാതിരിക്കാൻ നമുക്കാവില്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ പറഞ്ഞുവച്ച കാര്യം എന്നും പ്രസക്തമാണ്. 'ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യ പാവപ്പെട്ടവരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠകളുമെല്ലാം മിശിഹായുടെ അനുയായികളുടേതു കൂടിയാണ്' (സഭ ആധുനിക ലോകത്തിൽ 1). സഭയിലും സമൂഹത്തിലുമുള്ള ക്രിയാത്മക ജീവിതത്തിനു ശരിയായ ആത്മബോധവും ജീവിത

നവീകരണവും ഫലപ്രദമായ സുവിശേഷസാക്ഷ്യവും അനിവാര്യ മാണ്.

**ആത്മബോധം:** സഭയോടുചേർന്ന് ഓരോ വിശ്വാസിയും സ്വന്തം വിളിയും ദൗത്യവുമെന്തെന്നു വ്യക്തമായി അറിഞ്ഞു ബോധ്യപ്പെടുക.

**ജീവിത നവീകരണം:** സ്വന്തം വിളിയോടും വിളിക്കനുസരിച്ചുള്ള ദൗത്യങ്ങളോടും പൂർണ്ണവിശ്വസ്തത പുലർത്തിക്കൊണ്ട് അവ നിറവേറ്റാൻ സജ്ജരാകത്തക്കവിധം പരിശീലനം നേടുകയും ആവശ്യമായ തിരുത്തലുകളും മാറ്റങ്ങളും വരുത്തി ജീവിതം നവീകരിക്കുകയും ചെയ്യുക.

**സുവിശേഷസാക്ഷ്യം:** നവീകരിക്കപ്പെട്ട ജീവിതത്തിലൂടെ ഓരോരുത്തരും തങ്ങളുടെ വിളിക്കനുസരിച്ച് തീക്ഷ്ണതയോടെ സഭയോടൊപ്പം ലോകത്തിൽ സുവിശേഷത്തിന്റെ സാക്ഷികളാകുക.

പൂർണ്ണമായും തിരുസ്സഭയെ കേന്ദ്രീകരിച്ചു നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളും തീരുമാനങ്ങളും സഭയിലും സമൂഹത്തിലുമുള്ള ക്രിസ്തീയജീവിതത്തെ അടിസ്ഥാനമാക്കിയായിരുന്നു. സഭയുടെയും സഭാംഗങ്ങൾ എന്ന നിലയിൽ നമ്മുടെയും വിളിയെക്കുറിച്ചും ജീവിതദൗത്യത്തെക്കുറിച്ചും ആധികാരികമായി പഠിപ്പിക്കുന്ന പ്രബോധനങ്ങൾ സഭാഗാത്രത്തിലെ ഓരോ വിഭാഗത്തിനും കാലാകാലങ്ങളിൽ സഭ നൽകുന്നുണ്ട്. അവയിലെ പ്രധാനപ്പെട്ട കാര്യങ്ങളെങ്കിലും എല്ലാ വിശ്വാസികളും അറിഞ്ഞിരിക്കണം. നമ്മുടെ ജീവിതം അർത്ഥവത്തും ഫലപ്രദവുമാകാൻ അതിടയാക്കും.

വിശ്വാസികളെല്ലാവരും ഈശോമിശിഹായിൽ ഏകശരീരമെന്നപോലെ സംയോജിക്കപ്പെട്ടിരിക്കുന്നു. അതു ദൈവത്തിന്റെ പ്രവൃത്തിയാണ്. അതാണു മാമ്മോദീസാ എന്ന കൂദാശയിൽ സംഭവിക്കുന്നത്. 'നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ മാമ്മോദീസാ സ്വീകരിച്ചു' ( 1 കോറി. 12:13); 'നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്' (1 കോറി. 12:27); 'മിശിഹാ തന്റെ ശരീരമായ സഭയുടെ ശിരസ്സാ'-യിരിക്കുന്നു (എഫേ. 5:23); 'സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ടു ശിരസ്സായ മിശിഹായിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു' (എഫേ. 4: 15) എന്നു പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു.

അതിനാൽ സഭയിലും സഭയോടുചേർന്നുമാണ് ഓരോ വിശ്വാസി

യുടെയും ക്രിസ്തീയ അസ്തിത്വവും നിലനിൽപ്പും ജീവനും ജീവിതവും പ്രവൃത്തികളും നിലകൊള്ളുന്നത്. തന്മൂലം സഭയെ അറിയാതെയും സഭയോടു ബന്ധപ്പെടാതെയും ഒരുവനു തന്റെ ക്രിസ്തീയവിളി അറിയാനോ അതനുസരിച്ചു ജീവിക്കാനോ സാധിക്കയില്ല. സഭയെക്കുറിച്ചും സഭയുടെ ദൈവനിയോഗം എന്ത് എന്നതിനെക്കുറിച്ചും ആഴമായ ഉൾക്കാഴ്ചകൾ നൽകുന്നതാണു സഭയുടെ ആനുകാലിക പ്രബോധനങ്ങൾ. വൈദികരും സമർപ്പിതരും അല്മായരുമടങ്ങുന്ന സഭാമക്കൾക്കു തങ്ങളുടേതായ ഉത്തരവാദിത്വങ്ങൾ ശരിയായി മനസ്സിലാക്കി നിർവ്വഹിക്കാൻ അവ സഹായിക്കുമെന്നതിനാൽ നമ്മുടെ അഞ്ചാമതു അതിരൂപതാമഹായോഗത്തിന്റെ പരിചിന്തനങ്ങൾക്കു താത്വിക-ദൈവശാസ്ത്ര അടിത്തറ നൽകുന്നതിനു അവയിൽ ഏതാനുമെണ്ണം നാം പഠനവിഷയമാക്കുകയാണ്.

ഏകശരീരത്തിൽ വിവിധ അവയവങ്ങൾപോലെ തിരുസ്സഭയിൽ നാമെല്ലാവരും ഏക ലക്ഷ്യത്തോടെ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടവരാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരുമടങ്ങുന്ന എല്ലാ സഭാംഗങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെ. ലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗ്ഗവും ഒന്നുതന്നെ. അതു മിശിഹാമാർഗ്ഗമാണ്. വഴിയും സത്യവും ജീവനുമായ ഈശോമിശിഹായിലൂടെ പിതാവായ ദൈവത്തിന്റെ പക്കലെത്തി നിത്യജീവനിലും സ്വർഗ്ഗീയ കൂട്ടായ്മയിലും പങ്കുചേരുക എന്നതാണു നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം സാധിക്കുന്നതിന് ഏകശരീരത്തിലെ വിവിധ അവയവങ്ങൾക്കെന്നതുപോലെ തങ്ങളുടെ ദൈവവിളിക്കനുസരിച്ചു വിവിധ ദൗത്യങ്ങളാണു സഭാംഗങ്ങൾക്കുള്ളത്. പരസ്പരം സഹകരിച്ച് സ്നേഹത്തിലും ഐക്യത്തിലും അവരിതു നിർവ്വഹിക്കണം.

യാഥാർത്ഥ്യം ഇതാണെങ്കിലും, സഭയിൽ പലതരത്തിലുള്ള അനൈക്യവും സഹകരണമില്ലായ്മയും നിർജ്ജീവത്വവും നിസ്സംഗതയും മറ്റു പോരായ്മകളും വീഴ്ചകളും സംഭവിക്കുന്നുണ്ട്. ഇവയൊക്കെ പരമാവധി പരിഹരിച്ചു നമ്മുടെ അതിരൂപതയാകുന്ന പ്രാദേശികസഭയിൽ, എല്ലാ തലങ്ങളിലും ആവശ്യമായ നവീകരണം വരുത്തുവാനും, ഉത്സാഹവും തീക്ഷ്ണതയും വളർത്താനും, 'അതിരൂപതയിൽ നാമൊരു കുടുംബം' എന്ന ആദർശം സാക്ഷാത്കരിക്കാനും അതിരൂപതാമഹായോഗം അവസരമാകണം. കൂട്ടുത്തരവാദിത്വബോധത്തോടെ അതിരൂപതാംഗങ്ങളെല്ലാവരും സഹകരിച്ചെങ്കിലേ അതു സാധ്യമാകൂ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെയും തത്സംബന്ധമായി പിന്നീടു നൽകപ്പെട്ടി

രിക്കുന്ന പ്രബോധനങ്ങളെയും അടിസ്ഥാനമാക്കിയായിരിക്കണം മഹായോഗത്തിനായുള്ള തയ്യാറെടുപ്പും യോഗത്തിലെ പഠനങ്ങളും ചർച്ചകളും പ്രായോഗിക നടപടികളും. കാരണം, സഭയുടെ ഈ പ്രബോധനങ്ങൾ വിശുദ്ധലിഖിതങ്ങളുടെയും സഭയുടെ വിശുദ്ധ പാരമ്പര്യത്തിന്റെയും 20 നൂറ്റാണ്ടുകാലത്തെ അനുഭവസമ്പത്തിന്റെയും വെളിച്ചത്തിൽ നൽകപ്പെട്ടിരിക്കുന്നവയാണ്. അമ്മയും ഗുരുനാഥയുമായ സഭയിൽനിന്നു പഠിക്കാനും സഭയോടുചേർന്നു ചിന്തിക്കാനും ജീവിക്കാനും പ്രവർത്തിക്കാനുമാണു സഭാമക്കളായ നമ്മൾ ശ്രദ്ധിക്കേണ്ടത്. അതോടൊപ്പം ഇന്നത്തെ മനുഷ്യരുടെ വിവിധങ്ങളായ പ്രശ്നങ്ങളോടു ക്രിയാത്മകമായി പ്രതികരിക്കാനും നമുക്കു സാധിക്കണം. ഈ വിവിധ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുള്ള തയ്യാറെടുപ്പാണ് ഈ മഹായോഗത്തിൽ നാം നടത്തേണ്ടത്.

അതിരൂപതയിൽ വിവിധ വിഭാഗത്തിൽപ്പെട്ടവർ എപ്രകാരമാണ് മഹായോഗത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിൽ പങ്കാളികളാകേണ്ടതെന്ന് ഇതോടനുബന്ധിച്ചുള്ള കത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഒരുക്കത്തിനനുസരിച്ചാണ് ഏതൊരുകാര്യത്തിന്റെയും വിജയം. അതിനാൽ ഈ ഒരുക്കത്തിലാണ് എല്ലാവരും പരമാവധി സഹകരിക്കേണ്ടത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വം സർവ്വപ്രധാനമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഓരോ വിഭാഗത്തിലുംപെട്ടവരുടെ പങ്കാളിത്തം സംബന്ധിച്ച്, അവർക്കു നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ വൈദികർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വവും നൽകേണ്ടതാണ്. മഹായോഗത്തിന്റെ വിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥന ദൈവാലയങ്ങളിലും കുടുംബങ്ങളിലും കുടുംബക്കൂട്ടായ്മകളിലും ചൊല്ലേണ്ടതാണ്. മഹായോഗത്തിന്റെ വിജയത്തിനായി അതിരൂപതാകുടുംബം മുഴുവന്റെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന ഭ്യർത്ഥിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**✠ ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

# മഹായോഗത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹായേ, നിന്റെ ശരീരമായ സഭയിലെ അംഗങ്ങളാകാൻ നിന്റെ കാരുണ്യാതിരേകത്താൽ നീ ഞങ്ങളെ യോഗ്യരാക്കിയല്ലോ. ഞങ്ങളെ പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനുമായി നിന്റെ പരിശുദ്ധ റൂഹായെ സഭയുടെമേൽ അയച്ചതിനെ ഓർത്തു നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. റൂഹായാൽ നയിക്കപ്പെടുന്ന സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ചു ജീവിക്കാനും ലോകത്തിൽ നിന്റെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനും നീ ഞങ്ങളെ നിയോഗിച്ചയച്ചിരിക്കുന്നുവല്ലോ. അതിനായി ഞങ്ങളെത്തന്നെ സജ്ജരാക്കുന്നതിനു ഞങ്ങൾ നടത്താൻ പോകുന്ന അതിരൂപതാ മഹായോഗത്തെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ അതിരൂപതയാകുന്ന കുടുംബം ഏകമനസ്സോടെ സഭയെ കൂടുതലായി അറിയുവാനും സ്നേഹിക്കുവാനും, ഞങ്ങളോരോരുത്തരും അമ്മയും ഗുരുനാഥയുമായ സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനും ഈ മഹായോഗം പ്രചോദനമാകുന്നതിനു നിന്റെ റൂഹായാൽ ഞങ്ങളെ നിറയ്ക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

✠ **ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**N.B.** *ഈ പ്രാർത്ഥന കുടുംബങ്ങളിലും സമർപ്പിത ഭവനങ്ങളിലും ദൈവാലയങ്ങളിൽ കാറോസൂസായോടു ചേർത്തും ചൊല്ലേണ്ടതാണ്.*

സർക്കുലർ

20 Ch. 241-318

# അഞ്ചാമത് അതിരൂപതാ മഹായോഗം വൈദികരുടെ പങ്കാളിത്തം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ

നമ്മുടെ അഞ്ചാമത് അതിരൂപതാമഹായോഗം ഈ വർഷം ഡിസംബറിൽ നടക്കുന്ന കാര്യം അറിയിച്ചിരുന്നല്ലോ. ചർച്ചാവിഷയം സംബന്ധിച്ച നിർദ്ദേശങ്ങൾ അറിയിക്കാനും ആവശ്യപ്പെട്ടിരുന്നു. കാര്യമായ നിർദേശങ്ങളൊന്നും ലഭിച്ചില്ല. മാറുന്ന ലോകത്തിൽ വിശ്വാസജീവിതവും അതിന്റെ വിനിമയവും നൂതന പ്രതിസന്ധികളെ അഭിമുഖീകരിക്കുകയും ആശ്ചര്യകരവും അസാധാരണവുമായ സാമൂഹ്യപ്രശ്നങ്ങളെ സഭയും സമൂഹവും നേരിടുന്നതുമായ ഇന്നത്തെ സാഹചര്യത്തിൽ **ക്രിസ്തീയവിളി : സഭയിലും സമൂഹത്തിലും** എന്നതുപൊതുവിഷയമായിതിരഞ്ഞെടുത്തിരിക്കുകയാണ്. സഭയോടു ചേർന്ന് നമ്മുടെ അജപാലന ശുശ്രൂഷ അതിന്റെ സമഗ്രതയിലും ആഴത്തിലും അപഗ്രഥിച്ചു കൂടുതൽ ഫലപ്രദമാക്കുവാനാണു മഹായോഗം ലക്ഷ്യംവയ്ക്കുന്നത്. എല്ലാ വിഭാഗങ്ങളിലുംപെട്ട സഭാംഗങ്ങളുടെ ദൈവവിളി തിരിച്ചറിയുന്നതിനും അത് ഏറ്റവും സത്യസന്ധതയോടെ നിറവേറ്റുന്നതിനും പ്രചോദനമാകാൻ മഹായോഗത്തിനു കഴിയണം.

മഹായോഗത്തിന്റെ വിജയം, പ്രിയപ്പെട്ട അച്ചന്മാരേ, പ്രധാനമായും നിങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. മഹായോഗത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പിന്റെ രണ്ടു ഘട്ടങ്ങളിലും യോഗാനന്തര തുടർനടപടികളിലുമാണ് എല്ലാ വൈദികരുടെയും സജീവനേതൃത്വവും പങ്കാളിത്തവും ഏറ്റവും ആവശ്യമായിരിക്കുന്നത്. അതിരൂപതയിലെ ഓരോ വിഭാഗത്തിലുംപെട്ടവർ എപ്രകാരമാണു മഹായോഗ നടപടികളിൽ പങ്കാളികളാകേണ്ടതെന്ന് അവരെ അറിയിക്കുന്നുണ്ട്. വൈദികർ വഹിക്കുന്ന പദവിക്ക് അനുസൃതമായി അതാതുതലങ്ങളിൽ ആവശ്യാനുസരണം മറ്റുവിഭാഗങ്ങളുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ

ചെയ്തു കൊടുക്കുകയും ചെയ്യണം. അതിരൂപതാംഗങ്ങളെല്ലാവരും ഏതെങ്കിലുംവിധത്തിൽ മഹായോഗ നടപടിക്രമങ്ങളിൽ പങ്കാളികളാകത്തക്കവിധമാണു ക്രമീകരണങ്ങൾ നടത്തുന്നത്. തയ്യാറെടുപ്പിന്റെ ആദ്യഘട്ടത്തിൽ ചെയ്യേണ്ട കാര്യങ്ങളാണ് ഇപ്പോൾ അറിയിക്കുന്നത്. ആദ്യഘട്ടത്തിൽ വൈദികരുടെ പങ്കാളിത്തം എപ്രകാരമെന്നു താഴെചേർക്കുന്നു. ആദ്യഘട്ടത്തിൽ നമ്മുടെ ചിന്തകളെയും വിലയിരുത്തലുകളെയും സഹായിക്കുവാൻ കൗൺസിൽ പ്രമാണരേഖകളിൽ ചിലതും കൗൺസിലിനുശേഷം നൽകപ്പെട്ടിട്ടുള്ള ഏതാനും പ്രബോധനങ്ങളും തിരഞ്ഞെടുക്കുകയാണ്.

**1.** താഴെ നിർദ്ദേശിച്ചിരിക്കുന്നപ്രകാരം **എല്ലാ വൈദികരും** സഭാപ്രബോധനങ്ങൾ വ്യക്തിപരമായി വായിച്ചു ഉള്ളടക്കം മനസ്സിലാക്കി ഓരോ പ്രബോധനത്തിലും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കണ്ടെത്തുന്ന 10 കാര്യങ്ങൾ രേഖാമൂലം ഫൊറോനാ വൈദിക കോൺഫറൻസിൽ സമർപ്പിക്കുക. ഫൊറോനാ വൈദികസമിതി ഫൊറോനാ വികാരിയുടെ നേതൃത്വത്തിൽ സമ്മേളിച്ചു വൈദികർ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ വിലയിരുത്തുകയും ഏറ്റവും പ്രധാനപ്പെട്ടവ എന്നു വൈദികസമിതി നിശ്ചയിക്കുന്ന 10 കാര്യങ്ങൾ മഹായോഗ നടത്തിപ്പിന്റെ ഉന്നതസമിതിയെ ജൂലൈ 15 നു മുമ്പ് ഏല്പിക്കുകയും ചെയ്യുക. അതിരൂപതയിലെ 16 ഫൊറോനകളെ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം 4 സോണുകളായി തിരിക്കുന്നു. ഓരോ സോണിലെയും ഫൊറോനാകൾ പഠനവിധേയമാക്കേണ്ട പ്രബോധനങ്ങൾ ഏവയെന്നും കൊടുത്തിരിക്കുന്നു. അതനുസരിച്ചു മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ മഹായോഗത്തിന്റെ ആദ്യഘട്ട തയ്യാറെടുപ്പിൽ വൈദികർ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

| സോണുകൾ | ഫൊറോനകൾ | പ്രമാണരേഖകൾ |
|---|---|---|
| സോൺ ഒന്ന് | ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി,കുറുമ്പനാടം, നെടുംങ്കുന്നം, മണിമല | തിരുസ്സഭ, വൈദികർ, സഭ ആധുനിക ലോകത്തിൽ, സുവിശേഷത്തിന്റെ ആനന്ദം (ഫ്രാൻസിസ് പാപ്പാ) |
| സോൺ രണ്ട് | അതിരമ്പുഴ, കുടമാളൂർ, കോട്ടയം | ദൈവാവിഷ്ക്കരണം, ആരാധനക്രമം, പൗരസ്ത്യസഭകൾ, സ്നേഹത്തിന്റെ സന്തോഷം (ഫ്രാൻസിസ് പാപ്പാ) |

| | | |
|---|---|---|
| സോൺ മൂന്ന് | ആലപ്പുഴ, ചമ്പക്കുളം, എടത്വ, പുളിങ്കുന്ന് | ആരാധനക്രമം, പ്രേക്ഷിത പ്രവർത്തനം, സഭ ആധുനിക ലോകത്തിൽ, സുവിശേഷത്തിന്റെ ആനന്ദം (ഫ്രാൻസിസ് പാപ്പാ) |
| സോൺ നാല് | തിരുവനന്തപുരം, അമ്പൂരി, ആയൂർ-കൊല്ലം | പൗരസ്ത്യസഭകൾ, സഭൈക്യം, വൈദികർ, പ്രേഷിത പ്രവർത്തനം, ക്രിസ്തു ജീവിക്കുന്നു (ഫ്രാൻസിസ് പാപ്പാ) |

**2.** ഇവയ്ക്കുപുറമേ **സ്കൂൾ, കോളേജു തലങ്ങളിൽ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന വൈദികർ** താഴെപ്പറയുന്ന പ്രമാണ രേഖകൾ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ പഠനവിധേയമാക്കി വൈദിക സമ്മേളനങ്ങളിൽ സംബന്ധിച്ചു സമർപ്പിക്കേണ്ടതാണ്.

**പ്രമാണരേഖകൾ: ക്രൈസ്തവ വിദ്യാഭ്യാസം, അക്രൈസ്തവമതങ്ങൾ,** ഫ്രാൻസിസ് പാപ്പായുടെ **സുവിശേഷത്തിന്റെ ആനന്ദം.**

**3. മാധ്യമരംഗത്തു പ്രവർത്തിക്കുന്ന വൈദികർ** ഈ രംഗത്ത് പ്രവർത്തിക്കുന്ന അതിരൂപത അംഗങ്ങളായ പ്രമുഖ മാധ്യമ പ്രവർത്തകരെക്കൂടി സംഘടിപ്പിച്ച് **സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ, മതസ്വാതന്ത്ര്യം, സഭ ആധുനിക ലോകത്തിൽ** എന്നീ കൗൺസിൽ പ്രമാണ രേഖകൾ മാധ്യമങ്ങളെ സംബന്ധിച്ചു പിന്നീടു സഭ നൽകിയിട്ടുള്ള ഔദ്യോഗിക പ്രബോധനങ്ങളും പഠിച്ച് ഓരോ വിഷയത്തിലും നമ്മൾ പ്രാധാന്യം കൊടുക്കേണ്ട കാര്യങ്ങൾ കണ്ടെത്തി ജൂലൈ 15 നു മുമ്പു സമർപ്പിക്കേണ്ടതാണ്. മീഡിയാ വില്ലേജ് ഇക്കാര്യത്തിൽ നേതൃത്വം കൊടുക്കേണ്ടതാണ്.

**4. മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദികാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരുന്ന വൈദികരും** മറ്റുള്ളവരും **വൈദികർ, വൈദിക പരിശീലനം,** ഫ്രാൻസിസ് പാപ്പായുടെ **സുവിശേഷത്തിന്റെ ആനന്ദം** എന്നീ ശ്ലൈഹിക പ്രബോധനങ്ങൾ പഠിച്ച് അവയിൽ നിന്നും ഏറ്റവും പ്രധാനപ്പെട്ട 10 കാര്യങ്ങൾവീതം കണ്ടെത്തി ജൂലൈ 15നു മുമ്പ് സമർപ്പിക്കേണ്ടതാണ്.

**5. അതിരൂപതയുടെ പ്രേക്ഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ പങ്കാളിത്തം.**

അതിരൂപതയുടെ മിഷൻ രംഗങ്ങളായ ഇറ്റാവാ, ജയ്പൂർ, വിരുതു നഗർ എന്നിവിടങ്ങളിൽ സേവനം ചെയ്യുന്ന വൈദികർ താഴെപ്പറയുന്ന രീതിയിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു. **പൗരസ്ത്യ സഭകൾ, പ്രേഷിത പ്രവർത്തനം, അക്രൈസ്തവമതങ്ങൾ** എന്നീ പ്രബോധനങ്ങൾ വായിച്ചു പഠിച്ച് ഓരോന്നിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കരുതുന്ന കാര്യങ്ങൾ രേഖപ്പെടുത്തി ജൂലൈ 15ന് മുമ്പു സമർപ്പിക്കുക.

**6. വിവിധ രാജ്യങ്ങളിൽ അജപാലനശുശ്രൂഷയിൽ ആയിരിക്കുന്ന വൈദികരുടെ പങ്കാളിത്തം.**

**പൗരസ്ത്യസഭകൾ, വൈദികർ, സഭ ആധുനിക ലോകത്തിൽ** എന്നിവയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രബോധനങ്ങൾ ഏവയെന്നു കണ്ടെത്തി ജൂലൈ 15നു മുമ്പു സമർപ്പിക്കുക.

**7. സഭാശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്ന വൈദികരുടെ പങ്കാളിത്തം.**

**ലിറ്റർജി, പൗരസ്ത്യസഭകൾ, വൈദികർ, മെത്രാന്മാർ** എന്നീ വിഷയങ്ങളിൽ വത്തിക്കാൻ കൗൺസിലിനുശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള സഭാ പ്രബോധനങ്ങളിലെ മുഖ്യ ആശയങ്ങൾ ഏവയെന്നു കണ്ടെത്തി ജൂലൈ 15നു മുമ്പു സമർപ്പിക്കുക.

**8. ആശുപത്രികൾ, കെയർ ഹോംസ് തുടങ്ങിയ മേഖലകളിലെ അജപാലനശുശ്രൂഷ സംബന്ധിച്ചും, സാമൂഹ്യസേവനം, തൊഴിൽ മേഖല, രാഷ്ട്രീയപ്രവർത്തനം ഇവയെ സംബന്ധിച്ചും ഈ മേഖലകളിൽ നേതൃത്വം കൊടുക്കുന്ന വൈദികരുൾപ്പെടെയുള്ളവരും (Hospitals, Care Homes, CHASS, KLM) PRO ഉം ജാഗ്രതാവേദിയും ചേർന്നു സുവിശേഷത്തിന് ആനന്ദം, സ്നേഹത്തിന്റെ സന്തോഷം** എന്നീ സഭാ പ്രബോധനങ്ങളിലെ പ്രധാന കാര്യങ്ങൾ കണ്ടെത്തി ജൂൺ 30 നു സമർപ്പിക്കുക.

**9. Theology Forum Members** രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയായ സഭ ആധുനികലോകത്തിൽ, ഫ്രാൻസിസ് പാപ്പായുടെ സുവിശേഷത്തിന്റെ ആനന്ദം, വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ രക്ഷകന്റെ മിഷൻ എന്നീ സഭാപ്രബോധനങ്ങൾ പഠിച്ച് അവയിൽ നിന്നും ഏറ്റവും പ്രധാനപ്പെട്ട 15 നിർദ്ദേശങ്ങൾ

തയ്യാറാകേണ്ടതാണ്. Theology Forum Secretary ഇതിനു നേതൃത്വം നൽകേണ്ടതാണ്. ചർച്ച ചെയ്ത് അന്തിമരൂപത്തിലാക്കിയ നിർദ്ദേശങ്ങൾ ജൂലൈ 15നു മുമ്പു അതിരൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

ഇപ്രകാരം വിവിധ വിഭാഗങ്ങളിൽനിന്നും മേഖലകളിൽനിന്നും സമാഹരിക്കുന്ന വിവരങ്ങളും നിർദ്ദേശങ്ങളും പഠിച്ചു വിലയിരുത്തിയായിരിക്കും മഹായോഗത്തിന്റെ വിശദമായ അജണ്ട തയ്യാറാക്കുന്നത്. അതിരൂപതാ കുടുംബത്തിലെ പരമാവധി അംഗങ്ങൾ ഏതെങ്കിലും വിധത്തിൽ മഹായോഗത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പിന്റെ ആദ്യഘട്ടമായ അജണ്ടാരൂപീകരണത്തിൽ പങ്കാളികളാകാൻ ഈ ക്രമീകരണം ഇടവരുത്തുന്നു. അതോടൊപ്പംതന്നെ മഹായോഗത്തിന്റെ സർവ്വപ്രധാന ലക്ഷ്യമായ ബോധവൽക്കരണം വ്യാപകമായി നടക്കുകയും ചെയ്യും.

പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

ഇതൊക്കെ ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ആദ്യം തോന്നിയേക്കാം. എന്നാൽ നിർദേശിച്ചിരിക്കുന്നതുപോലെ എല്ലാവരും സഹകരിച്ചാൽ, നമ്മുടെ അജപാലന ശുശ്രൂഷയെക്കുറിച്ചു വളരെ ആഴമായ ഉൾക്കാഴ്ചയും വ്യക്തതയും ബോധ്യവും ലഭിക്കുമെന്നതു തീർച്ചയാണ് അതു നമ്മുടെ ശുശ്രൂഷയ്ക്കു വലിയ മുതൽക്കൂട്ടും ഊർജ്ജം നൽകുന്നതുമായിരിക്കും. അതിനാൽ നിങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നു ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. കൊറോണാ പകർച്ചവ്യാധി നമ്മുടെ അജപാലന ശുശ്രൂഷയിൽ ഏൽപ്പിച്ചിരിക്കുന്ന ആഘാതത്തെ ഇപ്രകാരം നേരിടാനും കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാനും ഇതു ശക്തി പകരും. അതിനു ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

✠ **ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

## സർക്കുലർ

20 Ch. 242-319

# അതിരൂപതയിലെ സമർപ്പിത സമൂഹങ്ങൾ
## (പുരുഷന്മാരുടെയും സ്ത്രീകളുടെയും)
### മഹായോഗ നടപടികളിൽ
### പങ്കാളികളാകുന്നതു സംബന്ധിച്ച്

പ്രിയപ്പെട്ട സമർപ്പിത സഹോദരീസഹോദരന്മാരേ,

മറ്റാരേയുംകാൾ കൂടുതലായി സഭയോടു താദാത്മ്യപ്പെട്ട് സഭയോടൊത്തു ചിന്തിക്കാനും സഭയോടൊത്തു ജീവിക്കുവാനും സഭയുടെ ദൗത്യനിർവ്വഹണത്തിൽ പങ്കുചേരാനുമുള്ള ദൈവവിളിയാണു വിവിധ രൂപങ്ങളിലുള്ള സമർപ്പിത ജീവിതം. അതിനാൽത്തന്നെ സമർപ്പിതർ സഭയുടെ ആധികാരികമായ പ്രബോധനങ്ങളെക്കുറിച്ചു നല്ല അറിവുള്ളവരും അതനുസരിച്ചു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് എല്ലാവർക്കും ഉത്തമ മാതൃകകളായി പ്രശോഭിക്കുന്നവരുമാകണം. സഭയുടെ പ്രബോധനങ്ങളെ പഠനവിധേയമാക്കിക്കൊണ്ടു സഭാത്മകവും സാമൂഹികവുമായ ജീവിതത്തോടു ക്രിയാത്മകമായി പ്രതികരിക്കുവാൻ നടത്തുന്ന അഞ്ചാമത് അതിരൂപതാമഹായോഗത്തിന്റെ തയ്യാറെടുപ്പിൽ അതിരൂപതയിലെ വിവിധ സമർപ്പിതസമൂഹങ്ങൾ താഴെപ്പറയുന്നവിധം പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. വത്തിക്കാൻ കൗൺസിലിന്റെ **ആരാധനക്രമം, പൗരസ്ത്യസഭകൾ, സന്ന്യാസജീവിതം, സഭ ആധുനിക ലോകത്തിൽ** എന്നീ പ്രമാണരേഖകൾ **എല്ലാ സമർപ്പിത സമൂഹങ്ങളും** പഠനവിധേയമാക്കേണ്ടതാണ്. ഓരോ പ്രമാണരേഖയിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കണ്ടെത്തുന്ന കാര്യങ്ങൾ ജൂലൈ-15-നു മുമ്പ് അതിരൂപതാകേന്ദ്രത്തിലെ മഹായോഗ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

2. സമർപ്പിത ജീവിതത്തെക്കുറിച്ച് വത്തിക്കാൻ കൗൺസിലിനുശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള സഭാപ്രബോധനങ്ങളും പ്രത്യേകിച്ചു **സുവിശേഷത്തിന്റെ ആനന്ദവും, സമർപ്പിത ജീവിതവും (Vita Consecrata), ആനന്ദിച്ചാഹ്ലാദിക്കുവിനും** പഠിച്ചു പ്രധാനപ്പെട്ട പുതിയ ഉൾക്കാഴ്ചകൾ ഏവയെന്നും രേഖപ്പെടുത്തുക.

3. അംഗങ്ങൾ വ്യക്തിപരമായും, പിന്നീട് ഓരോ സമർപ്പിത ഭവനത്തിലെയും അംഗങ്ങൾ ഒരുമിച്ചും പഠിച്ചു കണ്ടെത്തുന്ന കാര്യങ്ങൾ **കോൺഗ്രിഗേഷൻ തലത്തിൽ** സമാഹരിച്ചു വിലയിരുത്തി ഓരോ കോൺഗ്രിഗേഷനും അന്തിമമായി നിശ്ചയിക്കുന്ന പ്രധാനപ്പെട്ട കണ്ടെത്തലുകളാണ് അതിരൂപതാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടത്.

4. **ഇടവക ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ മാത്രമല്ല, വിദ്യാഭ്യാസം, ആരോഗ്യരംഗം തുടങ്ങിയ ഇതരമേഖലകളിലെല്ലാം പ്രവർത്തിക്കുന്നവർ** ഈ പഠനപ്രക്രിയയിൽ താല്പര്യപൂർവ്വം പങ്കാളികളാകണമെന്നഭ്യർത്ഥിക്കുന്നു. ബന്ധപ്പെട്ട അധികാരികൾ ഇതു സംബന്ധിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എല്ലാ സമർപ്പിത ഭവനങ്ങൾക്കും നൽകി ഇക്കാര്യം വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

എല്ലാ സമർപ്പിതസമൂഹങ്ങളുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

✠ **ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

സർക്കുലർ

**20 Ch. 243-320**

# അഞ്ചാമത് അതിരൂപതാ മഹായോഗം
# വൈദികാർത്ഥികളുടെ പങ്കാളിത്തം

വൈദികാർത്ഥികളായ എന്റെ പ്രിയപ്പെട്ട കുഞ്ഞു സഹോദര ന്മാരേ,

നിങ്ങൾക്കെല്ലാവർക്കും സൗഖ്യമല്ലേ? അസാധാരണമായ ഒരു സ്ഥിതിവിശേഷത്തിലാണു നാമെല്ലാവരും. ഈ അവധിക്കാലം നിങ്ങളുടെ ജീവിതത്തിൽ എന്നും സ്മരിക്കപ്പെടുന്ന ഒന്നാകുമെന്നതിനു സംശയമില്ല. അവധിക്കാലത്തേയ്ക്കായി പല പദ്ധതികളും ആസൂത്രണം ചെയ്ത്, വലിയ പ്രതീക്ഷയോടും ആവേശത്തോടുംകൂടിയായിരുന്നിരിക്കാം സെമിനാരികളിൽനിന്നു പിരിഞ്ഞത്. മിഷൻസെമിനാരികളിൽ പഠിക്കുന്ന മിക്കവർക്കും അവധിക്കു വീട്ടിലേക്കു പോകാൻപോലും സാധിച്ചിട്ടില്ല. ഈ സാഹചര്യത്തെ പക്വതയോടും ഫലപ്രദമായും നേരിടുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇപ്പോൾ പ്രധാനപ്പെട്ട കാര്യം. അവധിക്കാലത്തെ പൊതുപരിപാടികളൊന്നും നടത്താൻ സാധ്യതയില്ലല്ലോ.

പള്ളിയിൽപോലും പോകാൻ സാധിക്കാതെ ഏറെ ദിവസങ്ങൾ വീട്ടിൽത്തന്നെ കഴിയേണ്ടിവരുന്നതു വിരസത സൃഷ്ടിച്ചേക്കാം. വിരസത മാറ്റാൻ പലകാര്യങ്ങളിലും ഏർപ്പെട്ടെന്നുവരാം. അവിടെയാണു നമ്മൾ സൂക്ഷിക്കേണ്ടത്. ഓരോരുത്തരും അവരവരുടേതായ ഓരോ ലോകം സൃഷ്ടിച്ച് ഇഷ്ടമുള്ളതെല്ലാം ചെയ്യാൻ ശ്രമിച്ചാൽ അപകടം സംഭവിക്കാം. അതുകൊണ്ടു പ്രിയ മക്കളേ, നിങ്ങളുടെ ദൈവവിളിക്കുചേരാത്തതും അതിനെ അവഗണിക്കുന്നതുമായ ഒരു കാര്യത്തിലും നിങ്ങൾ ഏർപ്പെടരുതെന്നു ഏറ്റവും സ്നേഹത്തോടെ നിങ്ങളെ ഞാൻ ഓർമ്മിപ്പിക്കുന്നു. അതിനുവേണ്ട വിശുദ്ധിയും

വിവേകവും നിങ്ങൾക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. വീട്ടിൽ നിങ്ങളുടെ സാന്നിദ്ധ്യം വീടിന് ഒരനുഗ്രഹമാകണം. സെമിനാരിയിൽ നിങ്ങൾക്കു ലഭിച്ച ശിക്ഷണവും ചൈതന്യവും നിങ്ങളുടെ കുടുംബങ്ങളെ സഭയോടു കൂടുതൽ ബന്ധിപ്പിക്കാൻ പ്രയോജനപ്പെടുത്തണം. നമ്മുടെ കുടുംബങ്ങൾ ഗാർഹികസഭകളാണല്ലോ. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള പ്രാർത്ഥനയും പ്രവൃത്തികളും ഭക്ഷണവും സംഭാഷണങ്ങളും കുടുംബജീവിതത്തിന്റെ വിശുദ്ധിയും ആസ്വാദ്യതയും വളർത്താൻ ഉപകരിക്കും. ഇക്കാര്യത്തിൽ നിങ്ങൾക്കു പ്രചോദനാത്മകമായ ഒരു പങ്കുവഹിക്കാൻ കഴിയും. സഭയോടൊത്തു ചിന്തിക്കാനും ചിന്തിപ്പിക്കാനും, പ്രാർത്ഥിക്കാനും പ്രാർത്ഥിപ്പിക്കാനും നിങ്ങൾക്കു കുറേയെങ്കിലും സാധിക്കും. ആ അവസരം നഷ്ടപ്പെടുത്തരുത്.

കൊറോണാ വൈറസ് മൂലമുണ്ടായിരിക്കുന്ന മഹാവ്യാധി ഏറ്റവും ശക്തരായ രാജ്യങ്ങളെയാണ് ഏറ്റവും കൂടുതൽ ആക്രമിച്ചു തളർത്തിയിരിക്കുന്നത്. മനുഷ്യൻ അവന്റെ പരിമിതികൾ തിരിച്ചറിഞ്ഞ്, തെറ്റുകൾ തിരുത്തി, ദൈവത്തിലേക്കു തിരിയുവാൻ ഈ മഹാമാരി ഒരു നിമിത്തമാകാൻ ഇടയാകട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം. നിങ്ങളുടെ ദൈവവിളി വളർത്താനും അതേക്കുറിച്ചു കൂടുതൽ ബോധ്യങ്ങൾ ലഭിക്കാനും സഹായിക്കുന്ന നല്ല വായനയ്ക്കും പരിചിന്തനത്തിനും പ്രിയമക്കളേ, നിങ്ങൾ കുറച്ചു സമയം മാറ്റിവയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

**അതിരൂപതാമഹായോഗം : വൈദികാർത്ഥികളുടെ പങ്കാളിത്തം**

ഒരു പ്രത്യേക കാര്യംകൂടി നിങ്ങളെ അറിയിക്കാനാണ് ഈ കത്ത്. നമ്മുടെ അതിരൂപതയുടെ അഞ്ചാമതുമഹായോഗം (Archeparchial Assembly) ഈ വർഷം ഡിസംബറിൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. മഹായോഗത്തിനുള്ള തയ്യാറെടുപ്പിൽ അതിരൂപതയിലെ വൈദികാർത്ഥികളായ നിങ്ങളുടെയും സജീവവും ക്രിയാത്മകവുമായ പങ്കാളിത്തം ഉണ്ടാകണമെന്നും നിങ്ങളുടെ യുവത്വത്തിന്റെ പ്രസരിപ്പും സർഗ്ഗാത്മകതയും മഹായോഗത്തിന്റെ പരിചിന്തനങ്ങൾക്ക് ഊർജ്ജം പകരണമെന്നും, അവയുടെ സത്ഫലങ്ങൾ നിങ്ങൾക്കും വഴികാട്ടിയാകണമെന്നും ഞാനാഗ്രഹിക്കുന്നു.

മഹായോഗത്തിന്റെ തയ്യാറെടുപ്പിൽ നിങ്ങളുടെ പങ്കാളിത്തം എങ്ങനെയായിരിക്കണമെന്നതു സംബന്ധിച്ചു ചില കാര്യങ്ങൾ

അറിയിക്കുകയാണ്. **ക്രിസ്തീയ വിളി : സഭയിലും സമൂഹത്തിലും** എന്നതാണു മഹായോഗത്തിന്റെ മുഖ്യപരിചിന്തനവിഷയം. സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനും സഭയുടെ ദൗത്യത്തിൽ പങ്കുചേരാനും ഓരോ വിശ്വാസിയും കടപ്പെട്ടിരിക്കുന്നു. സഭയുടേതിൽനിന്നു വ്യത്യസ്തമായ ഒരു ദൈവവിളി സഭാമക്കൾക്കില്ല. സഭ അവളുടെ ദൈവവിളി കൃത്യമായി കണ്ടെത്താനും അതു വിശ്വസ്തതയോടെ നിറവേറ്റാനും നടത്തിയ പരിശ്രമങ്ങളുടെ ഫലമാണു സഭയുടെ എക്കാലത്തെയും പ്രബോധനങ്ങൾ. ഒരുക്കത്തിന്റെ ആദ്യഘട്ടത്തിൽ സഭയുടെ ഏതാനും പ്രബോധനങ്ങൾ നാം പഠനവിഷയമാക്കുകയാണ്. വൈദികാർത്ഥികളായ നിങ്ങളെല്ലാവരുടെയും സജീവവും സമയബന്ധിതവുമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണമെന്നു സ്നേഹപൂർവ്വം നിങ്ങളെ അറിയിക്കുന്നു.

**മഹായോഗത്തിന്റെ തയ്യാറെടുപ്പിൽ നിങ്ങളുടെ പങ്കാളിത്തം**

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ **വൈദിക പരിശീലനം** (OT), **പ്രേഷിതപ്രവർത്തനം** (AG) **സഭ ആധുനിക ലോകത്തിൽ** (GS), എന്നിവയുടെ ഉള്ളടക്കം പരിശോധിച്ച് ഓരോന്നിലും നമ്മൾ മുൻഗണനന കൊടുക്കണം എന്നു നിങ്ങൾ ആഗ്രഹിക്കുന്ന 10 കാര്യങ്ങൾ കണ്ടെത്തുക. കൂടാതെ, ഇടയശുശ്രൂഷയെക്കുറിച്ചുള്ള വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ **Pastores Dabo Vobis** എന്ന ശ്ലൈഹികപ്രബോധനം വായിച്ച് അതിലെ മുഖ്യ ആശയങ്ങൾ രേഖപ്പെടുത്തുക.

ഓരോരുത്തരും മേൽപ്പറഞ്ഞ പ്രമാണരേഖകൾ വായിച്ചു വ്യക്തിപരമായി ബോദ്ധ്യപ്പെട്ടു നൽകുന്നവയായിരിക്കണം നിങ്ങളുടെ നിർദേശങ്ങൾ. തത്ത്വശാസ്ത്ര, ദൈവശാസ്ത്ര വൈദികാർത്ഥികളും റീജൻസിക്കാരുമാണു മുകളിൽ പറഞ്ഞ രീതിയിൽ പങ്കാളികളാകേണ്ടത്. നിങ്ങൾ ബാച്ചടിസ്ഥാനത്തിൽ സമ്മേളിച്ച് ഓരോരുത്തരും തയ്യാറാക്കുന്ന നിർദേശങ്ങൾ ബാച്ചുലീഡറിന്റെ നേതൃത്വത്തിൽ പൊതുവായി ചർച്ചചെയ്തു വിലയിരുത്തുകയും ഓരോ പ്രബോധനത്തിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു നിശ്ചയിക്കുന്ന 10 കാര്യങ്ങൾ മുൻഗണനയനുസരിച്ചു രേഖപ്പെടുത്തി, ജൂൺ 15-നു മുമ്പു പെരിയ ബഹുമാനപ്പട്ട പാടിയത്തച്ചനെ ഏല്പിക്കേണ്ടതുമാണ്. അതോടൊപ്പം ഓരോരുത്തരും വ്യക്തിപരമായി തയ്യാറാക്കിയിട്ടുള്ളവയും ബാച്ചുലീഡറിന്റെ ഉത്തരവാദിത്വത്തിൽ അച്ചനെ ഏല്പിക്കേണ്ടതാണ്.

**നാലാംവർഷ വൈദികാർത്ഥികൾ ആരാധനക്രമം** (SC), **പൗരസ്ത്യസഭകൾ, വൈദികപരിശീലനം** എന്നീ മൂന്നു പ്രമാണ രേഖകളും ഫ്രാൻസിസ് പാപ്പായുടെ **സുവിശേഷത്തിന്റെ ആനന്ദം** എന്ന ശ്ലൈഹികപ്രബോധനവും വായിച്ച്, ഓരോന്നിലും നമ്മൾ ഏറ്റവുംകൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാണെന്നു കണ്ടെത്തുന്ന 10 കാര്യങ്ങൾ മുൻഗണനയനുസരിച്ച് എഴുതി തയ്യാറാക്കി മുകളിൽ കൊടുത്തിരിക്കുന്നപ്രകാരം ബഹു. പാടിയത്തച്ചനെ ഏല്പിക്കേണ്ടതാണ്. അതായത് ഓരോരുത്തരുടെയും വ്യക്തിപരമായ നിർദ്ദേശങ്ങളും ബാച്ചിന്റെ പൊതുവായ നിർദ്ദേശങ്ങളും ജൂൺ 15-നു മുമ്പ് ഏല്പിച്ചിരിക്കണം.

പ്രിയപ്പെട്ട സഹോദരന്മാരേ, ഇതൊരു ഭാരമാണെന്നു നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ കൃത്യതയോടും താല്പര്യത്തോടുംകൂടി ചെയ്താൽ, ജീവിതകാലം മുഴുവൻ നിങ്ങൾക്കിതു പ്രയോജനപ്പെടും. നിങ്ങളുടെ അദ്ധ്വാനത്തിനും ത്യാഗത്തിനും നിങ്ങൾക്കു ലഭിക്കുന്ന പ്രതിഫലം സഭയെക്കുറിച്ചും നിങ്ങളുടെ ദൈവവിളിയെക്കുറിച്ചും നിങ്ങൾക്കു ലഭിക്കുന്ന ആഴമായ ബോദ്ധ്യമായിരിക്കും. അതു നിങ്ങളെ ശരിയായ പാതയിൽ നയിക്കും.

കോവിഡ്-19 വൈറസ്മൂലം സംജാതമായിരിക്കുന്ന നിശ്ചലാവസ്ഥയെ ഇപ്രകാരം ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ എല്ലാ സെമിനാരിവിദ്യാർത്ഥികളും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നു സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എന്റെ പ്രാർത്ഥനയിൽ നിങ്ങളെല്ലാവരും ഉണ്ടായിരിക്കും. നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും ഈശോ അനുഗ്രഹിച്ചാശീർവ്വദിക്കട്ടെ.

സ്നേഹത്തോടെ,

**നിങ്ങളുടെ പെരുന്തോട്ടം പിതാവ്**

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

## സർക്കുലർ

20 Ch. 244-321

# അതിരൂപതാ മഹായോഗം
## തയ്യാറെടുപ്പിൽ അല്മായരുടെയും വിവിധ പ്രസ്ഥാനങ്ങളുടെയും പങ്ക്

പ്രിയപ്പെട്ട സഹോദരങ്ങളേ,

അടുത്ത ഡിസംബറിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന അതിരൂപതാമഹായോഗത്തോടു ബന്ധപ്പെട്ട കാര്യങ്ങളിൽ അതിരൂപതാ കുടുംബം മുഴുവന്റെയും കഴിയുന്നത്ര പങ്കാളിത്തം ഉണ്ടാകണമെന്നാണാഗ്രഹിക്കുന്നത്. മഹായോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യം ക്രിസ്തീയജീവിതത്തിന്, സഭയിലും സമൂഹത്തിലും, ഇക്കാലഘട്ടത്തിൽ ഫലപ്രദമായ സാക്ഷ്യം നൽകുക എന്നതാണ്. ഈ വിളിയോടും ദൗത്യത്തോടും ക്രിയാത്മകമായി പ്രതികരിക്കുന്നതിനു സഭയുടെ ആധികാരിക പ്രബോധനങ്ങൾ നമ്മൾ പഠനവിഷയമാക്കുന്നു. സഭയിലും സമൂഹത്തിലും എല്ലാ മേഖലകളിലും പ്രവർത്തനനിരതരായിരിക്കുന്ന അല്മായ സഭാമക്കൾക്ക് ഇക്കാര്യത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കാനുണ്ട്. അതു നിങ്ങൾ ആത്മാർത്ഥമായി നിർവ്വഹിക്കണമെന്നു ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. മഹായോഗത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിൽ താഴെപ്പറയുന്നവിധം നിങ്ങൾ പങ്കാളികളാകണമെന്നു താല്പര്യപ്പെടുന്നു.

1. ഫ്രാൻസിസ് പാപ്പായുടെ **സ്നേഹത്തിന്റെ സന്തോഷം, സത്യത്തിൽ സ്നേഹം** എന്നീ ശ്ലൈഹിക ലേഖനങ്ങളും, വത്തിക്കാൻ കൗൺസിലിന്റെ **അല്മായ പ്രേഷിതത്വം** എന്ന പ്രമാണരേഖയും താഴെപ്പറയുന്ന എല്ലാ വിഭാഗങ്ങളും വായിച്ചു പഠിക്കേണ്ടതാണ്.

2. **അതിരൂപതയിലെ ഓരോ ഇടവകയിലെയും പ്രതിനിധി യോഗാംഗങ്ങളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തകരും** മേൽപ്പറഞ്ഞ മൂന്നു രേഖകളിലേയും ഉള്ളടക്കം ശരിയായി

മനസ്സിലാക്കി, ഓരോന്നിലെയും ഏറ്റവും പ്രധാനപ്പെട്ടതായി നിങ്ങൾ വിലയിരുത്തുന്ന 10 കാര്യങ്ങൾ എഴുതിത്തയ്യാറാക്കി ഫൊറോനാ കൗൺസിലിൽ ഏല്പിക്കുക. ഇതിനുള്ള ഫലപ്രദമായ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്. അതിനായി വികാരിയച്ചന്റെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ സെക്രട്ടറി, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, കുടുംബക്കൂട്ടായ്മകളുടെ കൺവീനർ, വിവിധ സംഘടനകളുടെ പ്രസിഡന്റുമാർ എന്നിവരുൾക്കൊള്ളുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

3. ജൂൺ മാസത്തിൽ എല്ലാ ഫൊറോനാകളിലും **ഫൊറോനാ കൗൺസിൽ** ചേർന്ന് ഇടവകകളിൽനിന്നുള്ള പഠനഫലങ്ങൾ ചർച്ചചെയ്ത്, മുകളിൽ പറഞ്ഞിരിക്കുന്ന മൂന്നു പ്രബോധനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയെന്നു ഫൊറോനാ കൗൺസിൽ നിശ്ചയിക്കുന്ന 10 കാര്യങ്ങൾവീതം ജൂലൈ 15-നു മുമ്പ് അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

4. അതിരൂപതയിൽ **വിശ്വാസപരിശീലകരായ എല്ലാ മതാദ്ധ്യാപകരും** മേൽപ്പറഞ്ഞ മൂന്നു രേഖകളും പഠനവിധേയമാക്കണം. അവ കൂടാതെ **മതബോധനം ഇന്ന്** എന്ന ശ്ലൈഹികപ്രബോധനവും അവർ വായിച്ചു മനസ്സിലാക്കേണ്ടതാണ്. അവരും ഓരോ രേഖയിലെയും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഏവയെന്നു തിട്ടപ്പെടുത്തി ജൂലൈ 15-നു മുമ്പ് അതിരൂപതാ മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

   **മതബോധനത്തിന്റെ ഉന്നതസമിതി** അവ പഠിച്ച്, ഓരോ പ്രബോധനത്തിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കരുതുന്ന 10 കാര്യങ്ങൾ തിട്ടപ്പെടുത്തി മഹായോഗ കേന്ദ്രഓഫീസിൽ ജൂലൈ 15-നു മുമ്പ് ഏല്പിക്കേണ്ടതാണ്. പഠനപ്രക്രിയയിൽ എല്ലാ മതാദ്ധ്യാപകരും പങ്കാളികളാകത്തക്കവിധം ആവശ്യമായ ക്രമീകരണങ്ങൾ അതിരൂപതാ മതബോധന ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്.

5. **ചെറുപുഷ്പമിഷൻലീഗുമായി** ബന്ധപ്പെട്ടു പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുന്ന എല്ലാ മതാദ്ധ്യാപകരും **പ്രേഷിതപ്രവർത്തനം** എന്ന പ്രമാണരേഖ പഠനവിധേയമാക്കുകയും അതിലെ ഏറ്റവും പ്രധാനപ്പെട്ട 10 കാര്യങ്ങൾ തിട്ടപ്പെടുത്തി സമർപ്പിക്കുകയും ചെയ്യണം.

CML-ന്റെ അതിരൂപതാ ഡയറക്ടറച്ചൻ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

6. **കത്തോലിക്കാ കോൺഗ്രസ്സിലെ** അംഗങ്ങൾ **അല്മായപ്രേഷിതത്വം, സഭ ആധുനിക ലോകത്തിൽ** എന്നീ പ്രമാണരേഖകൾ പ്രത്യേകം പഠനവിധേയമാക്കുകയും ഓരോന്നിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കരുതുന്ന 10 കാര്യങ്ങൾ നിശ്ചയിച്ചു ജൂലൈ 15-നു മുമ്പു അതിരൂപതാകേന്ദ്ര ഓഫീസിൽ ഏല്പിക്കുകയും ചെയ്യണം. കത്തോലിക്കാ കോൺഗ്രസ്സിന്റെ അതിരൂപതാ ഡയറക്ടറച്ചന്റെയും അതിരൂപതാ പ്രസിഡന്റിന്റെയും നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

7. **വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന അതിരൂപതാംഗങ്ങളായ അദ്ധ്യാപകരും** മറ്റു വിദ്യാഭ്യാസ പ്രവർത്തകരും വത്തിക്കാൻ കൗൺസിലിന്റെ **അല്മായ പ്രേഷിതത്വം, വിദ്യാഭ്യാസം** എന്നീ പ്രമാണരേഖകളും ഫ്രാൻസിസ് പാപ്പായുടെ **സ്നേഹത്തിന്റെ സന്തോഷം** എന്ന ശ്ലൈഹികപ്രബോധനവും പരിശോധിച്ച് ഓരോന്നിലും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കണ്ടെത്തുന്ന കാര്യങ്ങൾ രേഖാമൂലം തയ്യാറാക്കി അതിരൂപതാകേന്ദ്രത്തിൽ ജൂലൈ 15-നു മുമ്പു ഏല്പിക്കേണ്ടതാണ്. **അതിരൂപതാ പൊതുവിദ്യാഭ്യാസവകുപ്പും ഉന്നതവിദ്യാഭ്യാസവകുപ്പും** (Higher Education) ചേർന്നു ഇതിന്റെ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

8. **അതിരൂപതാ പാസ്റ്ററൽ കൗൺസിലിലെ വിവിധ കമ്മിറ്റികൾ** ഓരോന്നും അതിന്റെ പരിധിയിൽവരുന്ന പ്രസ്ഥാനങ്ങൾക്കു പഠനത്തിനായി നൽകിയിരിക്കുന്ന പ്രബോധനരേഖകളെക്കുറിച്ചുള്ള പഠനഫലങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റൽ ഉന്നതസമിതിയുമൊത്തു പഠിച്ചു വിലയിരുത്തി ഓരോന്നിലെയും എറ്റവും പ്രധാനപ്പെട്ട പ്രബോധനങ്ങൾ ഏവയെന്നു തിട്ടപ്പെടുത്തി മഹായോഗ ഉന്നതസമിതിയെ ഏല്പിക്കേണ്ടതാണ്.


9. നമ്മുടെ അതിരൂപതയിലെ **യുവജനങ്ങൾ, യുവദീപ്തിയിൽ അംഗങ്ങളായവരും അല്ലാത്തവരും**, ഫ്രാൻസിസ് പാപ്പായുടെ ശ്ലൈഹികപ്രബോധനങ്ങളായ **ക്രിസ്തു ജീവിക്കുന്നു, സ്നേഹത്തിന്റെ സന്തോഷം** എന്നിവ പഠിച്ച് അവയിൽനിന്നും മഹായോഗത്തിന്റെ ചർച്ചകൾക്കാവശ്യമായ 10 നിർദ്ദേശങ്ങൾ യുവദീപ്തി ഡയറക്ടറച്ചൻവഴി അതിരൂപതാ

കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. ഇടവകതലത്തിലും ഫൊറോനാതലത്തിലും ചർച്ച ചെയ്തതിനുശേഷമായിരിക്കണം ഫൊറോനാസമിതിയുടെ നേതൃത്വത്തിൽ നിങ്ങളുടെ നിർദ്ദേശങ്ങൾ അതിരൂപതാസമിതിയെ ഏല്പിക്കേണ്ടത്. ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തുന്ന അതിരൂപതാസമിതിയുടെ പഠനത്തിന്റെയും ചർച്ചകളുടെയും ഫലമാണ് അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടത്. ജൂലൈ 15-നു മുമ്പു ഈ പ്രക്രിയകൾ പൂർത്തിയാക്കണം.

10. അതിരൂപതാ മഹായോഗത്തിനൊരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും **ഓരോ കുടുംബക്കൂട്ടായ്മകളിലും** ഫ്രാൻസിസ് പാപ്പായുടെ **സ്നേഹത്തിന്റെ സന്തോഷം**, ബെനഡിക്ട് പാപ്പായുടെ **സത്യത്തിൽ സ്നേഹം** എന്നീ ശ്ലൈഹിക പ്രബോധനങ്ങൾ പഠനവിധേയമാക്കണമെന്നും, അവയുടെ ഉള്ളടക്കം ശരിയായി മനസ്സിലാക്കി ഓരോന്നിലും ഏറ്റവും പ്രധാനപ്പെട്ടവയെന്നു കണ്ടെത്തുന്ന 10 കാര്യങ്ങൾ രേഖപ്പെടുത്തി അതിരൂപതാ കുടുംബക്കൂട്ടായ്മാ ഓഫീസിൽ ജൂലൈ-15 നു മുമ്പ് എത്തിക്കണമെന്നും അറിയിക്കുന്നു. കുടുംബക്കൂട്ടായ്മകളുടെ അതിരൂപതാ ഡയറക്ടറച്ചൻ അതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും ഇടവകതലത്തിൽ ഈ പഠനം ഫലപ്രദമായി നടത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണ്. നിങ്ങളെല്ലാവരുടെയും സജീവമായ സഹകരണം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

പ്രിയപ്പെട്ടവരേ, നമ്മുടെ അതിരൂപതയാകുന്ന കുടുംബത്തിന്റെ സഭാത്മകമായ കൂട്ടായ്മയുടെയും പരസ്പരബന്ധത്തിന്റെയും പ്രതീകമാണു മഹായോഗം. അതിന്റെ വിജയത്തിനു നിങ്ങളെല്ലാവരുടെയും സജീവവും ഉത്സാഹപൂർണ്ണവുമായ സഹകരണം ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



✠ **ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

## സർക്കുലർ

**20 Ch. 245-322**

# ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ സഭയുടെ പ്രവാസിമക്കൾക്ക് സ്നേഹപൂർവ്വമായ അഭിവാദനങ്ങൾ !

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,

പ്രവാസികളായ നിങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ ഓർമ്മയിൽ വരുന്ന ഒരു ബൈബിൾവാക്യം ഇതാണ്: 'റൂഹാദ്കൂദ്ശാ നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ഓർശ്ലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും' (ശ്ലീഹ.നട. 1:8).

തോമ്മാശ്ലീഹായിലുടെ ഭാരതത്തിനു ലഭിച്ച വിശ്വാസവെളിച്ചം സീറോമലബാർ സഭയിലൂടെ ഇന്നു ലോകത്തിന്റെ അതിർത്തികളിലും എത്തിയിരിക്കുന്നു. സഭയുടെ പ്രവാസിമക്കളിലൂടെയാണു പ്രധാനമായും അതു സാധിതമായിരിക്കുന്നത്. ലോകത്തിന്റെ പ്രകാശമായ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ട്, ആയിരിക്കുന്ന സ്ഥലങ്ങളിൽ സത്യത്തിന്റെയും സ്നേഹത്തിന്റെയും പ്രകാശം പരത്താൻ നിങ്ങൾക്കെന്നും സാധിക്കട്ടെ.

നമ്മുടെ സഭയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധ്യതയും അനുവാദവുമില്ലാത്ത പ്രദേശങ്ങളിൽ, പ്രത്യേകിച്ചു ഗൾഫ് രാജ്യങ്ങളിൽ, പ്രവാസികളായ അല്മായരിലൂടെയാണു നമ്മുടെ സഭയുടെ സാന്നിധ്യം സാദ്ധ്യമാകുന്നത്. സീറോമലബാർ സഭയ്ക്കു സ്വന്തമായ അജപാലനസംവിധാനങ്ങൾ അസാധ്യമായിരിക്കുകയോ ഇല്ലാതായിരിക്കുകയോ ചെയ്യുന്ന പ്രദേശങ്ങളിലെ വിശ്വാസികളാണ് യഥാർത്ഥത്തിൽ സഭാപരമായ പ്രവാസാവസ്ഥയിലായിരിക്കുന്നത്. അങ്ങനെയായിരിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ പ്രവാസിസഹോദരങ്ങളെ ഒരു കാര്യം പ്രത്യേകമായി അറിയിക്കുവാനാണ് ഈ കത്ത്.

## അതിരൂപതാ മഹായോഗം

ഈ വർഷം ഡിസംബർ 16-19 തീയതികളിൽ അഞ്ചാമത് ചങ്ങനാശ്ശേരി അതിരൂപതാ മഹായോഗം (Archeparchial Assembly) നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. മഹായോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യം ക്രിസ്തീയജീവിതത്തിന്, സഭയിലും സമൂഹത്തിലും, ഇക്കാലഘട്ടത്തിൽ ഫലപ്രദമായ സാക്ഷ്യം നൽകുക എന്നതാണ്. ഈ വിളിയോടും ദൗത്യത്തോടും ക്രിയാത്മകമായി പ്രതികരിക്കുന്നതിനു സഭയുടെ ആധികാരിക പ്രബോധനങ്ങൾ നമ്മൾ പഠനവിഷയമാക്കുന്നു. അതിനുള്ള ഒരു ക്രമീകരണം മഹായോഗത്തിനുവേണ്ടിയുള്ള ഒരുക്കത്തിന്റെ ഭാഗമായി നടത്തുകയാണ്. അതിരൂപതയിൽനിന്നു മേല്പറഞ്ഞ അവസ്ഥയിൽ കഴിയുന്ന പ്രവാസികളും ഈ പഠനപ്രക്രിയയിൽ പങ്കാളികളാകണമെന്നും നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നുമാഗ്രഹിക്കുന്നു.

വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളായ **പൗരസ്ത്യ സഭകൾ, അല്മായ പ്രേഷിതത്വം** എന്നിവയും ഫ്രാൻസിസ് പാപ്പായുടെ **സ്നേഹത്തിന്റെ സന്തോഷം** എന്ന ശ്ലൈഹികപ്രബോധനവും പ്രവാസിസഹോദരങ്ങൾ പഠനവിധേയമാക്കണമെന്നും, ഓരോ രേഖയിലെയും ഏറ്റവും പ്രധാനപ്പെട്ടവയെന്നു നിങ്ങൾ കണ്ടെത്തുന്ന കാര്യങ്ങൾ മഹായോഗ ഉന്നതസമിതിക്ക് ജൂലൈ 15-നു മുമ്പ് അയച്ചുകൊടുക്കണമെന്നും താല്പര്യപ്പെടുന്നു.

തിരുസ്സഭയിൽ എല്ലാ വ്യക്തിസഭകളുടെയും തുല്യപ്രാധാന്യവും, പൗരസ്ത്യസഭാംഗങ്ങൾ ലോകത്തെവിടെയായാലും തങ്ങളുടെ സഭാപാരമ്പര്യങ്ങൾ അഭംഗുരം പാലിക്കണമെന്നും ശക്തമായി ഉദ്ബോധിപ്പിക്കുന്ന പ്രമാണരേഖയാണ് പൗരസ്ത്യസഭകളെക്കുറിച്ചുള്ളത്. അതിനാൽ ഈ പ്രമാണരേഖയുടെ ഉള്ളടക്കം പൗരസ്ത്യസഭാംഗങ്ങൾ എന്ന നിലയിൽ നാമെല്ലാവരും അറിഞ്ഞു ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്.

സഭയുടെ പ്രേഷിതദൗത്യനിർവ്വഹണത്തിൽ അല്മായരുടെ പങ്ക് അനിഷേധ്യവും അതിവിപുലവുമാണ്. ഒരുവിധത്തിൽ ചിന്തിച്ചാൽ, വിവിധ പ്രദേശങ്ങളിൽ ഔദ്യോഗികമായ സഭാസംവിധാനങ്ങൾ രൂപപ്പെടുന്നതിനു വഴിയൊരുക്കിയവരാണ് അല്മായ വിശ്വാസികൾ. പ്രതികൂല സാഹചര്യങ്ങളിലും നിങ്ങൾ കാത്തുസൂക്ഷിച്ച വിശ്വാസവും സഭാസ്നേഹവുമാണു സഭയെ ലോകത്തിന്റെ അതിർത്തികളോളം വളർത്തിയത്. സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഇത് അക്ഷരാർത്ഥത്തിൽ ശരിയാണ്. ഗൾഫ് രാജ്യങ്ങളിൽ സീറോമലബാർ സഭാംഗങ്ങളുടെ സാന്നിദ്ധ്യവും

സാക്ഷ്യവും ശക്തവും പ്രശംസനീയവുമാണ്. അതേസമയം നിങ്ങൾ നിരവധി പ്രതിസന്ധികൾ നേരിടുന്നവരുമാണ്. അവയിലൊന്നാണു നാട്ടിലേക്കു തിരിച്ചുവരേണ്ടിവന്നാൽ ഉണ്ടായേക്കാവുന്ന തൊഴിലില്ലായ്മ. കൊറോണാ വൈറസ്ബാധ ഈ പ്രശ്നം രൂക്ഷമാക്കിയിരിക്കയാണ്. ഇപ്പോഴത്തെ പ്രതിസന്ധിയിൽ നാട്ടിലേക്കു വരുന്നതിനുള്ള തടസ്സങ്ങളാണു മറ്റൊരു പ്രശ്നം. അതിരൂപതയുടെ പ്രവാസി അപ്പസ്തോലേറ്റ് കഴിയുന്നത്ര സഹായങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള വെല്ലുവിളികളുടെ നടുവിലും വിശ്വാസ സംരക്ഷണത്തിനുവേണ്ടിയുള്ള നിങ്ങളുടെ ത്യാഗനിർഭരമായ പരിശ്രമങ്ങൾ അഭിനന്ദനീയമാണ്.

എങ്കിലും എല്ലാവരും സഭയോടൊത്തു ചിന്തിക്കുന്നവരും ജീവിക്കുന്നവരുമാകണമെന്നില്ല. സഭയോടൊത്തു ചിന്തിക്കാനും ജീവിക്കാനും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാനുമുള്ള ആഹ്വാനമാണ് സഭ വിവിധ പ്രബോധനങ്ങളിലൂടെ നടത്തിയിരിക്കുന്നത്. അല്മായമക്കളുടെ കടമകളെക്കുറിച്ചുള്ള സഭാമാതാവിന്റെ സ്നേഹപൂർണ്ണമായ ആഹ്വാനമാണ് **അല്മായ പ്രേഷിതത്വം** എന്ന പ്രമാണരേഖ. **സ്നേഹത്തിന്റെ സന്തോഷം** എന്നതു കുടുംബജീവിതത്തെക്കുറിച്ചുള്ള സിനഡിനുശേഷം പാപ്പാ നൽകിയ ഔദ്യോഗിക പ്രബോധനമാണ്. ഇവയുടെ ഉള്ളടക്കം അറിഞ്ഞ് അതനുസരിച്ചു നിങ്ങൾ പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ ജീവിതം കൂടുതൽ ആധികാരികവും സഭാത്മകവുമാകും. അതിന് നിങ്ങളെ സഹായിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മഹായോഗത്തിലൂടെ നിങ്ങളുടെ മാതൃരൂപത ആഗ്രഹിക്കുന്നു. അതിനോട് നിങ്ങൾ സർവ്വാത്മനാ സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റ് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

കോവിഡ്-19 മഹാവ്യാധിയിൽ ജീവൻ നഷ്ടപ്പെട്ടവരെയും, രോഗബാധിതരെയും അവരെ ശുശ്രൂഷിക്കുന്നവരെയും ഞാൻ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു. ഈശോ നിങ്ങൾക്കു ശക്തിയും തുണയുമാകട്ടെ.

സ്നേഹപൂർവ്വം,

✠ **ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

മെയ് 1
തൊഴിലാളികളുടെ
മദ്ധ്യസ്ഥനായ മാർ യൗസേപ്പ്

## കാരിത്താസ് ചങ്ങനാശേരി

C. 20/GL 69

പ്രിയപ്പെട്ട അച്ചന്മാരേ,

ലോക്ക്ഡൗണിന്റെ നിയന്ത്രണങ്ങളിൽ കഴിയുമ്പോഴും കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന എല്ലാവർക്കും നന്ദി. ബഹു. വൈദികരിൽ പലരും 'സാലറി ചലഞ്ച്'പോലുള്ള ആശയങ്ങളുമായി മുന്നോട്ട് വന്നത് സന്തോഷകരമാണ്. അനുദിനകാര്യങ്ങൾ നടത്തുവാൻ ബുദ്ധിമുട്ടുള്ള പല ഇടവകകളും നമുക്കുണ്ട്. വൈദികർക്കും ദൈവാലയ ശുശ്രൂഷകർക്കുമൊക്കെ അലവൻസ് നൽകാൻ പോലും ചില ഇടവകകളിൽ സാധിച്ചിട്ടില്ല. സ്വന്തം അലവൻസ് ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്ന ധാരാളം വൈദികരുമുണ്ട്. ഈയവസരത്തിൽ വൈദികരിൽ നിന്ന് ഒരു നിർബന്ധിത പിരിവ് നടത്തുന്നത് ആശാസ്യമല്ല.

അപ്രതീക്ഷിത ദുരന്തങ്ങളെ നേരിടുന്നതിനായി 'കാരിത്താസ് ചങ്ങനാശ്ശേരി'എന്നൊരു അടിയന്തര ദുരിതാശ്വാസ ഫണ്ട് നമ്മുടെ അതിരൂപതയിൽ നിലവിലുണ്ടല്ലോ. ആകയാൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി അവരവർ സേവനം ചെയ്യുന്ന ഇടവകയിലേയ്ക്കോ 'കാരിത്താസ് ചങ്ങനാശ്ശേരി'യിലേയ്ക്കോ ബഹു. വൈദികർക്ക് സംഭാവനകൾ നൽകാവുന്നതാണ്. 'കാരിത്താസ് ചങ്ങനാശ്ശേരി'യിലേയ്ക്കുള്ള നിങ്ങളുടെ സംഭാവനകൾ പെ. ബഹു. പ്രൊക്കുറേറ്ററച്ചനെ ഏൽപ്പിക്കുക. (Procurator, Archdiocese of Changanacherry, South Indian Bank, Changanacherry, A/C No. 0013053000048130, IFS Code SIBL 0000013).

എല്ലാ വർഷവും നോമ്പുകാലത്ത് ഒരു ദിവസം കാരിത്താസ് ചങ്ങനാശ്ശേരിയിലേയ്ക്കുള്ള പിരിവെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇടവകയിലെ സാഹചര്യം പരിഗണിച്ച് ഈ വർഷം അവസാനിക്കുന്നതിനു മുമ്പ് സാധ്യമായ ഒരു ദിവസം ഈ നിയോഗത്തിലേയ്ക്ക് പിരിവെടുക്കുന്നത് ഉചിതമായിരിക്കും. വെള്ളപ്പൊക്കം പോലുള്ള ദുരന്തങ്ങൾ മുൻകൂട്ടി കണ്ട് കാരിത്താസ് ചങ്ങനാശ്ശേരി ദുരിതാശ്വാസ ഫണ്ടിലേക്ക് ആവശ്യമായ തുക കണ്ടെത്തുവാൻ എല്ലാവരും സഹകരിക്കുമല്ലോ.

നിങ്ങളുടെ സ്നേഹത്തിനും ഔദാര്യമനോഭാവത്തിനും ഒരിക്കൽ കൂടി നന്ദി.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

04-05-2020

# MAAC TV യൂട്യൂബ് ചാനൽ

C. 20/GL 95

പ്രിയ അച്ചന്മാരേ,

ക്ഷേമം തന്നെയെന്നു കരുതുന്നു. മാധ്യമപ്രേഷിതത്വം സംബന്ധിച്ച് ഒരു കാര്യം അറിയിക്കുവാനാണു ഈ കത്ത്. നമ്മുടെ അതിരൂപതയിൽ 'ഇന്റർനെറ്റ് മിഷൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു വകുപ്പ്, ഇനിമുതൽ **'മീഡിയാ അപ്പോസ്റ്റലേറ്റ് ആർച്ച് എപ്പാർക്കി ചങ്ങനാശ്ശേരി'** എന്ന പേരിലായിരിക്കും പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഏപ്രിൽ മാസം 1-ാം തീയതി മുതൽ മീഡിയാ വില്ലേജിനെ ഈ ചുമതല ഏല്പിച്ചിരിക്കുകയാണ്.

ആധുനിക മാധ്യമ സാങ്കേതികവിദ്യയുടെ കാലഘട്ടത്തിലാണല്ലോ നമ്മൾ. ലോക്ക് ഡൗൺ കാലഘട്ടത്തിൽ അതിന്റെ പ്രാധാന്യം നാം ഏറെ മനസ്സിലാക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുമുണ്ട്. ഓൺലൈൻ കാറ്റക്കിസം ഉൾപ്പെടെയുള്ള വിവിധ പരിശീലനപരിപാടികൾ ക്രിയാത്മകമായി ആവിഷ്കരിക്കാൻ നമുക്കു ശക്തമായ ഏകോപനവും സംവിധാനവും അനിവാര്യമാണ്. അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും ബന്ധിപ്പിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നാം വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ അച്ചന്റെ സജീവമായ സഹകരണം തേടുകയാണ്.

മീഡിയാ വില്ലേജിന്റെ നേതൃത്വത്തിൽ അതിരൂപതാ വെബ്സൈറ്റും, ഫെയ്സ് ബുക്ക് പേജും, യൂടൂബ് ചാനലും കൃത്യമായി അപ്ഡേറ്റ് ചെയ്യുകയും സജീവമായി നിലനിർത്തുകയും ചെയ്യുക, അതിരൂപതാ വാർത്താവിനിമയ സംവിധാനം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പാക്കുക, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ ആവശ്യമായ ഓഡിയോ വിഷ്വൽ പ്രോഗ്രാം തയ്യാറാക്കുക, ഈ രംഗത്തു കഴിവുള്ള അച്ചന്മാരെയും യുവജനങ്ങളെയും കണ്ടെത്തി അവർക്കു സാങ്കേതിക പരിശീലനം നൽകുക, ഇടവകകളിലെ മീഡിയാ റൂമിന് ആവശ്യമായ വീഡിയോസ് തയ്യാറാക്കുക, ഇടവക തലത്തിൽ ഈ രംഗത്തു കഴിവുള്ളവരെ

കണ്ടെത്തി പരിശീലനം നൽകുക, അതിരൂപതാ കലാപരിപാടിക ളുടെ ലൈവ് സ്ട്രീമിങ് ക്രമീകരിക്കുക മുതലായ ചുമതലകളാണ് ഡയറക്ടറച്ചനെ ഏല്പിച്ചിരിക്കുന്നത്.


അതിരൂപതാ ദിനമായ മെയ് 20 ന്, നാം അതിരൂപതായുടെ ഔ ദ്യോഗിക യൂട്യൂബ് ചാനൽ ആരംഭിക്കുകയാണ്. MAAC tv (Media Apostolate Archeparchy Changanacherry) എന്നാണു പേരിട്ടിരിക്കു ന്നത്. അന്നത്തെ വി. കുർബാനയും മറ്റും ഈ ചാനലിലൂടെയാ ണു പ്രക്ഷേപണം ചെയ്യുന്നത്. അച്ചന്റെ ഇടവകയിലെ വാട്സാപ്പ് ഗ്രൂപ്പിൽ ഈ വിവരം അറിയിക്കുകയും എല്ലാവരോടും ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യുമല്ലോ. അതി രൂപതാംഗങ്ങൾ എല്ലാവരും സബ്സ്ക്രൈബ് ചെയ്തു കാണുന്നതു നമ്മുടെ ഏകോപനത്തിന്റെയും കൂട്ടായ്മയുടെയും വലിയ പ്രതീക മായിരിക്കും. അതിരൂപതാ-ഇടവക-കുടുംബതല ആശയവിനിമയ സംവിധാനത്തിനും ഇതൊരു നല്ല തുടക്കമായിരിക്കും. കൂടുതൽ ആളുകൾ സബ്സ്ക്രൈബ് ചെയ്താൽ മാത്രമേ നമ്മുടെ യൂട്യൂബ് ചാനൽ ശ്രദ്ധിക്കപ്പെടുകയും നമ്മുടെ ഇടപെടലുകൾ സമൂഹം ഗൗരവമായി സ്വീകരിക്കുകയും ചെയ്യുകയുള്ളൂ. അങ്ങനെ നമു ക്കു മാധ്യമപ്രേഷിതരംഗത്തു ക്രിയാത്മക സാന്നിദ്ധ്യമാകാനും, എതിർപ്രചരണങ്ങളെയും തെറ്റായ ആരോപണങ്ങളെയും ചെറു ക്കാനും കഴിയുകയുള്ളു.

ഈ കൊറോണക്കാലത്തും തുടർന്നും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ അതിരൂപതാ, ഫൊറോനാ, ഇടവക, കുടുംബ തല ബന്ധങ്ങൾ കൂടുതൽ സജീവമായി നിലനിർത്തു വാൻ നമുക്കാവണം. നാം ആരംഭിച്ചിരിക്കുന്ന യൂട്യൂബ് ചാനലും മറ്റു ഡിജിറ്റൽ സംവിധാനങ്ങളും അതിന് ഉപകരിക്കുമെന്നു പ്രത്യാ ശിക്കുന്നു. അതിനു നേതൃത്വം കൊടുക്കുന്ന മീഡിയാ വില്ലേജി നോടും അതിരൂപതാ മീഡിയാ ടീമിനോടും സഹകരിക്കണമെന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ നൽകണമെന്നും അഭ്യർ ത്ഥിക്കുന്നു. അതിരൂപതാ ദിനത്തിൽ ആത്മനാ പങ്കെടുക്കുവാൻ അച്ചൻ ഇടവക സമൂഹത്തെയും ഇതിലൂടെ ഒരുക്കുമല്ലോ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

14-05-2020




# ഔദ്യോഗികം

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY 686 101
KERALA, INDIA

C. 20/GL 73 May 01, 2020

## DECREE OF CONVOCATION
## OF THE FIFTH ARCHEPARCHIAL ASSEMBLY

In virtue of my pastoral office and in conformity with cc. 235-242 of the Codex Canonum Ecclesiarum Orientalium, I, Joseph Perumthottam, the Metropolitan Archbishop of Changanacherry, hereby convoke the fifth Archeparchial Assembly of Changanacherry (2020). The Assembly will be held at Zion Retreat Centre, Kunnamthanam from December 16 - 19, 2020 reflecting on the theme: The Christian Call: In the Church and Society in the context of contemporary challenges. The Reverend Pastors of the Parishes and the Superiors of the Religious communities are hereby requested to make this known to the people of God entrusted to their care and to do all that is required for the success of this Fifth Archeparchial Assembly.

Given at the Metropolitan Curia, Changanacherry on the Third Friday of Uyirppukalam and Feast of St Joseph the Worker, 01 May 2020.

† **Joseph Perumthottam**
Metropolitan Archbishop of Changanacherry

**Fr. Isaac Alencherry**
Chancellor

ARCHEPARCHY OF CHANGANACHERRY

JOSEPH PERUMTHOTTAM
METROPOLITAN ARCHBISHOP
OF CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA INDIA

C.20/GL 74 May 01, 2020

## APPOINTMENT OF THE STEERING COMMITTEE FOR THE ARCHEPARCHIAL ASSEMBLY 2020

A Steering Committee consisting of the following is hereby appointed for the planning and conducting of the Archeparchial Assembly 2020 decreed to take on 16, 17, 18, & 19 December 2020 at the Zion Retreat House, Kunnamthanam.

1. Very Rev. Dr. Thomas Padiyath (Syncellus & Co-ordinator)
2. Rev. Dr. Emmanuel Neriamparampil (General Secretary)
3. Rev. Fr. Joseph Panakezham (Joint Secretary)
4. Rev. Dr. Varghese Thanamavunkal (Director, ATC Parel, Joint Secretary)
5. Prof. Rekha Gigi Koottummel (Pastoral Council JS, Joint Secretary)
6. Very Rev. Fr. Kurian Puthenpura (Vicar, St Mary's Cathedral, Member)
7. Rev. Dr. Joseph Nilavanthara (Presbyteral Council Secretary, Member)
8. Rev. Dr. Jose Kochuparampil (APLRC Director, Member)
9. Very Rev. Dr. Dominic Mundattu MCBS (Provincial, Member)
10. Rev. Fr. Abraham Perumpalathussery (Director Sandeshanilayam, Member)
11. Rev. Dr. Dominic Muriyankavunkal (Professor, Vadavathoor Seminary, Member)
12. Dr. Dominic Vazheeparampil (Pastoral Council Secretary, Member)
13. Adv. Joji Chirayil (PRO, Member)
14. Rev. Sr. Dr. Mercy Nedumpuram SABS (President CRI, CHRY, Member)
15. Rev. Sr. Dr. Liz Mary FCC (Provincial, Member)

† Joseph Perumthottam
Metropolitan Archbishop of Changanacherry

Fr. Isaac Alencherry
Chancellor

# I
# കടമുള്ള ദിവസങ്ങൾ

ജൂൺ 29 പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളും ജൂലൈ 3 ദുക്റാനത്തിരുനാളും കടമുള്ള ദിവസങ്ങളാണെന്ന് ഓർമ്മപ്പെടുത്തുന്നു.

# II
# ഫോൺ നമ്പർ സംവിധാനം

കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും വിവിധ ബാങ്കുകളുടെയും സാമ്പത്തിക ഇടപാടുകൾക്ക് അതിരൂപതയിലെ എല്ലാ ഇടവകകൾക്കും സ്ഥിരമായ ഒരു ഫോൺ നമ്പർ ആവശ്യമാണ്. ഇപ്രകാരം സ്ഥിരമായ ഫോൺ നമ്പർ സംവിധാനം ഇല്ലാത്ത ഇടവകകൾ ഉടൻതന്നെ ഇടവകയുടെ പേരിൽ ഒരു പുതിയ ടെലിഫോൺ/മൊബൈൽ കണക്ഷൻ എടുക്കേണ്ടതും അതിരൂപതാ ഡിറക്ടറിയിൽ ചേർക്കേണ്ടതിനായി അതിരൂപതാ കച്ചേരിയിൽ അറിയിക്കേണ്ടതുമാണ്. വൈദികരുടെയും കൈക്കാരന്മാരുടെയും വ്യക്തിപരമായ മൊബൈൽ നമ്പരുകളല്ല മുകളിൽ പറഞ്ഞ ആവശ്യങ്ങൾക്ക് കോണ്ടാക്റ്റ് നമ്പറുകളായി നൽകേണ്ടത്.

# III
# പ്രത്യേക പിരിവുകൾ

**സീറോ മലബാർ സഭാദിന ഫണ്ട്:**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കപ്പെടുന്നു. ഒരാൾക്ക് രണ്ട് രൂപാ വീതം - സീറോ മലബാർ സഭാ കാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി സഭാദിനത്തോടനുബന്ധിച്ച് നൽകേണ്ടതായിട്ടുണ്ട്.

# 21-ാമത് ചങ്ങനാശേരി അതിരൂപത
# ബൈബിൾ കൺവൻഷൻ റിപ്പോർട്ട്

21-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ 2020 ഫെബ്രുവരി 25 ചൊവ്വ മുതൽ 29 ശനിവരെ പാറേൽപള്ളി മൈതാനിയിൽ നടന്നു. മറ്റു വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഈ വർഷം സമയക്രമീകരണത്തിൽ മാറ്റമുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് 3:30 മുതൽ രാത്രി 9 വരെയുള്ള സമയത്താണ് കൺവൻഷൻ ക്രമീകരിക്കപ്പെട്ടത്. തിരുവനന്തപുരം മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ ഡയറക്ടർ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ & ടീം കൺവൻഷന് നേതൃത്വം നൽകി. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും' (യോഹ. 14:23) എന്നതായിരുന്നു ആപ്തവാക്യം.

പഞ്ചവത്സര അജപാലനപദ്ധതി മൂന്നാംവർഷത്തെ വിഷയമായ ''ദൈവാരാധനാഷ്ഠിത ആദ്ധ്യാത്മിക ജീവിതം'' എന്നതാണ് ഈ വർഷത്തെ മുഖ്യ വിഷയമായി സ്വീകരിച്ചത്.

ഈ വർഷം 3 മാസം മുമ്പേ കൺവൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന സമീപ പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങളിലും കൂട്ടായ്മ ലീഡേഴ്സ് വഴി എത്തിച്ചു. മദ്ധ്യസ്ഥപ്രാർത്ഥന കൺവൻഷന്റെ വിജയത്തിന് വലിയ ഒരു പങ്കു വഹിച്ചു. തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം, ചങ്ങനാശേരി ഫൊറോനകളിലെ എല്ലാ പള്ളികളിലെയും കൂട്ടായ്മ ലീഡേഴ്സിനെ ഒരുമിച്ചുകൂട്ടി ഫെബ്രുവരി 8-ാം തീയതി ഒരു പ്രേഷിത സംഗമം നടത്തുകയും അതിൽനിന്നും കൺവൻഷന് സഹായിക്കാൻ വോളണ്ടിയേഴ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

കൺവൻഷന്റെ ജനറൽ കൺവനീറായ ബഹു. വാരിക്കാട്ട് ജേക്കബച്ചന്റെ അദ്ധ്യക്ഷതയിൽ പാറേൽപള്ളിയിൽ കൂടിയ യോഗത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ച് കൺവീനേഴ്സിനെ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ട വോളണ്ടിയേഴ്സിനെ ഓരോ കമ്മറ്റിയിലേയ്ക്കും ചേർത്തു. ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് വോളണ്ടിയേഴ്സിന്റെ സംയുക്ത മീറ്റിങ്ങ് പാറേൽ പള്ളിയിൽവച്ച് നടത്തപ്പെട്ടു. 24-ാം തീയതി തിങ്കളാഴ്ച ബൈബിൾ കൺവൻഷൻ വിളംബരം നടത്തി.

ഫെബ്രുവരി 25 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3:15 ന് വികാരിയച്ചന്റെ നേതൃത്വത്തിൽ കൺവൻഷൻ പന്തൽ വെഞ്ചരിച്ചു. തുടർന്ന് ജപമാലയും ആഘോഷമായി പരിശുദ്ധ കുർബാനയും നടന്നു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായോടൊപ്പം ചങ്ങനാശേരി ഫൊറോനയിലെ 7 വൈദികർ സഹകാർമ്മികരായിരുന്നു. തുടർന്ന് നടന്ന ഉദ്ഘാടനസമ്മേളനത്തിന് വെരി റവ. ഡോ. തോമസ് പാടിയത്ത് സ്വാഗതം ആശംസിച്ചു. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം നിർവ്വഹിച്ചു. വചനത്തെ ഹൃദയത്തിൽ സ്വീകരിച്ച് അനുതാപത്തിലൂടെയും മാനസാന്തരത്തിലൂടെയും ജീവിതവിശുദ്ധി നേടണമെന്ന് മെത്രാപ്പോലീത്ത ഓർമ്മിപ്പിച്ചു. മദ്ധ്യസ്ഥൻ ബുക്സ് പ്രസിദ്ധീകരിച്ച ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചന്റെ യൂട്യൂബിലെ തെരഞ്ഞെടുത്ത പ്രസംഗങ്ങളുടെ പുസ്തകവും, പഞ്ചവത്സര അജപാലന പദ്ധതി മൂന്നാംവർഷത്തെ 'ദൈവാരാധന സഭയോടൊത്ത്' എന്ന പഠന വിഷയ പുസ്തകവും അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. തുടർന്ന് കൺ

വൻഷൻ ശുശ്രൂഷകൾ ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. 26-ാം തീയതി ബുധനാഴ്ച ബിഷപ്പ് മാർ ജോസ് പുളിയ്ക്കലും 27-ാം തീയതി വ്യാഴാഴ്ച വെരി റവ. ഡോ. തോമസ് പാടിയത്തും, 28-ാം തീയതി വെള്ളിയാഴ്ച ബിഷപ്പ് മാർ ജേക്കബ് മുരിക്കനും, 29-ാം തീയതി ശനിയാഴ്ച ബിഷപ്പ് മാർ തോമസ് തറയിലും പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി ഫൊറോനായിലെ വൈദികരും, നവവൈദികരും ഈ ദിവസങ്ങളിൽ സഹകാർമ്മികരായി ശുശ്രൂഷ ചെയ്തു.

കൺവൻഷന്റെ ആദ്യ ദിവസത്തെ ക്രമീകരണത്തിൽ നിന്നും (ഏകദേശം 4000 പേർ) രണ്ടാം ദിവസം കൂടുതൽ ക്രമീകരണങ്ങൾ ചെയ്യേണ്ടതായി വന്നു (ഏകദേശം 10000 പേർ). നിലവിലുണ്ടായിരുന്ന Led Screen കളും (3), TV സ്ക്രീനുകളും (2) കൂടാതെ 3 LED യും 3 TV സ്ക്രീനുകളും ക്രമീകരിച്ചു. അതോടൊപ്പം കസേരകളും കുടിവെള്ള സൗകര്യങ്ങളും.

ബുധൻ മുതൽ ശനിവരെ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ വി. കുമ്പസാരത്തിന് അവസരമുണ്ടായിരുന്നു. സമീപ പ്രദേശങ്ങളിലെ ഇടവകകളിലെയും, സ്ഥാപനങ്ങളിലെയും വൈദികർ ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

28-ാം തീയതി വെള്ളിയാഴ്ച രാവിലെ ബഹു. പ്ലാപ്പറമ്പിൽ തോമസച്ചന്റെ നേതൃത്വത്തിൽ അതിരൂപതയിലെ സീനിയർ സിറ്റിസൺ സംഗമം നടത്തി. ഏകദേശം 750 പേർ പങ്കെടത്തു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യം സമ്മേളനത്തിന് മികവേകി.

29-ാം തീയതി രാവിലെ അതിരൂപതയിലെ സന്യസ്തരുടെ സംഗമം നടത്തി. ബഹു. കുമ്പളത്ത് ആദർശച്ചൻ ക്ലാസ് നയിച്ചു. ബഹു. ഡോ. തോമസ് പാടിയത്ത് നേതൃത്വം നൽകി. അഭിവന്ദ്യ പിതാക്കന്മാർ സംസാരിച്ചു. 510 സന്യസ്തർ പങ്കെടുത്തു.

കൺവൻഷന്റെ അവസാനദിവസം ശനിയാഴ്ച പെ. ബഹു. ജോസഫ് വാണിയപുരയ്ക്കലച്ചൻ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ബഹു. പൂവണ്ണത്തിൽ ഡാനിയേലച്ചനോടൊപ്പം ദൈവവചന ശുശ്രൂഷ നിർവഹിച്ച ബഹു. കുമ്പളത്ത് ആദർശച്ചൻ, ബഹു. വടക്കമുറി പോളച്ചൻ, ബ്രദർ ഡൊമെനിക്, ബ്രദർ ബോണി, ബ്രദർ ജോൺപോൾ, ബ്രദർ ജോൺ, ഏണസ്റ്റ്, ബിജു, കുര്യൻ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

മാർച്ച് 1-ാം തീയതി അതിരൂപത KLM പ്രവർത്തകരുടെ ഏകദിന കൺവൻഷൻ നടന്നു (ആത്മാഭിഷേകം 2020). ബഹു. പുന്നമറ്റത്തിൽ ജിനോ അച്ചൻ, ബഹു. ഏഴാനിക്കാട്ട് ഷോർലോ അച്ചൻ എന്നിവർ ക്ലാസ് നയിച്ചു. അതിരൂപത ഡയറക്ടർ ബഹു. പുത്തൻചിറ ജോസച്ചൻ നേതൃത്വം നൽകി.

21-ാമത് അതിരൂപത ബൈബിൾ കൺവൻഷൻ വലിയ വിജയമാക്കി മാറ്റുന്നതിൽ അക്ഷീണം പരിശ്രമിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും, പെ. ബഹു. വികാരി ജനറാളച്ചന്മാർക്കും, പ്രിയപ്പെട്ട വൈദികർക്കും, സിസ്റ്റേഴ്സിനും, പാറേൽ ഇടവകയിലെ നേതൃനിരയ്ക്കും മറ്റു ഇടവകകളിൽ നിന്നുള്ള വോളണ്ടിയേഴ്സിനും മറ്റെല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു. ഒപ്പം അനുഗ്രഹീതമായ 5 ദിനങ്ങൾ നമുക്കായി നൽകിയ ദൈവത്തിന് നന്ദി.

സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(കോ-ഓഡിനേറ്റർ)

# 133-ാമത് അതിരൂപതാ ദിനാഘോഷ
## റിപ്പോർട്ട്

133–ാമത് ചങ്ങനാശ്ശേരി അതിരൂപത ദിനാചരണം 20.5.2020 ബുധനാഴ്ച അതിരൂപത കേന്ദ്രത്തിൽ നടന്നു. കോട്ടയം ലൂർദ് ഫൊറോനയുടെ നേതൃത്വത്തിൽ നടത്താനിരുന്ന അതിരൂപത ദിനം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വളരെ ലളിതമായി അതിരൂപത കേന്ദ്രത്തിൽ ആചരിക്കുകയായിരുന്നു .

ചങ്ങനാശ്ശേരി അതിരൂപതയുടെ ഒഫീഷ്യൽ യൂട്യൂബ് ചാനലായ MAAC ടിവിയിലൂടെ അതിരൂപത ദിനാചരണത്തിന് ഒരുക്കമായിട്ടുള്ള പ്രോഗ്രാമുകൾ നടത്തപ്പെട്ടു .അതിരൂപത ദിനാചരണത്തിന് മുന്നോടിയായി 16 ഫൊറോന പള്ളികളിൽ നിന്നുള്ള വികാരി അച്ചന്മാരുടെ സന്ദേശവും ഫൊറോനയുടെ കീഴിൽ വരുന്ന ഇടവകകളെ കുറിച്ചുള്ള വിവരണങ്ങളും നൽകപ്പെട്ടു. കൂരിയ അംഗങ്ങളുടെയും വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടർ അച്ചന്മാരുടെയും നേതൃത്വത്തിൽ അതിരൂപതയുടെ ചരിത്രം അവതരിപ്പിക്കപ്പെട്ടു .

19.05.2020 വൈകുന്നേരം 7.30 ന് അതിരൂപത ദിനാചരണത്തിന് ഒരുക്കമായി അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ റംശാ പ്രാർത്ഥനയും സന്ദേശം നടത്തി.

20.05.2020 ബുധനാഴ്ച രാവിലെ 8.45 ന് അതിരൂപതാ കേന്ദ്രത്തിൽ അഭിവന്ദ്യ പിതാക്കന്മാർ, വികാരി ജനറാൾ പെരിയ ബഹു. വാണിയപുരയ്ക്കൽ ജോസഫച്ചൻ, പെരിയ ബഹു. പാടിയത്ത് തോമസച്ചൻ, പെരിയ ബഹു. വടക്കേക്കളം ഫിലിപ്സച്ചൻ, കത്തീഡ്രൽ വികാരി പെരിയ ബഹു. പുത്തൻപുര കുര്യനച്ചൻ എന്നിവരുടെ സാന്നിധ്യത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ഡൊമിനിക്ക് ജോസഫ് വഴിപ്പറമ്പിൽ പേപ്പൽ പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. സഹായമെത്രാൻ മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു. പൊതു സമൂഹത്തിനായി വാതിലുകൾ തുറന്നിട്ടിരിക്കുന്ന നമ്മുടെ സഭയെ ഓർത്ത് അഭിമാനിക്കണം എന്ന് സ്വാഗതത്തിൽ പിതാവ് ഓർമ്മപെടുത്തി.

മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ ബലി അർപ്പിച്ച് അതിരൂപത ദിന സന്ദേശം നൽകി. റൂഹാദക്കുദിശയുടെ പ്രവർത്തിയാൽ മിശിഹായുടെ ശരീരവുമായി സംയോജിക്കപ്പെടുമ്പോഴാണ് യഥാർത്ഥത്തിൽ നാം ഒരു കുടുംബമായിത്തീരുന്നത്. വേദനിക്കുന്നവരെ, മുറിപെട്ടവരെ, സഹായം ആവശ്യമുള്ളവരെ സ്നേഹത്തോടെ ശുശ്രൂഷിക്കുന്ന നല്ല അയൽക്കാരനാകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന് സന്ദേശത്തിലൂടെ പിതാവ് വ്യക്തമാക്കി.

16 ഫൊറോനകളിൽ നിന്നുള്ള ഗായകസംഘം അതിരൂപത ആന്തം ആലപിച്ചു. മാർ ജോസഫ് പൗവ്വത്തിൽ, MCBS പ്രൊവിൻഷ്യൾ വെരി റവ. ഫാ. ഡൊമിനിക്ക് മുണ്ടാട്ട്, FCC പ്രൊവിൻഷ്യൾ റവ. സി. ലിസ് മേരി,

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക്ക് ജോസഫ് വഴിപ്പറമ്പിൽ, അമ്മമാരുടെ പ്രതിനിധി ആൻസി മാത്യു ചേന്നോത്ത്, മിഷൻ ലീഗ് പ്രതിനിധി ലിന്റോ ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

പെരിയ ബഹു. വാണിയപുരയ്ക്കൽ ജോസഫച്ചൻ ജീവകാരുണ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 45 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തികൾ കഴിഞ്ഞ വർഷക്കാലം ചെയ്യാൻ സാധിച്ചു എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കി.

MAAC TV, ഹരിത സമൃദ്ധി എന്നിവയുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. അതിരൂപതാദിനത്തോടനുബന്ധിച്ചുള്ള അതിരൂപതയുടെ പരമോന്നത ബഹുമതി ആയ എക്സലൻസ് അവാർഡ് കോട്ടയം മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പൾ ഡോ. ജോസ് ജോസഫിന് മാർ ജോസഫ് പെരുന്തോട്ടം സമ്മാനിച്ചു.

ആതുര ശുശ്രൂഷരംഗത്ത് സേവനം ചെയ്യുന്ന എല്ലാ ആളുകളുടെയും പ്രതിനിധികളായി ആലപ്പുഴ സഹൃദയ ആശുപത്രിയിൽ നേഴ്സായി സേവനം ചെയ്യുന്ന ശ്രീമതി പുഷ്പമ്മ കുര്യൻ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ശ്രീ. ടോജി സ്കറിയാ എന്നിവരെ പ്രത്യേകം ആദരിച്ചു. എക്സലൻസ് അവാർഡ് ജേതാവ് ഡോ. ജോസ് ജോസഫ് മറുപടി പ്രസംഗം നടത്തി. കൃതജ്ഞതയേ തുടർന്ന് അതിരൂപത ആന്തം ആലപിച്ച് 10:45 am ന് സമ്മേളനം സമാപിച്ചു.

133-ാമത് അതിരൂപത ദിനം ദൈവജനത്തിലെത്തിക്കാൻ സഹകരിച്ച അതിരൂപതയുടെ ഓഫിഷ്യൽ യൂറ്റ്യൂബ് ചാനൽ MAAC TV, ഷെക്കയ്നാ, ACV എന്നിവർക്കും സഹകരിച്ച എല്ലാവർക്കും ചങ്ങനാശേരി അതിരൂപത കുടുംബത്തിന്റെ ഒരായിരം നന്ദി ....

**ഫാ. ജോസ് പുത്തൻചിറ**

(ജനറൽ കോ-ഓഡിനേറ്റർ)

ഓൺലൈൻ വിവാഹ ഒരുക്ക ധ്യാനങ്ങൾ, ജൂൺ-ജൂലൈ മാസങ്ങളിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ വെബ്സൈറ്റായ familyapostolatechry.com-ൽ നടത്തപ്പെടുന്നു. ജൂൺ 1,2,3; 5,6,7; 11,12,13; 22,23,24 തീയതിയും ജൂലൈ 6,7,8; 20,21,22 തീയതിയിലും ഓൺലൈനായി നടത്തപ്പെടുന്നു. ഓൺലൈൻ രജിസ്ട്രേഷൻ 2020 മെയ് 26 മുതൽ.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

9447030814, 9995914711, 9447016240

**ഫാ. ജോസ് മുകളേൽ**

# 133-ാമത് ചങ്ങനാശ്ശേരി അതിരൂപതാദിനം
## 2020 മെയ് 20
# ജീവകാരുണ്യപ്രവർത്തന റിപ്പോർട്ട്

പ്രിയപ്പെട്ടവരെ,

അതിരൂപതയിൽ നാം ഒരു കുടുംബം എന്ന അനുഭവം ആസ്വദിച്ച് അഭിവന്ദ്യ പെരുന്തോട്ടം മാർ ജോസഫ് മെത്രാപ്പോലീത്തായുടെ പൈതൃക സംരക്ഷണയിലും അഭിവന്ദ്യ മാർ തോമസ് തറയിൽ മെത്രാന്റെ പ്രവർത്തനമികവിലും അഭിവന്ദ്യ പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തായുടെ സ്നേഹപരിലാളനയിലും മുന്നേറുന്ന ചങ്ങനാശ്ശേരി അതിരൂപതാ കുടുംബം, ലഭിച്ച ദൈവാനുഗ്രഹങ്ങൾക്കെല്ലാം നന്ദിയോടെ, 133-ാമത് അതിരൂപതാദിനം ആചരിക്കുന്നു.

അല്മായരും സമർപ്പിതരും വൈദികരുമൊരുമിച്ച് പഞ്ചവത്സര അജപാലന പദ്ധതിയുടെ ദൈവവചന വർഷത്തിന്റെ പ്രവർത്തനങ്ങൾ അതിരൂപതയുടെ വിവിധ ഇടവകകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും വഴി ഫലപ്രാപ്തിയിലെത്തിക്കാൻ ശ്രമിച്ചത് അഭിനന്ദനാർഹമാണ്. വചനത്തിന്റെ സത്ത ഉൾക്കൊണ്ട് ആരാധനാക്രമത്തിന്റെ അനുഭവത്തിലേക്ക് വളരുവാൻ ഈ വർഷം അതിരൂപത മാറ്റിവച്ചിരിക്കുന്നു.

ദൈവവചനം വിശ്വാസത്തിലൂടെ സ്വീകരിച്ച ദൈവജനം ജീവകാരുണ്യ പ്രവർത്തികളിലൂടെ അത് പ്രാവർത്തികമാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള കാലഘട്ടത്തിൽ ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തരൂപം ഇവിടെ അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| 1. | ഭവനനിർമ്മാണം, അറ്റകുറ്റ പണികൾ | 12,01,45,723 |
| 2. | ചികിത്സ, മരുന്നുകൾ | 1,44,59,650 |
| 3. | വിവാഹസഹായം | 75,35,500 |
| 4. | വിദ്യാഭ്യാസം, സ്കോളർഷിപ്പ് | 5,28,45,915 |
| 5. | കൃഷി, മൃഗസംരക്ഷണം | 43,29,000 |
| 6. | ഭക്ഷണക്കിറ്റുകൾ | 90,24,737 |
| 7. | അഗതിമന്ദിരങ്ങൾ | 18,89,683 |
| 8. | മറ്റ് സഹായങ്ങൾ | 4,95,06,582 |
| 9. | സമർപ്പിതസമൂഹങ്ങൾ ജീവകാരുണ്യത്തിന് നല്കിയത് | 15,95,75,505 |
| | **ആകെ** | **41,93,12,295** |

## CHARITABLE ACTIVITIES 2019-2020

**PARISHES**

| | Parish | Housing Project | Medical Aid | Marriage | Education | Agri./ Livestock | Grocery | Care homes | Miscella-neous | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | Aikarachira | 208000 | 57000 | 20000 | 65000 | 9500 | 210000 | 25000 | 385750 | 980250 |
| 2 | Ambalapuzha | | | | | | | | 25000 | 25000 |
| 3 | Anakulam | 5000 | 7500 | | | | | | | 12500 |
| 4 | Athirampuzha F | 2051029 | 514291 | 96500 | 47500 | | | | 112590 | 2821910 |
| 5 | Ayoor Forane | 612000 | 10000 | | | | | 50000 | | 672000 |
| 6 | Ayroor | 35000 | 5000 | 10000 | 5000 | | | | | 55000 |
| 7 | Champakara | 596865 | 450589 | 175000 | 410000 | | 152466 | | 597090 | 2382010 |
| 8 | Changanacherry | 269965 | 415500 | 310000 | 514656 | | 296000 | | 641339 | 2447460 |
| 9 | Changanakary | 107000 | 100000 | 40000 | 47000 | | | | | 294000 |
| 10 | Chanjody | 837652 | 168800 | 155000 | 95639 | 25000 | 746300 | 9000 | 145430 | 2182821 |
| 11 | chariavelinalloor | 500000 | 40000 | | | | | 25000 | | 565000 |
| 12 | Chennamkary | 1920000 | 140000 | | 215000 | | | | | 2275000 |
| 13 | Cheruvandoor | 404000 | 19300 | | 80000 | | | | 483880 | 987180 |
| 14 | Edapalayam | | | | 3000 | | 2000 | | 20000 | 25000 |
| 15 | Edathua Koilmuck F | 20753477 | 518678 | 28000 | 967250 | | | | | 22267405 |
| 16 | Emmaus | 118700 | 106250 | 415600 | 129150 | | 181555 | 144946 | | 1096201 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 17 | Ettumanoor | 399200 | 206071 | 125000 | 16000 | | 398580 | | | 1144851 |
| 18 | Ithithanam | 321009 | 170743 | 33000 | 290000 | | 18400 | | 301000 | 1134152 |
| 19 | Kadainikadu | 2224919 | 27500 | | 4000 | | 99050 | | 25250 | 2380719 |
| 20 | Kaduvakulam | 54651 | 138610 | 12500 | 83000 | | | | 158979 | 447740 |
| 21 | Karikattoor | 23500 | 90000 | 15000 | | | | | | 128500 |
| 22 | Karumady | 1090000 | 70000 | | | | | | 50000 | 1210000 |
| 23 | Karuvatta | | | 32000 | 25000 | | 20000 | | | 77000 |
| 24 | Karyavattam | | 51000 | 50000 | 25000 | | | | 186943 | 312943 |
| 25 | Kattachira | | | | | | | | 61500 | 61500 |
| 26 | Kayalpuram St Joseph | 845985 | 45000 | | | | | | 8500 | 899485 |
| 27 | Kodinattukunnu | 1700000 | 46000 | | 19000 | | | 36000 | | 1801000 |
| 28 | Kollam | 35772 | 62500 | | 26000 | | | 2000 | 100000 | 226272 |
| 29 | Kottackapuram | 500000 | 80000 | 100000 | 130000 | | | | | 810000 |
| 30 | Kumarakam Vadakumk | 50000 | 15000 | | | | | | | 65000 |
| 31 | Kumaranalloor | 164000 | 67500 | | 20275 | | | | 59450 | 311225 |
| 32 | Kunnamthanam | 80000 | 120000 | 50000 | | | | | 156000 | 406000 |
| 33 | Kurichy | 242300 | 86000 | 45000 | 60000 | | | | 40500 | 473800 |
| 34 | Kurumpanadam F | 1375000 | 400000 | 225000 | 400600 | | | | | 2400600 |
| 35 | Madappally | 767733 | 120367 | 200000 | 731625 | | 12250 | | 415900 | 2247875 |
| 36 | Mallappally | | | | | | | | 80000 | 80000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 37 | Mammoodu | 28000 | 125100 | | 55000 | | 27000 | | 40150 | 275250 |
| 38 | Manalady | 1561170 | 20300 | 10000 | 11500 | | 90750 | 20500 | 18500 | 1732720 |
| 39 | Mannanthala | 324150 | 42000 | 130000 | 46000 | | | 224550 | 266000 | 1032700 |
| 40 | Mannarkunnu | | | | | | | | 474494 | 474494 |
| 41 | Mannila | 50000 | 10000 | 200000 | 10000 | | | | | 270000 |
| 42 | Meenkulam | | | | 400000 | | 125000 | | 20000 | 545000 |
| 43 | Mudiyoorkara | 217525 | 550898 | | 155100 | | | | 535368 | 1458891 |
| 44 | Mundupalam | 226050 | 65943 | | 423360 | | 35950 | | 318300 | 1069603 |
| 45 | Muttar ICM | 425000 | 100000 | | | 5600 | | | 200000 | 730600 |
| 46 | Nalukody St Thomas | 212540 | 162588 | 70000 | 115500 | | | | | 560628 |
| 47 | Narickal | | | | | | 25000 | | | 25000 |
| 48 | Navanazreth Kumarakam | 910200 | 188950 | 25800 | 123000 | | 41500 | | 106000 | 1395450 |
| 49 | Nazreth Moncompu | 1950000 | 50500 | | 15000 | | | | 484000 | 2499500 |
| 50 | Nedumkunnam | 145000 | 263000 | 145000 | 217000 | | 140000 | | | 910000 |
| 51 | Pacha-Chekidikadu | 241805 | 5000 | 31000 | 40000 | | | | 245250 | 563055 |
| 52 | Pallikunnu | 50000 | | | 100000 | | | | | 150000 |
| 53 | Panayampala | 235000 | | | | | | | | 235000 |
| 54 | Paral | 60000 | | | | | 97050 | | 1454278 | 1611328 |
| 55 | Parel | 2546482 | 893267 | 254500 | 572550 | | 500414 | 93170 | 384879 | 5245262 |
| 56 | Podipara | 806888 | 80000 | 100000 | 35000 | | | | | 1021888 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 57 | Ponga | 225000 | 25000 | | | | | | | 250000 |
| 58 | Pongummoodu | 160000 | 214000 | 30000 | 170000 | | 11000 | 208000 | 195000 | 988000 |
| 59 | Pulimugham | | | | | | | | 5000 | 5000 |
| 60 | Punalur | 120000 | 75000 | 10000 | 11660 | | | 25000 | 10000 | 251660 |
| 61 | Punnapra | | | | | | | | 210108 | 210108 |
| 62 | Punnathura | 81750 | 110550 | 35000 | 89400 | | 490784 | | 222913 | 1030397 |
| 63 | Puthuppally | 277000 | 126345 | 50000 | 65000 | | | | | 518345 |
| 64 | Puthusserry | | | | | | | | 28000 | 28000 |
| 65 | Rajamattam | 33000 | | 10000 | 5000 | | | | | 48000 |
| 66 | Thazhathangady | 70000 | 95000 | | | 10000 | 37000 | | 41410 | 253410 |
| 67 | Thekkekara St Sebastian | 275000 | 11000 | | 80000 | | | | | 366000 |
| 68 | Thellakam | | 2280702 | | 80000 | | | | 1165500 | 3526202 |
| 69 | Thirumala | | 14200 | 35000 | 70000 | | | 63100 | | 182300 |
| 70 | Thiruvananthapuram F | 1200000 | 700000 | | 300000 | | | | | 2200000 |
| 71 | Thottuvathala | 400000 | 15000 | | 70000 | | | | | 485000 |
| 72 | Vadakkeamichakary | | 65000 | | | | | | 7220 | 72220 |
| 73 | Vadakkekara | 163000 | 86200 | 230000 | 60000 | | | | | 539200 |
| 74 | Vaipur New | 234000 | 15000 | | 10000 | | 110000 | | 75000 | 444000 |
| 75 | Vallamchira | 2500 | 38436 | 7500 | 26766 | | 7939 | 5500 | 17715 | 106356 |
| 76 | Vattiyoorkavu | 179570 | 191210 | 89000 | 80500 | | 270983 | 75417 | 62783 | 949463 |

# 21-ാമത് ബൈബിൾ കൺവൻഷൻ




























# 133-ാമത് അതിരൂപതാദിനം



















ARCHEPARCHY
MAACTV




ARCHEPARCHY
OF


| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 77 | Vazhappally West | | | | | | | | 197000 | 197000 |
| 78 | Veroor | 5000000 | | | | | | | 1400000 | 6400000 |
| 79 | Vettithuruth | | 10000 | | | | | | 74000 | 84000 |
| 80 | Villoonni | 175000 | 137300 | 60000 | 106000 | | 133500 | 50000 | 23000 | 684800 |
| 81 | Viruthunagar Mission | | | | | | | | 36500 | 36500 |
| | | **56878387** | **11116688** | **3660400** | **7953031** | **50100** | **4280471** | **1057183** | **12373469** | **97369729** |

**ORGANISATION/DEPARTMENTS/INSTITUTIONS**

| | Organi./Depts./Insti. | Housing Project | Medical Aid | Marriage | Education | Agri./ Livestock | Grocery | Care homes | Miscella-neous | Total |
|---|---|---|---|---|---|---|---|---|---|---|
| 1 | Archbishop House | 10000 | 7500 | 148000 | 92000 | | | | 2646350 | 2903850 |
| 2 | Archbishop Personal | 12000 | 33500 | 10000 | 127000 | | | 22500 | 182000 | 387000 |
| 3 | Assumption College | 80000 | 40000 | | 160000 | | | 60000 | | 340000 |
| 4 | Atmata Kendram | 35000 | 18755 | 25000 | 216000 | | 120666 | | 929000 | 1344421 |
| 5 | Charity World | | | | | | | | 13723124 | 13723124 |
| 6 | CHASS | 42079976 | 1063944 | | 1099583 | 4253900 | 2191000 | | 10165449 | 60853852 |
| 7 | Chelakkara Estatae | | | | | | 19720 | | | 19720 |
| 8 | Corporate Management | | 120000 | | 17717500 | | | | | 17837500 |
| 9 | DCMS | 1650000 | | | | | | | 520000 | 2170000 |
| 10 | Family Apostolate | | 108000 | 3537100 | 637000 | | | | | 4282100 |
| 11 | Fr Mundunadackal Sony | | | | | | | 450000 | | 450000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 12 | Fr Seb Kunnath Trust | | 897737 | | | | | | 1600000 | 2497737 |
| 13 | Franciscan Almaya Sabha | 255800 | 267300 | | | | | | | 523100 |
| 14 | Jeevakarunya nidhi | 19100000 | | | 10000000 | | | | | 29100000 |
| 15 | KLM | | | 155000 | 22500 | 25000 | 32500 | | 2191550 | 2426550 |
| 16 | Kudumba Koottayama | | | | | | | | 195000 | 195000 |
| 17 | LMCET Trivandrum | | | | 13443975 | | | | | 13443975 |
| 18 | Lourde Matha Care | | 176226 | | 112326 | | 2174380 | | 2516300 | 4979232 |
| 19 | Media Village | | | | | | | | 900000 | 900000 |
| 20 | Sadas | 30000 | | | | | | | | 30000 |
| 21 | Sahrudaya Hospital | | 560000 | | | | 206000 | | | 766000 |
| 22 | SJCC & MVCC | | | | 950000 | | | | | 950000 |
| 23 | SMYM | | 50000 | | 300000 | | | | 1500000 | 1850000 |
| 24 | St Joseph Press & Book | 14560 | | | 15000 | | | 300000 | 64340 | 393900 |
| | **Total** | **63267336** | **3342962** | **3875100** | **44892884** | **4278900** | **4744266** | **832500** | **37133113** | **162367061** |
| | **CONSECRATED COMMUNITY (WOMEN)** | | | | | | | | | |
| 1. | S A B S St. Thomas Province | | | | | | | | | 2,26,00,000 |
| 2. | A S M I Cheeranchira | | | | | | | | | 34,05,590 |
| 3. | F D S H J | | | | | | | | | 3,12,500 |
| 4. | M L F | | | | | | | | | 16,22,000 |
| 5. | Sisters Adorers | | | | | | | | | 1,10,000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 6. | F C C Changanacherry | | | | | | | | | 2,60,00,000 |
| 7. | S H | | | | | | | | | 1,49,74,958 |
| 8. | L S C | | | | | | | | | 50,500 |
| 9. | C M C | | | | | | | | | 1,63,52,281 |
| 10. | L S D P | | | | | | | | | 4,06,20,531 |
| 11. | Josephine | | | | | | | | | 1,25,200 |
| 12. | Sisters of Mercy | | | | | | | | | 3,07,00,000 |
| 13. | S D | | | | | | | | | 27,01,945 |
| | **Total** | | | | | | | | | **15,95,75,505** |

അതിരൂപതയിലെ ഇടവകകളും സമർപ്പിതരും വിവിധ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും അതിരൂപതാകേന്ദ്രവും നൽകിയ ഈ സഹായങ്ങൾക്കു പുറമേ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിലും അനേകർക്ക് ആശ്വാസമേകുവാൻ കൈകോർക്കുന്ന അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും വിവിധ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും നേതൃത്വം കൊടുക്കുന്ന അതിരൂപതാ, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഫൊറോന കൗൺസിൽ, പ്രതിനിധി യോഗാംഗങ്ങൾക്കും അതിരൂപതയിലെ എല്ലാ അല്മായ സഹോദരങ്ങൾക്കും നന്ദി.

**ഫാ. ജോസഫ് വാണിയപുരയ്ക്കൽ**
സിഞ്ചെല്ലൂസ്

**NB:** *അതിരൂപതയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കണക്ക് ഇനിയും ഏൽപ്പിക്കാനുള്ള ഇടവകകൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ 2020 ജൂൺ 15-ാം തീയതിക്ക് മുമ്പായി ഏല്പ്പിച്ച് സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. തുടർന്നുള്ള കണക്ക് ജൂലൈമാസത്തിലെ മദ്ധ്യസ്ഥനിൽ പ്രസിദ്ധീകരിക്കുന്നതാണ്.*

മിശിഹായിൽ സ്നേഹമുള്ളവരെ,

പുതിയ അധ്യയനവർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ ഈ വർഷത്തെ വിശ്വാസപരിശീലനം നാം ആരംഭിക്കുകയാണ്. മെയ് 31 പെന്തക്കുസ്താദിനത്തിൽ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി, ഔദ്യോഗികമായി ഈ വർഷത്തെ വിശ്വാസപരിശീലനം ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക യുട്യൂബ് ചാനലായ MAAC TV യിലൂടെ തത്സമയം പരി.കുർബാനയും ഉദ്ഘാടനവും സംപ്രേഷണം ചെയ്യുന്നതാണ്. ഓൺലൈനായി വിശ്വാസപരിശീലനം നടത്തുന്നതിനായുള്ള ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ നന്മകളും ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂൺ 2020**

2 ചൊവ്വ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി
5 വെള്ളി : സ്വർണ്ണവെള്ളി
6 ശനി : മതാധ്യാപകർക്കുള്ള ഓൺലൈൻ ധ്യാനം
വീഡിയോയുടെ ലിങ്ക് അയച്ചുതരുന്നതാണ്.
7 ഞായർ : ശ്ലീഹാക്കാലം രണ്ടാം ഞായർ ക്ലാസ്സ് 2
: പരി.ത്രിത്വത്തിന്റെ തിരുനാൾ
രാവിലെ 9.00 – 10.30 കുട്ടികളുടെ വിശ്വാസപരിശീലനം ഓൺലൈൻ,
വീഡിയോയുടെ ലിങ്ക് അയച്ചുതരുന്നതാണ്.
10.30 കുട്ടികളുടെ ഡിജിറ്റൽ ഓറിയന്റേഷൻ, വീഡിയോയുടെ ലിങ്ക് അയച്ചുതരുന്നതാണ്.
12.00 – 1.00 മാതാപിതാക്കൾക്കുള്ള ഡിജിറ്റൽ ഓറിയന്റേഷൻ, വീഡിയോയുടെ ലിങ്ക് അയച്ചുതരുന്നതാണ്.
8 തിങ്കൾ : വി. മറിയം ത്രേസ്യാ
9 ചൊവ്വ : മാർ അപ്രേം
13 ശനി : **ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ മേഖലാതല ഉദ്ഘാടനം – ഓൺലൈൻ**
14 ഞായർ : ശ്ലീഹാക്കാലം മൂന്നാം ഞായർ ഡിജിറ്റൽ ക്ലാസ്സ് 3
21 ഞായർ : ശ്ലീഹാക്കാലം നാലാം ഞായർ ഡിജിറ്റൽ ക്ലാസ്സ് 4
24 ബുധൻ : യോഹന്നാൻ മാംദാനയുടെ ജനനം

27 ശനി : മാർ ഇരണേവൂസ്
28 ഞായർ : ശ്ലീഹാക്കാലം അഞ്ചാം ഞായർ ഡിജിറ്റൽക്ലാസ്സ് 5
29 തിങ്കൾ : മാർ കേപ്പാ പൗലോസ് ശ്ലീഹന്മാർ, കടമുള്ള ദിവസം (ഓഫീസ് അവധി)

**ജൂലൈ 2020**

2 വ്യാഴം : ആഘോഷമായ റംശ
3 വെള്ളി : **ദുക്റാന തിരുനാൾ / സഭാദിനം, അതിരൂപതാ മതാധ്യാപക ദിനം, കടമുള്ള ദിവസം (ഓഫീസ് അവധി)**
5 ഞായർ : ശ്ലീഹാക്കാലം ആറാം ഞായർ ക്ലാസ്സ് 6
6 തിങ്കൾ : ഈശോയുടെ രൂപാന്തരീകരണം

## വിശ്വാസപരിശീലകരുടെ Break the Boredom

കൊറോണയുമായി ബന്ധപ്പെട്ട Lockdown കാലഘട്ടത്തിൽ സന്ദേശനിലയം വിശ്വാസപരിശീലകർക്കായ് ഏർപ്പെടുത്തിയ പരിശീലനപരിപാടികളിൽ 1500 ഓളം അധ്യാപകർ പങ്കെടുത്തു. ലിറ്റർജിക്വിസിലും, വിവിധ ചലഞ്ചുകളിലും തീക്ഷ്ണതയോടെ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. വിജയകര മായി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയവർക്ക് ഓൺലൈൻ സർട്ടിഫിക്കറ്റു കൾ നല്കുന്നതായിരിക്കും.

## ഓൺലൈൻ സ്റ്റാഫ് മീറ്റിംഗുകൾ

ഓൺലൈൻ സ്റ്റാഫ് മീറ്റിംഗുകൾ നടത്തി സ്റ്റാഫ് ഫിക്സേഷൻ, കുട്ടിക ളുടെ പ്രൊമോഷൻ എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുക.

## പ്രൊമോഷൻ ലിസ്റ്റ് & ഫൈനൽ മാർക്ക് ലിസ്റ്റ്

കഴിഞ്ഞ അധ്യയനവർഷത്തെ (2019-20) ആദ്യത്തെ രണ്ടു ടേമുകളുടെ മാർക്കിന്റെയും ഹാജറിന്റെയും അടിസ്ഥാനത്തിൽ ഇടവകകളിലെ പ്രൊമോ ഷൻ ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്. 8, 9 ക്ലാസ്സുകളിലേയ്ക്കുള്ള ഫൈനൽ മാർക്ക്ലിസ്റ്റ് തയ്യാറാക്കി, സപ്ലിമെന്ററി പരീക്ഷയുടെ മാർക്കിന്റെ കോളവും വിശ്വാസോത്സവ സ്കോറിന്റെ കോളവും പൂരിപ്പിക്കാതെ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## പുതിയ ക്ലാസ്സുകളിലേക്കുള്ള പ്രവേശനം

ഒന്നാം ക്ലാസ്സിലേയ്ക്കും മുതിർന്ന ക്ലാസ്സുകളിലേയ്ക്കും ഉള്ള പുതിയ പ്രവേശനത്തിനായി വികാരിയച്ചന്മാർ ഇടവകയുടെ പൊതു വാട്സ് ആപ്പ് ഗ്രൂപ്പുകളിലേയ്ക്ക് സന്ദേശങ്ങൾ അയയ്ക്കുക. ഇങ്ങനെയുള്ളവർ മെയ് 30 ന് മുമ്പായി വികാരിയച്ചനെയോ, ഹെഡ്മാസ്റ്ററെയോ, ഒന്നാം ക്ലാസ്സിലെ ടീച്ച റിനെയോ ബന്ധപ്പെടാനായി അറിയിപ്പുകൾ നല്കാം. അഡ്മിഷൻ ഫോം പിന്നീട് പൂരിപ്പിച്ച് വാങ്ങിയാൽ മതിയാവും.

## പുതിയ വർഷത്തിനായി പ്രാർത്ഥിച്ചൊരുങ്ങാം

മെയ് 30 ശനിയാഴ്ച വൈകുന്നേരം 7 മുതൽ 8 വരെയുള്ള സമയം പ്രാർത്ഥ നയ്ക്കായി മാറ്റിവയ്ക്കുക. കുട്ടികളും അധ്യാപകരും അന്നേദിവസം അവര വരുടെ ഭവനങ്ങളിൽ സായ്ഹാന നമസ്കാരം (റംശാ) ചൊല്ലി പ്രാർത്ഥിക്കേ ണ്ടതാണ്.

## അതിരൂപതാ മതബോധനവർഷ ഉദ്ഘാടനം മെയ് 31

അതിരൂപതാ മതബോധനവർഷ ഉദ്ഘാടനം മെയ് 31 പന്തക്കുസ്താദിന

ത്തിൽ അതിരൂപതാ ചാപ്പലിൽ നടക്കുന്ന പരിശുദ്ധകുർബാനയെ തുടർന്ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവ്വഹിക്കുന്നു. അതിരൂപതയുടെ യൂട്യൂബ് ചാനലിലൂടെ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. തുടർന്ന് രാവിലെ 11.00 ന് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് എല്ലാ പ്രധാന അധ്യാപകരോടും WEBINAR ലൂടെ സംസാരിക്കുന്നതാണ്. താല്പര്യമുള്ള എല്ലാ വിശ്വാസപരിശീലകർക്കും വെബ്നാറിൽ പങ്കെടുക്കാവുന്നതാണ്.

## വിശ്വാസപരിശീലനക്ലാസ്സുകൾ ഓൺലൈനായി ആരംഭിക്കുന്നു.

റഗുലർ വിശ്വാസപരിശീലനക്ലാസ്സുകൾ ആരംഭിക്കുന്നതുവരെ ഓൺലൈൻ ആയി ഞായറാഴ്ചകളിൽ ക്ലാസ്സുകൾ നടത്തേണ്ടതാണ്. ആവശ്യമായ വീഡിയോകളും മറ്റും സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്. ഇക്കാര്യങ്ങൾ ഭംഗിയായി ക്രമീകരിക്കുന്നതിനായി ക്ലാസ്സടിസ്ഥാനത്തിൽ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ മാതാപിതാക്കളുടെ അറിവോടും സഹകരണത്തോടും കൂടി വാട്സ് ആപ്പ് ഗ്രൂപ്പ് ക്രമീകരിക്കുക. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## ഓൺലൈൻ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക്

ക്രിസ്തീയ ഭവനം വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലും വിശ്വാസപരിശീലനത്തിന്റെ അടിത്തറയുമാണെങ്കിൽ മാതാപിതാക്കൾ തന്നെയാണ് കുട്ടിയുടെ പ്രഥമ വിശ്വാസപരിശീലകർ. പ്രത്യേകിച്ച് ഈ ഓൺലൈൻ ഗാർഹിക വിശ്വാസപരിശീലനത്തിൽ പ്രധാന അധ്യാപകർ മാതാപിതാക്കളും ഇടവകയിലെ വിശ്വാസപരിശീലകർ സഹായികളുമാണ്. മാതാപിതാക്കൾ കുട്ടികളുടെ പാഠങ്ങൾ വായിച്ചു മനസ്സിലാക്കുകയും കുട്ടികൾക്ക് പറഞ്ഞുകൊടുക്കേണ്ടതുമാണ്. സന്ദേശനിലയത്തിൽ നിന്നും ഇടവകയിലെ വിശ്വാസപരിശീലകർ വഴി അയയ്ക്കുന്ന ക്ലാസ്സ് വീഡിയോകൾ കുട്ടികളെ കാണിക്കുകയും ക്ലാസ്സിനുശേഷം മാതാപിതാക്കളുടെ നേതൃത്വത്തിൽ വർക്ക്ബുക്ക് പൂരിപ്പിക്കേണ്ടതുമാണ്. പഠിപ്പിച്ചു തീരുന്ന പാഠത്തിനനുസരിച്ച് വർക്കുബുക്കുകളും പൂർത്തിയാക്കുന്ന കുട്ടികൾക്ക് മാത്രമാണ് 100% ഹാജർ ലഭിക്കുക. വാർത്താ മാധ്യമങ്ങളും സോഷ്യൽ മീഡിയായും കുട്ടികളെ ഏറെ സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് ജീവിതത്തിൽ വിജയിക്കുവാൻ വിശ്വാസപരിശീലനം അത്യന്താപേക്ഷിതമാണ് എന്ന കാര്യം നമുക്ക് ഓർമ്മയിൽ സൂക്ഷിക്കാം.

## പ്രത്യേക ശ്രദ്ധയ്ക്ക്

» 2019-20 വർഷത്തിൽ സ്റ്റാർ പദവികൾ നല്കപ്പെടുന്നതല്ല.

» 1 മുതൽ 12 വരെ ക്ലാസ്സുകളിലേയ്ക്കുള്ള ടെക്സ്റ്റ് ബുക്കുകളും 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള വർക്കുബുക്കുകളും ഹാജർബുക്ക് തുടങ്ങിയവ മെയ് 29 മുതൽ സന്ദേശനിലയത്തിൽ നിന്നും വാങ്ങാവുന്നതാണ്. മുഴുവൻ തുകയും അടച്ച് പുസ്തകവും വർക്കുബുക്കും വാങ്ങുന്നവർക്ക് 5% ഡിസ്ക്കൗണ്ട് നല്കുന്നതാണ്.

» അതതു ഫൊറോനകളിൽ എല്ലാ സൺഡേസ്കൂളുകളിലെയും ഹെഡ്മിസ്ട്രസ്, സ്റ്റാഫ് സെക്രട്ടറി എന്നിവരെ ചേർത്തുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകൾ നിർബന്ധമായും ഉണ്ടാകണം.

» പുതിയ അധ്യയനവർഷത്തേയ്ക്കുള്ള പരിശീലനപരിപാടികളെക്കുറിച്ച് പിന്നീട് അറിയിക്കുന്നതാണ്.

*ശേഷം പേജ് 57 ൽ........*

മിശിഹായിൽ സ്നേഹമുള്ളവരെ,

ഒരു പുതിയ അധ്യയനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ സംഘടനാ പ്രവർത്തനത്തിന് ഒത്തിരിയേറെ പരിമിതികൾ ഉണ്ട്. എങ്കിലും തീക്ഷ്ണതയോടെ പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് അനേകർക്ക് അനുഗ്രഹം വാങ്ങിക്കൊടുക്കുവാൻ പരിശ്രമിക്കാം. പരിശുദ്ധാത്മാവിന്റെ നിറവിനായ് നമുക്ക് പ്രാർത്ഥിക്കാം. പെന്തക്കുസ്താ തിരുനാളിന്റെ ആശംസകൾ നേരുന്നതിനൊപ്പം, പുതിയ അധ്യയനവർഷത്തിൽ എല്ലാ നന്മകളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ജൂൺ 2020**

| | | |
|---|---|---|
| 2 ചൊവ്വ | : | ധന്യൻ മാർ തോമസ് കുര്യാളശ്ശേരി |
| 5 വെള്ളി | : | സ്വർണ്ണവെള്ളി |
| 9 ചൊവ്വ | : | മാർ അപ്രേം |
| 13 ശനി | : | അതിരൂപതാ മേഖലാതല ഓൺലൈൻ പ്രവർത്തനവർഷ ഉദ്ഘാടനം |
| 19 വെള്ളി | : | ഈശോയുടെ തിരുഹൃദയ തിരുനാൾ |
| 20 ശനി | : | മാതാവിന്റെ വിമലഹൃദയ തിരുനാൾ |
| 27 ശനി | : | മാർ ഇരണേവൂസ് |
| 29 തിങ്കൾ | : | മാർ കേപ്പാ പൗലോസ് ശ്ലീഹന്മാർ, കടമുള്ള ദിവസം (ഓഫീസ് അവധി) |

**ജൂലൈ 2020**

| | | |
|---|---|---|
| 2 വ്യാഴം | : | ആഘോഷമായ റംശ |
| 3 വെള്ളി | : | ദുക്റാന തിരുനാൾ / സഭാദിനം, കടമുള്ള ദിവസം (ഓഫീസ് അവധി) |
| 6 തിങ്കൾ | : | ഈശോയുടെ രൂപാന്തരീകരണം |

**അറിയിപ്പ് :** കയ്യെഴുത്തുമാസിക തയ്യാറാക്കിയിട്ടുള്ളവർ ജൂൺ 15-നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കണമെ.

### ആദരാഞ്ജലികൾ

ഒരു ദശാബ്ദക്കാലം ചമ്പക്കുളം മേഖലാ ജോയിന്റ് ഡയറക്ടറായി സ്തുത്യർഹമായ രീതിയിൽ സേവനമനുഷ്ഠിച്ച് ഇഹലോകത്തിൽ നിന്നും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഞങ്ങളുടെ പ്രിയ ബഹുമാനപ്പെട്ട സി. മരീസ കരിക്കംപള്ളി എസ്.എ.ബി.എസ്. ന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ പ്രാർത്ഥനാമഞ്ജരികൾ.

അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് ജോയിന്റ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന സി. ജെയ്സി എസ്.ഡി.യുടെ പിതാവിന്റെ നിര്യാണത്തിൽ അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ പ്രിയരേ,

പന്തക്കുസ്താതിരുനാൾ ആശംസകൾ ഏവർക്കും നേരുന്നു. പരിശുദ്ധാത്മ ശക്തിയാൽ നമ്മുടെ ജീവിതങ്ങൾക്ക് പുതിയ ഉണർവുണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ നാം ഈ വർഷം നടത്താനിരുന്ന പല സമ്മേളനങ്ങളും പരിപാടികളും മാറ്റിവയ്ക്കേണ്ടതായി വന്നു. എങ്കിലും ഓൺലൈൻവഴി ഏതാനും കാര്യങ്ങൾ സംഘടിപ്പിക്കാൻ സാധിച്ചു.

'സുവിശേഷപ്രഘോഷണം നവമാധ്യമങ്ങളിലൂടെ അത്മായപങ്കാളിത്തത്തോടെ' എന്നതിൽ ശ്രദ്ധയൂന്നി ദൈവവചനത്തെ കൂടുതൽ സ്വന്തമാക്കാൻ കൂടുതൽ ഓൺലൈൻ പരിപാടികൾ നടത്താൻ ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഈ വർഷത്തെ ലോഗോസ് ക്വിസ്മത്സരം ഒക്ടോബർ 4-ാം തീയതിയാണ്. കൂടുതൽ നന്നായി പഠിച്ചൊരുങ്ങാം. ലോഗോസ് ക്വിസ് മാതൃകാചോദ്യങ്ങളടങ്ങിയ പഠനസഹായി ജൂൺ 10-ാം തീയതി മുതൽ ഓഫീസിലും സെന്റ് ജോസഫ് ഓർഫനേജ് ബുക്ക്സ്റ്റാളിലും ലഭ്യമാക്കുന്നതാണ്.

ഈ ലോക്ക്ഡൗൺ കാലത്ത് കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ നേതൃത്വത്തിൽ ഇടവകകളിൽ ചെയ്ത പ്രവർത്തനങ്ങളുടെ ഒരു ചെറിയ കുറിപ്പും ഫോട്ടോസ് ഉണ്ടെങ്കിൽ അതും ഓഫീസ് നമ്പറിലേയ്ക്ക് (7306208356) അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജെന്നി കായംകുളത്തുശേരി**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### വചനം വിരൽത്തുമ്പിൽ

കൊറോണാ വൈറസ് വ്യാപനം തടയുവാൻ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓൺ ലൈനായി കുടുംബക്കൂട്ടായ്മ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങൾ നടത്തിയ 'വചനം വിരൽത്തുമ്പിൽ' മത്സര ഫലങ്ങൾ താഴെ ചേർക്കുന്നു. പ്രസ്തുത മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നായി 1400 ഓളം പേർ പങ്കെടുത്തു.

**വിജയികളുടെ പേരു വിവരങ്ങൾ**

**1. March. 31, St. Mark 1-8**

1st Tojo Vettimukal
2nd Annu Tiya Ponkunnam
3rd Shanty Mathew Ponkunnam
4th Antony Jose Pilincunnu
5th Regina Tojo Vettimukal

**Complimentary prizes**
Jisa George Champakkara
Thomaskutty Jose Punnapra

**2. April 4, 1corinthians 1-8**

1st Nidhi Anton Kailath Mammood
2nd Tom Jose Pulincunnu
3rd Jisa George Champakkara
4th Bismi K.U. Champakkara
5th Theresa James Thrikodithanam

**Complimentary prizes**

Milan Soby Pulincunnu
Jenet James Thrikodithanam
Aleena Joseph Chennamkary
Annu Tiya Ponkunnam
Anna Pops Anjalippa
Ashmy Ann Varghese Lisieux Kavalam

**3. April 8, Ecclesiasticus**

1st Jisa George Champakkara
2nd Jino George Champakkara
3rd Reshma St. Thomas elamkulam
4th Tom Jose Pulincunnu
5th Anna Pops Anjalippara

**Complimentary prizes**

Ashmy Ann Varghese Lisieux Kavalam
Aleena Joseph st. Joseph's Chennamkary

**4. April 13, Dreuteronomy 22-34**

1st Jisa George Champakkara
2nd Annu Tiya Ponkunnam
3rd Thomaskutty Jose Punnapra
4th Ashmy Ann Varghese Lisieux Kavalam
5th Sabu Mathew Venchempu

**Complimentary prizes**

Aleena Jaimon L.F. Arpookkara

## ലോഗോസ് ക്വിസ് മാതൃകാ പരീക്ഷ ഓൺലൈൻ

ലോഗോസ് ക്വിസ് 2020 മത്സരത്തിനായി ഒരുങ്ങുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ പഠനവിഷയങ്ങൾ ഉൾപ്പെടുത്തി 2020 മെയ് 15 ന് ഓൺലൈൻ ക്വിസ് മത്സരം നടത്തി. നിരവധിപേർ മത്സരത്തിൽ പങ്കെടുത്തു. ഇത് ഏറെ ഫലപ്രദമായിരുന്നു എന്ന് പലരും അഭിപ്രായപ്പെട്ടു. **അടുത്ത മത്സരം ജൂലൈ 15, 8:15 p.m.**

## വചന മത്സരങ്ങൾ - വൈദിക വിദ്യാർഥികൾക്ക്

അഭി. മാർ തോമസ് തറയിൽ പിതാവിന്റെ നിർദ്ദേശാനുസരണം വൈദിക വിദ്യാർഥികൾക്കായി വിവിധ വചനാധിഷ്ഠിത മത്സരങ്ങൾ ഓൺലൈനായി നടത്തപ്പെട്ടു. ഫിലോസഫി വിഭാഗത്തിനായിപ്രസംഗ രചനാ മത്സരവും തിയോളജി വിഭാഗത്തിനായിപ്രസംഗ അവതരണ മത്സരവും കൂടാതെ പൊതു വിഭാഗങ്ങൾക്കായി ബൈബിൾ ക്വിസ്, വചനം മനഃപാഠമാക്കി എഴുതൽ, ബൈബിൾ സ്ക്രിപ്റ്റ് റൈറ്റിംഗ് എന്നി മത്സരങ്ങളും സംഘടിപ്പിച്ചു.

### വിജയികളുടെ പേരു വിവരങ്ങൾ

**പ്രസംഗമത്സരം (തത്വശാസ്ത്രം)**

Ist Arackathara Antony
2nd Vadakeattathu Mathew
Kuzhikuthiyaniyil Thomas
3rd Puthuparampil Joseph

**പ്രസംഗമത്സരം (ദൈവശാസ്ത്രം)**

1st Srambickal Varkery
2nd Aruvanparambil Varghese
Pallichira Mathew
3rd Punnassery Xavier

**ബൈബിൾ ക്വിസ്മത്സരം**

1st Madathummuriyil Joel
2nd Vadakeattathu Mathew
3rd Ponnattil Joseph
Kizhakkethalakkal Antony
Kavanattu Mathew
Chorettu Joseph

**വചനം മനഃപാഠമാക്കി എഴുതൽ**

1st Puthenpurayil Mathew
2nd Aruvanparambil Varghese
3rd Puthuveetikalam Joseph

**Script Writing**

1st Puthuparampil Joseph
2nd Punnassery Xavier
3rd Puthenparambil John
Vattaparambil John

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് 2020

ലോഗോസ് ക്വിസ് 2020 മത്സരത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 2020 ജൂൺ 1 ന് ആരംഭിച്ച് ഓഗസ്റ്റ് 15 ന് അവസാനിക്കുന്നു. ഈ അവസരം ദൈവം ബൈബിൾ പഠനത്തിനായി നൽകിയിരിക്കുന്ന സമയമായിക്കരുതി വചനം പഠിച്ചൊരുങ്ങാം.

വിഷയം: നിയമാവർത്തനം 22 – 34
പ്രഭാഷകൻ 18 – 22
മർക്കോസ് 1 – 8
1 കോറി 1 – 8

രൂപതാതല മത്സരം 2020 ഒക്ടോബർ 4 ഞായർ ഉച്ചകഴിഞ്ഞ് 2:00 മുതൽ 3:30 വരെ അതാത് ഇടവകകളിൽവച്ച് നടത്തപ്പെടുന്നു.

## ലോഗോസ് ക്വിസ് പഠന സഹായി

ലോഗോസ് ക്വിസ് പഠനം കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ലോഗോസ് ക്വിസ് പരീക്ഷാ മാതൃകയിൽ പഠന സഹായി തയ്യാറായിരിക്കുന്നു. കുടുംബക്കൂട്ടായ്മാ ഓഫീസിൽ നിന്നും, സെന്റ് ജോസഫ് പ്രസിൽ നിന്നും ജൂൺ 10 മുതൽ ലഭിക്കുന്നതാണ്. 10 ൽ കൂടുതൽ വാങ്ങിയാൽ കമ്മീഷൻ ലഭിക്കുന്നതാണ്.

## ബിബ്ലിയ

'സുവിശേഷപ്രഘോഷണം നവമാധ്യമങ്ങളിലൂടെ അത്മായ പങ്കാളിത്ത ത്തോടെ' എന്നത് ലക്ഷ്യംവച്ചുകൊണ്ട് വരും കാലങ്ങളിൽ ഏതാനും പരി പാടികൾ ഓൺലൈനായി നടത്താൻ ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

---

*സന്ദേശനിലയം തുടർച്ച...*

## അതിരൂപതാ ചരിത്രപഠനക്വിസ്

133-ാമത് അതിരൂപതാ ദിനവുമായി ബന്ധപ്പെട്ട് സന്ദേശനിലയം സംഘ ടിപ്പിച്ച അതിരൂപതാ ചരിത്രപഠനക്വിസിൽ താല്പര്യത്തോടെ പങ്കെടുത്ത എല്ലാ അതിരൂപതാ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. വിജയികളെ പ്രത്യേകം അഭിനന്ദിക്കുന്നു. ആദ്യത്തെ 10 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കു ള്ള ക്യാഷ് അവാർഡ് വിതരണം സന്ദേശനിലയത്തിന്റെ ഏറ്റവും അടുത്തു നടക്കുന്ന പൊതുസമ്മേളനത്തിൽ വച്ച് നല്കപ്പെടുന്നതായിരിക്കും. 11 മുതൽ 133 വരെയുള്ള വിജയികളുടെ പ്രോത്സാഹനസമ്മാനം സന്ദേശനിലയത്തിൽ നിന്നും ജൂൺ 1 മുതൽ വാങ്ങാവുന്നതാണ്.

**ആദ്യത്തെ 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ**

1. അൽഫോൻസാ തെരേസാ സുജിത്ത് – സെന്റ് മേരീസ് ചർച്ച് ഇത്തിത്താനം
2. തോമസ് വർഗ്ഗീസ് തടത്തിൽ – കരിമ്പനക്കുളം
3. ജിനോ ജോർജ്ജ് – സെന്റ് ജോസഫ്സ് ചമ്പക്കര

## ആദരാഞ്ജലികൾ

അതിരൂപതാ CRT അംഗമായ സി. ജെയ്സി എസ്.ഡി.യുടെ പിതാവി ന്റെയും വടക്കേഅമിച്ചകരി ഗ്ലോറിയ ഗാർഡൻ സൺഡേസ്കൂൾ അധ്യാ പികയും CRT അംഗവുമായ സി. മരീസ കരിക്കംപള്ളി എസ്.എ.ബി.എസ്. ന്റെയും കരിക്കാട്ടൂർ സെന്റ് ജെയിംസ് സൺഡേസ്കൂൾ ആധ്യാപിക കുമാരി നീതു സെബാസ്റ്റ്യന്റെയും മാന്നാനം XII അപ്പസ്തോലേറ്റ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി റ്റെസി ലൂക്കോസിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മ ശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോമിശിഹായിൽ പ്രിയ കുടുംബപ്രേഷിതരേ,

കോവിഡ്-19 പ്രതിരോധത്തിന്റെ കാലഘട്ടത്തിലാണല്ലോ നാം. വൈറസിനോടൊപ്പം കനത്ത മഴയും നമ്മുടെ ആരോഗ്യത്തെയും സാമൂഹിക സാമ്പത്തികസ്ഥിതിയെയുമൊക്കെ ദുർബലപ്പെടുത്തും. ഇവിടെ നാം വളരെയധികം ശ്രദ്ധയും കരുതലുമുള്ളവരാകണം.

അതിനേക്കാളേറെ നമ്മെ ഭയപ്പെടുത്തുന്ന മറ്റൊരു കാര്യത്തെക്കുറിച്ച് നാം ഏറെ ജാഗരൂകരായിരിക്കണം. നാം ദൈവാലയത്തിൽപോയി വിശുദ്ധ കുർബാനയിലും മറ്റു ആത്മീയകർമ്മങ്ങളിലും പങ്കെടുത്തിട്ട് ഏകദേശം 80 ദിവസങ്ങൾ കഴിഞ്ഞു. സമ്പർക്കമില്ലാത്തടത്തോളം അടുപ്പത്തിലും കുറവു വരും. അതുകൊണ്ട് ഈ കാലഘട്ടത്തിൽ ഒരു ആത്മീയ വരൾച്ച ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കുടുംബപ്രേഷിതരുടെ ഒരു പ്രധാനപ്പെട്ട ശുശ്രൂഷയാണ് മദ്ധ്യസ്ഥപ്രാർത്ഥന. പ്രത്യേകിച്ച് യുവജനങ്ങൾക്കുവേണ്ടിയും കുട്ടികൾക്കുവേണ്ടിയും നമുക്ക് മദ്ധ്യസ്ഥപ്രാർത്ഥന നടത്താം.

മദ്യപാനത്തിൽനിന്ന് കഴിഞ്ഞ 75 ദിവസങ്ങളായി മാറിനില്ക്കുന്ന അനേകംപേർ ഉണ്ട്. സ്ഥിരമായ ഒരു ഹാബിറ്റിൽനിന്ന് മോചനം നേടാൻ 60 ദിവസം മതിയെന്നാണ് സാധാരണ കരുതപ്പെടുന്നത്. അങ്ങനെയെങ്കിൽ ലഹരിയോടുള്ള ആസക്തിയും ആഗ്രഹവും ഇപ്പോൾ പലർക്കും നഷ്ടപ്പെട്ടിട്ടുണ്ടാകണം. ആയതിനാൽ ബാറും ബിവറേജസും തുറക്കുന്ന കാലഘട്ടത്തിൽ മദ്യപാനശീലമുള്ളവരെ മറ്റു കാര്യങ്ങളിൽ വ്യാപൃതരാക്കിയും ലഹരിവിമുക്തിക്കനുകൂലമായ സാഹചര്യമുണ്ടാക്കിയും നമുക്ക് സഹായിക്കാം. ഇപ്പോൾ നാം ഒരുമിച്ച് ശ്രമിച്ചാൽ മദ്യവിമുക്തകുടുംബം എന്ന ആശയം പൂർണ്ണതയിലെത്തിക്കാൻ നമുക്കാവും.

ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## കർമ്മപരിപാടികൾ

### 1. എൽറോയ് ലിറ്റർജിക്കൽ ക്വിസ്മത്സരം 2020

ലിറ്റർജിക്കൽ ക്ലാസുകൾ മെയ് 31 പന്തക്കുസ്താ തിരുനാൾ ദിവസം ആരംഭിച്ച് 4 മാസംകൊണ്ട് സമാപിക്കുന്നു.

വി. കുർബാന ഉൾപ്പെടെയുള്ള വിശദമായ ക്ലാസ്സിന്റെ വീഡിയോ / ഓഡിയോ എല്ലാവരുടെയും വാട്സാപ്പിലേക്ക് അയച്ച് തരും. പരമാവധി ഇടവകയുടെ വിവിധ വാട്സ്ആപ്പ് ഗ്രൂപ്പിലേക്ക് ഷെയർ ചെയ്യണം. ക്വിസ് മത്സരം മാതൃ-പിതൃവേദി അംഗങ്ങൾക്ക് മാത്രമല്ല ഇടവകയിലെ എല്ലാം കുടുംബങ്ങൾക്കും വേണ്ടിയാണ് നടത്തുന്നത് (ഒരു കുടുംബം ഒരു ടീം ആയിട്ട് കരുതുന്നു).

ആഴ്ചയിൽ രണ്ട് ക്ലാസ്സ് (ഞായർ, വ്യാഴം) (വീഡിയോ ആയി അയച്ച് തരുന്നതാണ്).

ഓരോ മാസവും ഓൺലൈനിൽ തന്നെ ക്വിസ് മത്സരം ഉണ്ടാകും. വിജയിക്കുന്നവർക്ക് പ്രോത്സാഹനസമ്മാനം ഉണ്ടായിരിക്കും.

4 മാസംകൊണ്ട് ക്ലാസ് പൂർണ്ണമാകുമ്പോൾ മെഗാക്വിസ് മത്സരം ഉണ്ടാകും.

ഒന്നാം സമ്മാനം 5000/- രൂപ.
രണ്ടാം സമ്മാനം 3000/- രൂപ.
മൂന്നാം സമ്മാനം 2000/- രൂപ.

എന്നീ ക്രമത്തിൽ ലഭിക്കുന്നതാണ്. ഓരോ അവസരത്തിലും യഥാസമയം വിശദവിവരങ്ങൾ അറിയിക്കുന്നതാണ്. യൂണിറ്റുകളിൽ മെഗാക്വിസ് പ്രോഗ്രാം വിജയിപ്പിക്കാനും, ഇടവകയുടെ എല്ലാ കുടുംബങ്ങളും സജീവമായി സഹകരിക്കാനും ആവശ്യമായ എല്ലാവിധ ക്രമീകരണങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് മാതൃ-പിതൃവേദി യൂണിറ്റ് ഭാരവാഹികൾ ചെയ്യേണ്ടതാണ്.

## 2. ലോക പരിസ്ഥിതിദിനം ജൂൺ 5 വെള്ളിയാഴ്ച

അതിരൂപതതല പ്രോഗ്രാം ജൂൺ നാലാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു (അതിരൂപത ഭാരവാഹികൾ മാത്രം പങ്കെടുക്കണം).

ജൂൺ 5 വെള്ളിയാഴ്ച പരിസ്ഥിതിദിനം ഫൊറോന, യൂണിറ്റുകൾ സമുചിതമായി ആചരിക്കണം. ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ ഫൊറോന പള്ളികളിലും യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ഇടവക പള്ളിയിലും ഉച്ചകഴിഞ്ഞ് ഫലവൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്ന പ്രോഗ്രാം നടത്തണം.

ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാർ, ബഹു. വികാരി അച്ചന്മാർ എന്നിവരോട് ബന്ധപ്പെട്ട് ഭാരവാഹികൾ ആലോചിച്ച് സാഹചര്യം അനുസരിച്ച് കൂടുതൽ ഭംഗിയായി പ്രസ്തുത പ്രോഗ്രാം ക്രമീകരിക്കാവുന്നതാണ്.

ഫലവൃക്ഷത്തൈകൾ ചാസ് ഓഫീസുകൾ, കൃഷിഭവൻ തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വാങ്ങാവുന്നതാണ്.

പ്രസ്തുത പരിപാടികളുടെ പൊതുവായ ഫോട്ടോകൾ ഒന്നിച്ച് (ഫൊറോന + യൂണിറ്റുകൾ) ഒരു ഫൊറോനയ്ക്ക് ഒരു വീഡിയോ എന്ന ക്രമത്തിലാക്കി ഫൊറോന സമിതി അതിരൂപതയിലേക്ക് പത്താം തീയതിക്ക് മുൻപ് അയച്ച് തരേണ്ടതാണ്.

## 3. ലോക പിതൃദിനം ജൂൺ 21 ഞായർ

അന്നേദിവസം യൂണിറ്റുകളിൽ പതാക ഉയർത്തി പിതൃവേദി ആന്തം ആലപിക്കേണ്ടതാണ്.

ഇടവകകളിലെ എല്ലാ കുടുംബങ്ങളും സ്വയംപര്യാപ്തരാകുന്നതിന്റെ ഭാഗമായി മാലിന്യമില്ലാത്ത നല്ല പച്ചക്കറിത്തോട്ടം ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ അന്നേദിവസം ഇടവക കുടുംബകൂട്ടായ്മ വാർഡ്തലത്തിൽ ഒരു കുടുംബം സെലക്ട് ചെയ്ത് (ഒരു വാർഡിൽ ഒരു കുടുംബം) പച്ചക്കറി അടുക്കളത്തോട്ടം നിർമ്മാനം ആരംഭിക്കണം. ആരംഭിച്ചിട്ടുണ്ടെങ്കിൽ വിപുലപ്പെടുത്താൻ അന്നേദിവസം മുതൽ ശ്രമിക്കണം.

യൂണിറ്റ് ഭാരവാഹികൾ ഇടവകയിൽ മീറ്റിംഗ്കൂടി ഓരോ വാർഡിനും ഒരാളെ ചുമതലപ്പെടുത്തി ഇടവകയുടെ എല്ലാ വാർഡിലും പിതൃദിനത്തിൽ പച്ചക്കറി അടുക്കളത്തോട്ടനിർമ്മാണം ആരംഭിച്ച് ഒരു മാസത്തിനകം എല്ലാ കുടുംബങ്ങളിലും പൂർത്തിയാക്കണം / വിപുലപ്പെടുത്തണം.

ഫൊറോനതലത്തിൽ യൂണിറ്റുകളിലും വാർഡുകളിലും നടക്കുന്ന പ്രോഗ്രാം ഒന്നിച്ച് ഒരു വീഡിയോ ആയി ഫൊറോന സമിതി അതിരൂപത ഓഫീസിൽ യഥാസമയം അയച്ച്തരണം. പ്രത്യേക പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനസമ്മാനം ഉണ്ടായിരിക്കുന്നതാണ്.

## 4. സെനക്കിൾ പ്രയർ (പ്രത്യേക പ്രാർത്ഥനകൂട്ടായ്മ)

മെയ് 31 പന്തക്കുസ്താതിരുനാൾ ഞായറാഴ്ച മുതൽ എല്ലാ ഞായറാഴ്ചയും വൈകിട്ട് 7:30 മുതൽ 8:30 വരെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും ഒരേസമയം നിശ്ചിത നിയോഗങ്ങൾക്കുവേണ്ടി കുടുംബങ്ങളിൽ തന്നെ ആയിരുന്നുകൊണ്ട് പ്രത്യേകം പ്രാർത്ഥിക്കുന്നു. അതിരൂപത ഫൊറോന ഡയറക്ടറച്ചന്മാർ ഇതിന് പൊതുവായി നേതൃത്വം നൽകും.

അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകിച്ച് മഹാമാരികളിൽനിന്നുള്ള സൗഖ്യത്തിനായി പ്രത്യേകം പ്രാർത്ഥിക്കാം.

ഓരോ ആഴ്ചയിലെയും പ്രാർത്ഥനനിയോഗങ്ങൾ, പ്രാർത്ഥന ചൈതന്യം, പ്രാർത്ഥനയുടെ രീതി, ആത്മീയ സന്ദേശം ഇവ ഉൾകൊള്ളുന്ന അതിരൂപത ഡയറക്ടറച്ചന്മാരുടെ ഓഡിയോ / വീഡിയോ സന്ദേശങ്ങൾ വാട്സ്ആപ്പ് വഴി ഓരോ ശനിയാഴ്ചകളിലും അയച്ചുതരുന്നതാണ്.

ഓരോ ഇടവകയുടെ സാഹചര്യം അനുസരിച്ച് വികാരിയച്ചന്മാരോട് ആലോചിച്ച് വിപുലമായി, ഭംഗിയായി ഭക്തിയോടെ പ്രാർത്ഥന നടത്തുവാൻ യൂണിറ്റ് ഭാരവാഹികൾ കുടുംബങ്ങളെ നേരത്തെ വിശദവിവരങ്ങൾ അറിയിച്ച് ക്രമീകരിക്കേണ്ടതാണ്.

## 5. ഹെൽപ്പ് ഡസ്ക്

ജൂൺ അഞ്ചാം തീയതി പരിസ്ഥിതിദിനത്തിൽ ഹെൽപ്പ് ഡസ്ക് പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ആരംഭിക്കണം.

വിവിധ കൃഷി സംബന്ധിച്ചുള്ള വിവരങ്ങൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സഹായങ്ങൾ, വിവിധ ബാങ്കുകൾ, എന്നിവ വഴി ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ, വിവിധ ഇൻഷുറൻസ് പരിരക്ഷകൾ എന്നിവയെ സംബന്ധിച്ച് ഇടവകജനത്തിന് യഥാസമയം അറിവ് നൽകുന്നതിനും സഹായിക്കുന്നതിനും ഹെൽപ്പ് ഡസ്ക് പ്രവർത്തനങ്ങൾ ആരംഭിക്കണം. നിലവിലുള്ള സംവിധാനത്തോട് (CHASS, CARP) സഹകരിച്ചും വികാരി അച്ചന്മാരുടെ നിർദ്ദേശം അനുസരിച്ചും ആകണം ഹെൽപ്പ് ഡസ്ക് പ്രവർത്തിക്കേണ്ടത്.

അതിരൂപതതലത്തിൽ അതിരൂപത ഭാരവാഹികളും ഫൊറോനതലത്തിൽ ഫൊറോനാഭാരവാഹികളും യൂണിറ്റുതലത്തിൽ യൂണിറ്റ് ഭാരവാഹികളും ഹെൽപ്പ് ഡെസ്കിന് നേതൃത്വം നൽകണം. ഇത് സംബന്ധിച്ച് ഇടവകയിൽ ഉചിതമായ എക്സ്പേർട്ടുകൾ ലഭ്യമാണെങ്കിൽ അങ്ങനെയുള്ളവരെകൂടി ഹെൽപ്പ് ഡെസ്കിൽ ഉൾപ്പെടുത്തണം.

## 1. യൂത്ത് ട്രെയിനിങ് പ്രോഗ്രാം 2020

യുവജന നേതാക്കന്മാരെ സഭയ്ക്കും സമൂഹത്തിനും വേണ്ടി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ (YTP) 2020 വർഷത്തെ ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക :9446347313, 9656530274

## 2. Y Magazine

യുവജങ്ങളുടെ കലാസൃഷ്ടികളെ പ്രോത്സാഹിപ്പിക്കാനും അവയെ മറ്റുള്ളവരില്ലേക്ക് എത്തിക്കാനുമായി Y Magazine's എന്ന പേരിൽ ഓൺലൈനായി മാഗസിൻ പ്രസിദ്ധീകരിക്കുന്നു.

## 3. പരിസ്ഥിതി ദിനാചരണം

പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് 'പ്ലാസ്റ്റിക് ഉപേക്ഷിക്കുക, മാലിന്യം ഇല്ലാതാക്കുക, പ്രകൃതിയിലേക്ക് മടങ്ങുക' എന്ന ലക്ഷ്യത്തോടെ യൂണിറ്റുകളുടെ യുവദീപ്തിയുടെ നേതൃത്വത്തിൽ ഒരു ലക്ഷം പേപ്പർ ബാഗ് നിർമ്മിച്ചു വിതരണം ചെയ്യുവാനും അടുക്കളതോട്ട നിർമ്മാണം നടത്തുവാനും ഒരുങ്ങി യുവദീപ്തി എസ്.എം.വൈ.എം. യൂണിറ്റ്, ഫൊറോന, അതിരൂപത ഭാരവാഹികൾ 1000 അടുക്കളത്തോട്ടം നിർമ്മിച്ച് ഈ പരിസ്ഥിതി ദിനത്തിൽസ്വയം പര്യാപ്തത യുടെയും വിഷരഹിത പച്ചക്കറികൃഷിയുടെയും മഹത്തായ സന്ദേശം സമൂഹ ത്തിന് നൽകുന്നു.

## 4. ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം

പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകനും മുൻകാല യുവദീപ്തി പ്രവർത്തക നുമായ ശ്രീ. ആന്റപ്പൻ അമ്പിയായം സ്മരണാർത്ഥം നടത്തപ്പെടുന്ന ആന്റപ്പൻ അമ്പിയായം പ്രസംഗമത്സരം ഈ വർഷം ജൂൺമാസം ഓൺലൈനായി നടത്തപ്പെടും.

## 5. സുഭിക്ഷം പദ്ധതി

കേരളസർക്കാർ രൂപീകരിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി യുവജനങ്ങൾ രജിസ്റ്റർ ചെയ്യുന്നത്തിനുള്ള ക്യാമ്പയിൻ യുവദീപ്തിഎസ്. എംവൈ. എം. ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## 6. മീഡിയസെൽ, കരിയർസെൽരൂപികരണം

2020 പ്രവർത്തനവർഷത്തിൽ യുവദീപ്തിഎസ്. എംവൈ. എം.ന്റെ നേതൃത്വത്തിൽ മീഡിയസെല്ലും കരിയർസെല്ലും രൂപികരിച്ചു. മീഡിയ കോർഡിനേറ്ററായി ടോണി മണിമലപറമ്പിലും കരിയർ കോർഡിനേറ്ററായി അഖിൽ ജോർജ് ചാക്കോയും അതിരൂപതതലത്തിൽ തിരഞ്ഞെടുക്കപ്പെട്ടു.

## 7. Online പ്രസംഗംമത്സരം

ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തിഎസ്. എം. വൈ. എം. ന്റെ സ്ഥാപക ഡയറക്ടറായ ഫാ. ജെയിംസ് പറപ്പള്ളി മെമ്മോറിയൽ അഖിലകേരള ഓൺലൈൻ പ്രസംഗമത്സരം ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം.

*ശേഷം പേജ് 73 ൽ....*

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

അനിതരസാധാരണമായ ഒരു ദുർഘട സാഹചര്യത്തിലൂടെയാണ് ലോക സമൂഹം കടന്നുപോകുന്നത്. ചരിത്രത്തിൽ ഭീകരമായ പകർച്ചവ്യാധികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊട്ടിപുറപ്പെടുകയും ലക്ഷകണക്കിന് ജീവനുകൾ അപഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, എല്ലാ ഭൂഖണ്ഡ ങ്ങളെയും ഒരുപോലെ ബാധിച്ച, ലോകരാജ്യങ്ങൾ തന്നെ മാസങ്ങളോളം അട ച്ചിടപ്പെട്ട അനുഭവം ആദ്യമായിരിക്കും. ആധുനിക ശാസ്ത്രം ഒരു വൈറസിനു മുമ്പിൽ നിസ്സഹായമായി നിൽക്കുകയാണ്. സാമൂഹ്യ അകലം പാലിച്ചും, സാനിറ്റൈസർ/സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകിയും, മാസ്ക് ധരിച്ചും രോഗവ്യാപനത്തിന്റെ കണ്ണിപൊട്ടിക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിവിദൂരമല്ലാത്ത ഭാവിയിൽ ഈ ലോകപകർച്ചവ്യാധി (Pandemic) യെ കീഴടക്കുന്നതിന് മനുഷ്യന്റെ ധിഷണാശക്തിയെ ദൈവം സഹായിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഏതൊരു ദുരന്തവും പോലെ കോവിഡ്-19 മഹാമാരിയുടെയും തിക്തഫ ലങ്ങൾ കൂടുതൽ അനുഭവിക്കുന്നത് സമൂഹത്തിലെ ദരിദ്രർ, പാർശ്വവത്ക രിക്കപ്പെട്ടവർ, കുടിയേറ്റക്കാർ, തൊഴിലാളികൾ, രോഗികൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ തുടങ്ങിയവരാണ്. യൂറോപ്യൻ രാജ്യങ്ങളിൽ കോവിഡ്-19 പരിധിവിട്ട് വ്യാപിച്ച സാഹചര്യത്തിൽ വയോജനങ്ങൾക്ക് ആശുപത്രികളിൽ ചികിത്സപോലും നിഷേധിച്ചതായി റിപ്പോർട്ടുകളുണ്ടായിരുന്നു. വടക്കേ ഇൻഡ്യയിൽ അന്യസംസ്ഥാനതൊഴിലാളികളുടെ കൂട്ടപലായനത്തിന്റെയും അനുബന്ധദുരന്തങ്ങളുടെയും വാർത്തകൾ ഓരോ ദിവസവും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. വിദേശങ്ങളിൽ നിന്ന് തിരിച്ചെത്തുന്ന പലർക്കും ജോലി നഷ്ടപെട്ടിട്ട് മാസങ്ങൾ കഴിഞ്ഞു എന്നാണ് മനസ്സിലാക്കുന്നത്. സാമ്പത്തിക മാന്ദ്യം വളർച്ച മുരടിപ്പിച്ച് കൂടുതൽ തൊഴിൽ രഹിതരെയും ദരിദ്രരെയും സൃഷ്ടിക്കുന്നു.

ഏതൊരു ദുരന്തവും വലിയ സാധ്യതകൾ സൃഷ്ടിക്കുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യം. ഈ അവസരം സാമൂഹിക, സാമ്പത്തിക വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തുവാൻ നാം പരിശ്രമിക്കണം. കാർഷിക മേഖലയുടെ പുന രുജ്ജീവനത്തിനും സാമ്പത്തിക വളർച്ചക്കും വേണ്ടി ആവിഷ്ക്കരിച്ച് ചാസ് നടപ്പാക്കുന്ന 'ഹരിതസമൃദ്ധി 2020' ൽ ഏവരും കണ്ണിചേരണമെന്ന് അഭ്യർത്ഥി ക്കുന്നു. ഇപ്പോൾ മൂലധന സമാഹരണവും വിതരണവും ചെറുകിടസംരംഭ ങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉദ്പ്പാദനവും വിപണനവും തുടങ്ങിയവ ഏറെ പ്രസക്തമാണ്. ലോക്ക്ഡൗൺ കാലയളവിൽ യൂണിറ്റുകളുടെ നേതൃത്വ ത്തിൽ നടത്തിയ എല്ലാ ജീവകാരുണ്യ സാമൂഹ്യ ഇടപെടലുകളും അഭിനന്ദനം അർഹിക്കുന്നു. തുടർന്നും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. അതിരൂപതാ ഭവനനിർമ്മാണ പദ്ധതി മാർച്ച്-മെയ് 2020

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| സെന്റ് തെരേസാസ് കാവാലം | 3 | 1 | 95,000 |
| പുന്നക്കുന്നം | 1 | 1 | 50,000 |
| കുട്ടമംഗലം | 1 | 1 | 40,000 |
| അറുന്നൂറ്റിൻപാടം | 3 | 1 | 1,75,000 |
| പുഴവാത് | 2 | 1 | 1,00,000 |
| കൈനകരി | 5 | 1 | 2,30,000 |
| ചമ്പക്കുളം | 3 | 1 | 1,30,000 |
| പുല്ലങ്ങടി | 2 | 1 | 85,000 |
| മിത്രക്കരി | 1 | 1 | 75,000 |
| ചങ്ങംകരി | 1 | 1 | 50,000 |
| ഒന്നാംകര | 1 | 1 | 30,000 |
| കാവാലം ലിസ്യൂ | 1 | 1 | 25,000 |
| കുമാരനല്ലൂർ | 1 | 1 | 50,000 |
| മായം | 1 | 1 | 50,000 |
| പച്ചക്കാട് | 1 | 1 | 50,000 |
| ആകെ | 27 | | 12,35,000 |

### 2. ചാസ് ഭവനനിർമ്മാണ പദ്ധതി

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| മിത്രക്കരി | 3 | 2 | 1,20,000 |
| കുമരകം വടക്കുംകര | 1 | 1 | 75,000 |
| മാമ്പുഴക്കരി | 1 | 3 | 50,000 |
| മണലാടി | 2 | 4 | 50,000 |
| ചങ്ങംകരി | 1 | 2 | 75,000 |
| കൈതവന | 1 | 2 | 40,000 |
| തെക്കേക്കര | 1 | 2 | 1,00,000 |
| പുല്ലങ്ങടി | 1 | 2 | 15,000 |
| പടഹാരം | 1 | 2 | 40,000 |
| വടക്കേഅമിച്ചകരി | 2 | 3 | 1,50,000 |
| പെരുംകാവ് | 1 | 1 | 40,000 |
| ആകെ | 15 | | 7,55,000 |

### നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതി (Caritas Germany-Livelihood Restoration for Most Backward Dalit (SC/ST) Communities in Alappuzha)

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ പുളിംകുന്ന്, എടത്വാ വെളിയനാട് പഞ്ചായത്തുകളിൽ SC-ST Dalit വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 2020 മെയ് 17,20,22,23,24 തീയതികളിൽ ജീവനോപാധികൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർമാർ വിതരണോദ്ഘാടനം നിർവഹിച്ചു. ചാസ് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

| *പദ്ധതി* | *എണ്ണം* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|---|
| കോഴിയും കൂടും | 280 | 28 | 3,36,000 |

| | | | |
|---|---|---|---|
| തയ്യൽ മെഷീൻ | 51 | 51 | 6,12,000 |
| പെട്ടിക്കട | 10 | 10 | 1,20000 |
| വെൽഡിംഗ് മെഷീൻ | 2 | 2 | 24,000 |
| വള്ളം | 3 | 3 | 36,000 |
| ആകെ | 94 | | 11,28,000 |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 മാർച്ച്–മെയ് മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 458. നളിനി ഗോപാലൻ | സൗഭാഗ്യ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 459. ജെയിംസ് റ്റി. യു | അപർണ്ണ | പങ്ങട | കോട്ടയം |
| 460. തങ്കച്ചൻ കെ.ജെ. | സെന്റ് തോമസ് | നാൽപ്പാത്തിമല | അതിരമ്പുഴ |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 360. | തോമസ് പി.ഡി. വെച്ചൂകണ്ടം | ഐക്കരച്ചിറ | കുടമാളൂർ |
| 361. | ടോമി തോമസ്, തടമുറിയിൽ | ചേപ്പുംപാറ | കോട്ടയം |
| 362. | ഫിലിപ്പ് ആന്റണി, കാച്ചാംകോട് | ഇത്തിത്താനം | ചങ്ങനാശ്ശേരി |
| 363. | എബി തോമസ് | മണ്ണാർകുന്ന് | അതിരമ്പുഴ |
| 364. | മിനി ജോസ് മാടയ്ക്കശ്ശേരിയിൽ | മുട്ടാർ ഓൾഡ് | എടത്വാ |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 മാർച്ച്–മെയ് മാസങ്ങളിൽ 18 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശപ്രകാരം 26 അപേക്ഷകർക്ക് 40,400/– രൂപ നൽകി.

## കേന്ദ്ര വാർത്തകൾ

### അന്താരാഷ്ട്ര വനിതാദിനാചരണവും സിബിആർ തുണിസഞ്ചിവിതരണോദ്ഘാടനവും

അന്തരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ചാസിന്റെ നേതൃത്വത്തിൽ വനിതാദിനാചരണം സംഘടിപ്പിച്ചു. മാർച്ച് 7 ശനിയാഴ്ച കൂത്രപ്പള്ളി സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടി സംസ്ഥാന നൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. ബിന്ദു എം. തോമസ് ഉദ്ഘാടനം ചെയ്തു. പായിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്ന ബിനു അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ "No to Plastic-' CBR പരിസ്ഥിതി സൗഹൃദ തുണിസഞ്ചിയുടെ വിതരണോദ്ഘാടനം നെടുംകുന്നം ഗ്രാമപഞ്ചായത്ത് ആക്ടിങ് പ്രഡിഡന്റ് ശ്രീമതി ഷൈലജകുമാരി എസ്. നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, യൂണിറ്റ് ഡയറക്ടർ

ഫാ. എബ്രഹാം വെട്ടുവേലിൽ, ജനറൽ കൺവീനർ ജിൽസൺ മാത്യു, നെടുംകുന്നം മേഖലാ വൈസ് പ്രസിഡന്റ് കുസുമം ചാക്കോ, എന്നിവർ പ്രസംഗിച്ചു. വനിതാദിനാചരണത്തോടനുബന്ധിച്ച് 'സാമൂഹിക മാധ്യമങ്ങളും വനിതകളും' എന്ന വിഷയത്തിൽ റിട്ട. ഡിഎസ്പി ശ്രീ. ജേക്കബ് ജോബ് സെമിനാർ നയിച്ചു. ചാസ് വനിതാ ജനപ്രതിനിധികൾ, കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ്, സംരംഭകർ, നാല് മക്കളുള്ള അമ്മമാർ എന്നിവരെ ആദരിച്ചു. ഉപന്യാസം, കവിതാരചന, ഓലമെടച്ചിൽ, ചവുട്ടി നിർമ്മാണം, തേങ്ങാപൊതിക്കൽ എന്നീ മത്സരങ്ങളും സംഘടിപ്പിച്ചു.

## ബ്രേക്ക് ദ ചെയ്ൻ ബോധവത്ക്കരണവും സാനിറ്റൈസർ വിതരണവും

കോവിഡ് 19 പകർച്ച വ്യാധിയെ പ്രതിരോധിക്കുവാൻ ചങ്ങനാശ്ശേരി കെ. എസ്.ആർ.ടി.സി, നമ്പർ 1, നമ്പർ 2, ബസ് സ്റ്റാന്റുകളിൽ മാർച്ച് 23 ന് ബോധവൽക്കരണ ലഘുലേഖകളും സാനിറ്റൈസറും വിതരണം ചെയ്തു. ചങ്ങനാശ്ശേരി ട്രാഫിക് എസ്.ഐ. ശ്രീ. ഓമനക്കുട്ടൻ വി. കെ. പരിപാടി ഉത്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു. കോ-ഓർഡിനേറ്റർമാരായ ശ്രീ. ബേബി ജോസഫ്, ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീ സാജുമോൻ ജോസഫ്, കുമാരി ആശ വർഗ്ഗീസ്, കുമാരി നീനു മോട്ടിലാൽ എന്നിവർ നേതൃത്വം നൽകി.

## സാനിറ്റൈസർ വിതരണം

**തൃക്കൊടിത്താനം :** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തൃക്കൊടിത്താനം പോലീസ് സ്റ്റേഷനിൽ ഏപ്രിൽ 3 ന് സാനിറ്റൈസർ വിതരണം ചെയ്തു. സബ് ഇൻസ്പെക്ടർ രാജേഷ് എൻ സാനിറ്റൈസർ ഏറ്റുവാങ്ങി.

**ചങ്ങനാശ്ശേരി :** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷനിൽ ഏപ്രിൽ 3 ന് സാനിറ്റൈസർ വിതരണം ചെയ്തു. CI പ്രകാശ് കുമാർ കെ.ജെ. സാനിറ്റൈസർ ഏറ്റുവാങ്ങി.

**ചങ്ങനാശ്ശേരി:** താലൂക്ക് ജീവനക്കാർക്ക് സാനിറ്റൈസർ ഏപ്രിൽ 21 ന് വിതരണം ചെയ്തു.

## ഖാദി-കോട്ടൺ മാസ്ക് നിർമ്മാണം

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചാസിന്റെ നേതൃത്വത്തിൽ കോട്ടൻ തുണികൾ കൊണ്ടുള്ള മാസ്ക് നിർമ്മാണം ആരംഭിച്ചു. ചാസിന്റെ കീഴിലുള്ള കോപ്റ്റാക്ക് തയ്യൽ സെന്ററിലും മല്ലപ്പള്ളി ഖാദി കേന്ദ്രത്തിലും വീടുകളിലുമാണ് പരിസ്ഥിതി സൗഹൃദ ഖാദി കോട്ടൺ തുണി ഉപയോഗിച്ചുള്ള മാസ്കുകളാണ് നിർമ്മിക്കുന്നത്. ഔദ്യോഗിക ഉദ്ഘാടനം കോട്ടയം ജില്ലാ കളക്ടർ ശ്രീ. സുധീർ ബാബു നിർവഹിച്ചു. ചാസ് കേന്ദ്ര ഓഫീസിലും കോട്ടയം ശാസ്ത്രീറോഡ്, ചങ്ങനാശ്ശേരി അരമനപ്പടി, മല്ലപ്പള്ളി, പള്ളിക്കൂട്ടുമ്മ എന്നിവടങ്ങളിലുള്ള ഖാദി- ഭവനുകളിലും മാസ്കുകൾ മിതമായ നിരക്കിൽ ലഭ്യമാണ്.

## അതിഥി തൊഴിലാളികൾക്ക് ഭക്ഷണക്കിറ്റൊരുക്കി സെമിനാരി വിദ്യാർത്ഥികൾ

ചാസിന്റെ നേതൃത്വത്തിൽ വിവിധ പ്രദേശങ്ങളിൽ അതിഥി തൊഴിലാ

ളികൾക്കുവേണ്ടി ഭക്ഷണ പദാർത്ഥങ്ങളുടെ കിറ്റ് തയ്യാറാക്കി വൈദിക വിദ്യാർത്ഥികൾ. ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിബന്ധനയനുസരിച്ച് സമൂഹ അകലം പാലിച്ചും സുരക്ഷിത സംവിധാങ്ങൾ സ്വീകരിച്ചുമാണ് നാല് അംഗങ്ങൾ വീതം ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞ് ചാസ് ഓഫീസിൽ ഫിലോസഫി തിയോളജി വിദ്യാർത്ഥികൾ പ്രവർത്തന നിരതരായത്. പായിപ്പാട്, വെളിയനാട്, എടത്വാ, മുട്ടാർ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ നൂറുകണക്കിനു അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള കിറ്റുകളാണ് ചാസിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇൻഡ്യാ – കാത്തലിക് റിലീഫ് സർവീസസ് എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കി വിതരണം ചെയ്തത്.

## പായിപ്പാട് അതിഥി തൊഴിലാളികൾക്ക് സഹായം

പായിപ്പാട് പ്രദേശത്ത് താമസിക്കുന്ന നാലായിരത്തിലധികം അതിഥി തൊഴിലാളികൾക്ക് ഏപ്രിൽ 15 ന് ഭക്ഷ്യ വസ്തുക്കളും, സോപ്പുപൊടിയും ചാസ് വിതരണം ചെയ്തു. കാത്തലിക് റിലീഫ് സർവ്വീസിന്റെയും കാരിത്താസ് ഇൻഡ്യയുടെയും സഹായത്തോടെ സംസ്ഥാന സർക്കാരുമായി സഹകരിച്ചാണ് ചാസ് അതിഥി തൊഴിലാളികൾക്കു വേണ്ടി പദ്ധതി നടപ്പാക്കിയത്. ചങ്ങനാശ്ശേരി തഹസിൽദാർ ശ്രീമതി ജിനു പുന്നൂസ്, ഡപ്യൂട്ടി തഹസിൽദാർ ശ്രീ പോൾ ജോസഫ് ലോബോ, വില്ലേജ് ഓഫീസർ ശ്രീമതി രേഖാ ജോബ് എന്നിവർ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിന്ന് അഞ്ച് ടൺ അരിയും സോപ്പുപൊടിയും ഏറ്റുവാങ്ങി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്നാ ബിനു, വാർഡ് മെമ്പർ ശ്രീമതി ആനി എം ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ശ്രീ. സിബിച്ചൻ ഒട്ടത്തിൽ, ശ്രീ. ജിമ്മിച്ചൻ പറമ്പത്ത് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

## ഫുഡ് കിറ്റ് വിതരണം

വെളിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇരുപതോളം ക്യാമ്പുകളിൽ കഴിയുന്ന നൂറ്റമ്പതിലധികം അന്യസംസ്ഥാന തൊഴിലാളികൾക്ക് ഏപ്രിൽ 16 ന് ചാസിന്റെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. കാത്തലിക് റിലീഫ് സർവ്വീസ്, കാരിത്താസ് ഇൻഡ്യാ എന്നിവയുടെ സഹകരണത്തോടെ അരി, എണ്ണ, പയർ, പരിപ്പ്, കറിമസാലകൾ, പലവ്യഞ്ജനങ്ങൾ എന്നിവ അടങ്ങിയ കിറ്റുകളാണ് നൽകിയത്. വെളിയനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എം. പി. സജീവ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ഔസേപ്പച്ചൻ ചെറുകാട് വില്ലേജ് ഓഫീസർ ഹരികൃഷ്ണ ശർമ്മ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

എടത്വാ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പത്തോളം ക്യാമ്പുകളിൽ കഴിയുന്ന 52 അതിഥി തൊഴിലാളികൾക്ക് ചാസിന്റെ നേതൃത്വത്തിൽ ഏപ്രിൽ 23 ന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തു. എടത്വാ സെന്റ് ജോർജ്ജ് വികാരി വെരി. റവ. ഫാ. മാത്യു ചൂരവടി ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എടത്വാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആനി ഈപ്പൻ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ, വില്ലേജ് ഓഫീസർ, ശ്രീ. ആർ

ശങ്കർ, ചാസ് പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, എടത്വാ യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എസ്. ടോമിച്ചൻ പറപ്പള്ളിൽ സെക്രട്ടറി ശ്രീ. ആന്റണി ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മുട്ടാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ താമസിപ്പിച്ചിരിക്കുന്ന 40 അതിഥി തൊഴിലാളികൾക്ക് ഏപ്രിൽ 23 ന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തു. മുട്ടാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.കെ. ജോസഫ് ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, പഞ്ചായത്ത് മെമ്പർ ശ്രീ. ജോസ്ഫ് മാളിയേക്കൽ, ശ്രീ. ബോബൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

## കാൻസർ, കിഡ്നി രോഗികൾക്ക് ഫുഡ് കിറ്റ് വിതരണം

ലോക്ക് ഡൗൺ മൂലം ക്ലേശിക്കുന്ന ആയിരത്തിലധികം നിർദ്ധനരായ കാൻസർ, കിഡ്നി രോഗികൾക്ക് ഭക്ഷ്യ ധാന്യ പലവ്യഞ്ജന കിറ്റുകൾ ചാസ് വിതരണം ചെയ്തു. സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ സിഎസ് ആർ പ്രവർത്തനവുമായി സഹകരിച്ചു നടപ്പിലാക്കിയ പദ്ധതിയുടെ ഉദ്ഘാടനം മെയ് 6–ാം തീയതി സൗത്ത് ഇൻഡ്യൻ ബാങ്ക് കോട്ടയം റീജിയണൽ മാനേജർ ശ്രീ. ഫ്രാൻസിസ് വി.ജെ. നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, സൗത്ത് ഇൻഡ്യൻ ബാങ്ക് ചങ്ങനാശ്ശേരി ബ്രാഞ്ച് മാനേജർ ശ്രീ. എഡ്വിൻ എ.ജെ., അസി. മാനേജർ അഖിൽ ജി നായർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, തുരുത്തി, നെടുംകുന്നം മേഖലകളിൽ 908 കിറ്റുകൾ ആദ്യഘട്ട വിതരണം നടത്തി.

## 'മൈക്രോ ബചത്ത്' പോളിസി ആരംഭിച്ചു

LIC യുടെ പുതിയ മൈക്രോ ഇൻഷുറൻസ് പദ്ധതിയായ 'മൈക്രോ ബചത്ത്' പോളിസിക്ക് മെയ് 15 ന് ആരംഭം കുറിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പുതിയ പോളിസികൾ LIC കോട്ടയം ഡിവിഷണൽ മാനേജർ ശ്രീ. കെ.സി. കെന്നഡിക്ക് കൈമാറി.

## അതിരൂപതാദിനത്തിൽ 'ഹരിതസമൃദ്ധി' യ്ക്ക് തുടക്കം

കോവിഡ്–19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധിയും ഭക്ഷ്യക്ഷാമവും പരിഹരിക്കുന്നതിന് ചങ്ങനാശ്ശേരി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ ചാസ് നടപ്പാക്കുന്ന 'ഹരിതസമൃദ്ധി' പദ്ധതി അതിരൂപതാദിനത്തിൽ (മെയ് 20) ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം കുറുമ്പനാടത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 160 ഗ്രാമതല യൂണിറ്റുകളുടെ നേതൃത്വത്തിൽ ആയിരത്തിലധികം സ്വാശ്രയസംഘങ്ങളും, ഇരുന്നൂറ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും, കർഷക സംഘങ്ങളും, ഭക്ഷ്യസുരക്ഷയും, ആരോഗ്യസുരക്ഷയും സാമ്പത്തികസുരക്ഷയും ഭൂസുരക്ഷയും ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ കണ്ണിചേരുന്നു. എല്ലാ വീടുകളിലും മാലിന്യ സംസ്ക്കരണ ഉപാധികളായ പൈപ്പ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, മുച്ചട്ടി, റിംഗ് കമ്പോസ്റ്റ് എന്നിവ പ്രചരിപ്പിക്കുകയും സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്യുക, അടുക്കള തോട്ടങ്ങൾ, തരിശുഭൂമിയിൽ കൃഷി

എന്നിവ പ്രോത്സാഹിപ്പിക്കുക, സസ്യേതര ഭക്ഷ്യ ഉത്പ്പന്നങ്ങളുടെ സ്വയംപര്യാപ്ത നേടുന്നതിന് ആട്, കോഴി, താറാവ്, മത്സ്യം, കന്നുകാലികൾ തുടങ്ങിയവ ശാസ്ത്രീയമായി വളർത്താനുള്ള പരിശീലനവും, സാങ്കേതിക-സാമ്പത്തിക സഹായവും ലഭ്യമാക്കുക തുടങ്ങിയവയാണ് 'ഹരിതസമൃദ്ധി' യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളാകുന്ന വ്യക്തികൾക്കും സംഘങ്ങൾക്കും ചാസ് ക്രെഡിറ്റ് യൂണിയനിൽനിന്ന് സബ്സിഡി നിരക്കിലും പലിശരഹിതമായും വായ്പ ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കർഷകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പയും സംഘങ്ങൾക്ക് വിവിധ സ്ഥാപനങ്ങളുടെ പലിശ കുറവുള്ള മൈക്രോ ക്രെഡിറ്റ് വായ്പയും ലഭ്യമാക്കും. പദ്ധതിയിൽ ഉദ്പ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിളകൾ പ്രാദേശിക യൂണിറ്റുകളുടെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ്, നാട്ടുചന്ത സംവിധാനങ്ങളിലൂടെ വിപണനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. കുറുമ്പനാടം സമൃദ്ധയിൽ സംഘടിപ്പിച്ച പരിപാടി ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

## മേഖലാവാർത്തകൾ

കോവിഡ് -19 ലോക്ക് ഡൗൺ കാലയളവിൽ ചാസ് യൂണിറ്റുകളുടെ ഇടപെടലുകൾ

### * ചികിത്സാ സഹായം

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *സഹായധനം* |
|---|---|---|
| വെട്ടിമുകൾ | 15 | 15,000 |
| ഏറ്റുമാനൂർ | 10 | 10,000 |
| പുന്നത്തുറ | 10 | 5,000 |
| കോട്ടയ്ക്കപ്പുറം | 10 | 5,000 |
| മണ്ണാർകുന്ന് | 5 | 5,000 |
| വള്ളംചിറ | 7 | 3,000 |
| മണിമല ഓൾഡ് | 1 | 10,000 |
| കുളത്തൂർ | 5 | 4,000 |
| കൂത്രപ്പള്ളി | 4 | 4,000 |
| നെടുമണ്ണി | 6 | 6,000 |
| ചമ്പക്കര | 5 | 5,000 |
| മാടപ്പള്ളി | 5 | 5,000 |
| മാമ്മൂട് | 20 | 42,000 |
| മാന്നില | 2 | 10,000 |
| കുറുമ്പനാടം | 5 | 5,000 |
| ഇരവുചിറ | 9 | 14,300 |
| തൃക്കൊടിത്താനം | 61 | 61,000 |

| | | |
|---|---|---|
| കുമാരനല്ലൂർ | 1 | 10,000 |
| കിളിരൂർ | 1 | 4,500 |
| മുടിയൂർക്കര | 7 | 14,000 |
| ഐക്കരച്ചിറ | 150 | 1,50,000 |
| കുടമാളൂർ | 13 | 46,900 |
| പാറേക്കടവ് | 6 | 6,000 |
| പുഴവാത് | 5 | 10,000 |
| എടത്വാ | 3 | 15,000 |
| തകഴി | 3 | 15,000 |
| പാണ്ടി | 1 | 2,500 |
| ആകെ | 370 | 4,83,200 |

* **ഭക്ഷ്യസഹായം**

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *തുക* |
|---|---|---|
| വള്ളംചിറ | 7 | 14,000 |
| ചെറുവാണ്ടൂർ | 60 | 24,000 |
| നാൽപ്പാത്തിമല | 60 | 90,000 |
| മാടപ്പള്ളി | 10 | 6,250 |
| കട്ടച്ചിറ | 25 | 25,000 |
| വടവാതൂർ | 5 | 6,000 |
| അതിരമ്പുഴ | 100 | 1,12,600 |
| അയർക്കുന്നം | 28 | 11,200 |
| നരിക്കൽ | 75 | 52,000 |
| തൃക്കൊടിത്താനം | | 7,000 |
| പായിപ്പാട് | | 10,000 |
| ആകെ | 370 | 3,58,056 |

* **കമ്മ്യൂണിറ്റി കിച്ചൺ**

| *യൂണിറ്റ്* | *തുക* |
|---|---|
| കുളത്തൂർ | 500 |
| മുട്ടാർ ഓൾഡ് | 2,500 |

## പലവ്യഞ്ജന-പച്ചക്കറി കിറ്റ് വിതരണം

**ഏറ്റുമാനൂർ :** യൂണിറ്റിലെ 'മാവേലി' പുരുഷ സ്വയം സഹായസംഘം, പച്ചക്കറി കിറ്റ്, മാസ്ക്, സാനിറ്റൈസർ, സാമ്പത്തിക സഹായം എന്നിവ സംഘാംഗങ്ങൾക്ക് വിതരണം ചെയ്തു. യൂണിറ്റ് ഡയറ്ടർ റവ. ഫാ. ടോം കുന്നുംപുറം ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

## വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിയ ആളുകൾക്ക് സഹായം

**ആര്യങ്കാവ് :** കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വന്ന ആളുകൾക്ക് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭക്ഷണം, കുടിവെള്ളം, യാത്രാസൗകര്യം എന്നിവ ക്രമീകരിച്ചുകൊണ്ടിരിക്കുന്നു.

### * മാസ്ക്ക് വിതരണം

| *യൂണിറ്റ്* | *എണ്ണം* | *യൂണിറ്റ്* | *എണ്ണം* |
|---|---|---|---|
| ഏറ്റുമാനൂർ | 250 | പച്ചക്കാട് | 1000 |
| വള്ളംചിറ | 250 | മൈലാടി | 500 |
| വില്ലൂന്നി | 2250 | എടത്വ | 400 |
| മാമ്മൂട് | 1500 | കൂത്രപ്പള്ളി | 300 |
| മാന്നില | 1000 | നാൽപ്പാത്തിമല | 1000 |
| ചമ്പക്കര | 250 | പനയമ്പാല | 500 |
| വെട്ടിമുകൾ | 3500 | പച്ച-ചെക്കിടിക്കാട് | 1200 |
| ചേപ്പുംപാറ | 1000 | പാറേൽ | 1500 |
| മനയ്ക്കച്ചിറ | 1500 | മുട്ടാർ CMI | 14000 |
| അയർക്കുന്നം | 100 | നാലുകോടി | 1500 |
| കൊണ്ടാക്കൽ | 300 | പുല്ലങ്ങടി | 800 |
| കുമരങ്കരി | 650 | ചങ്ങങ്കരി | 100 |
| കണ്ണാടി | 1500 | | |
| ആകെ | 36850 | | |

### * സാനിറ്റൈസർ വിതരണം

**മുട്ടാർ ഓൾഡ് :** ക്രെഡിറ്റ് യൂണിയൻ, സ്വാശ്രയയസംഘാംഗങ്ങൾ എന്നിവർക്കായി 500 സാനിറ്റൈസർ വിതരണം ചെയ്തു.

നസ്രത്ത് ഇടവകയിൽ ചാസ് യൂണിറ്റിന്റെ സഹകരണത്തോടെ കുടിവെള്ള സംഭരണത്തിനായ് 500, 1000 ലിറ്റർ വാട്ടർ ടാങ്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

### * മാസ്ക് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു

| *യൂണിറ്റ്* | *സംരംഭം നടത്തുന്നത്* |
|---|---|
| കുളത്തൂർ | 'സൂര്യ' സ്വാശ്രയസംഘം |
| പെരുംകാവ് | 'ജീവസ്' സ്വാശ്രയസംഘം |
| കണ്ണാടി | കണ്ണാടി സെന്റ് റീത്താസ് യൂണിറ്റ് |
| ചെറുവാണ്ടൂർ | ചെറുവാണ്ടൂർ യൂണിറ്റ് |
| വില്ലൂന്നി | വില്ലൂന്നി യൂണിറ്റ് |
| എടത്വ | എടത്വാ യൂണിറ്റ് |
| മനയ്ക്കച്ചിറ | 'ലൂർദ്ദ്മാതാ' സ്വാശ്രയസംഘം |
| ഫിൽഗിരി | ഫിൽഗിരി യൂണിറ്റ് |

## ഹോമിയോ മരുന്ന് വിതരണം

**ഏറ്റുമാനൂർ :** ചാസ് യൂണിറ്റിലെ സ്വാശ്രയസംഘാംഗങ്ങൾക്ക് ഫാ. ടോം കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ കൊറോണ പ്രതിരോധ ഹോമിയോ മരുന്ന് വിതരണം ചെയ്തു.

**വാഷിംഗ് പൗഡർ വിതരണം :** പായിപ്പാട് അതിഥി തൊഴിലാളികൾക്ക് ചാസ് പായിപ്പാട് യൂണിറ്റിന്റെ നേതൃത്വത്തിൽ 100 കിലോ വാഷിംഗ് പൗഡർ വിതരണം ചെയ്തു.

## പഠനസഹായം

| *യൂണിറ്റ്* | *വിദ്യാർത്ഥി* | *സഹായധനം* |
|---|---|---|
| കൂത്രപ്പള്ളി | 1 | 21,500 |
| കുടമാളൂർ | 6 | 26,300 |

**തുണിസഞ്ചി വിതരണം :** "No to plastic" പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നെടുമണ്ണി ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചാസ് ക്രെഡിറ്റ് യൂണിയൻ തയ്യാറാക്കിയ തുണിസഞ്ചികളുടെ വിതരണം യൂണിറ്റ് ഡയറക്ടർ ഫാ. സിജോ പുല്ലൻ ക്രെഡിറ്റ് യൂണിയൻ അംഗം ശ്രീ. എം.ജെ. മത്തായിക്ക് നൽകി ഉദ്ഘാടനം ചെയ്തു.

## ഭവനനിർമ്മാണ സഹായം

**തൃക്കൊടിത്താനം** യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലുള്ള ഒരു കുടുംബത്തിന് ഭവനനിർമ്മാണത്തിനായി രണ്ടേകാൽ ലക്ഷം രൂപയുടെ ധനസഹായം നൽകി. മാർച്ച് 13-ാം തീയതി താക്കോൽ ദാനം നിർവഹിച്ചു.

## കുടയും മാസ്കും വിതരണം

**ചമ്പക്കുളം കല്ലൂർകാട്** ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. എബ്രാഹാം കാടാത്തുകളം കുടയും മാസ്കും വിതരണം ചെയ്തു.

## പച്ചക്കറികൃഷി

| *യൂണിറ്റ്* | *സംഘം* |
|---|---|
| പെരുംകാവ് | ജീവസ് |
| കോട്ടയ്ക്കപ്പുറം | നവോദയ, മരിയ |
| പച്ചക്കാട് | കാരുണ്യ |
| വള്ളംചിറ | ജനനി |
| കണ്ണാടി | സെന്റ് ജോസഫ്സ് |
| തെക്കേക്കര | ഒരുമ, അനുഗ്രഹ, മദർ തെരേസ, തിരുഹൃദയ |
| ചേന്നംകരി | സാഗരം, സംഗമം |
| പൊങ്ങ | ഐശ്വര്യ, ജ്യോതിസ് |
| നർബോനപുരം | മേരിമാതാ, മരിയൻ, ശ്രേയസ്, സ്നേഹദീപം, ചെറുപുഷ്പം, തേജസ്, പുനർജ്ജനി, മദർതെരേസാ, എയ്ഞ്ചൽ |
| പുല്ലങ്ങടി | ജ്യോതിസ് |

| | |
|---|---|
| കൊണ്ടാക്കൽ | ശാലോം, ഒരുമ |
| പടഹാരം | ജ്യോതിസ്, ജിയന്ന, സെന്റ് അൽഫോൻസ, സെന്റ് റീത്താസ്, പുഷ്പറോസ്, മരിയ, നവജീവനം, റാണി മരിയ |
| ചമ്പക്കുളം | മരിയ, തേജസ്, അൽഫോൻസാ, ശാലോം, എയ്ഞ്ചൽ, ദീപം, കൃപ, ലിറ്റിൽ ഫ്ളവർ, ശ്രേയസ്, കാരുണ്യ, ആൻമേരി |
| നാൽപ്പാത്തിമല | എയ്ഞ്ചൽ, ജ്യോതിസ് |
| കിഴക്കേമിത്രക്കരി | മരിയ |

**പാറേൽ–** ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പാറേൽ ഇടവകയിൽ ആരംഭിച്ച അടുക്കളത്തോട്ട മത്സരം മെയ് 5 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പച്ചക്കറിതൈ നട്ട് നിർവഹിച്ചു. വികാരി ഫാ. ജേക്കബ് വാരികാട്ട്, ഫാ. തോമസ് കുളത്തുങ്കൽ, ശ്രീ. ബാബു വള്ളപ്പുര, ശ്രീ. എം.ഡി. സേവ്യർ എന്നിവർ സന്നിഹിതരായിരുന്നു.

## തെങ്ങിൻതൈ വിതരണം

**നാലുകോടി** യൂണിറ്റിന്റെ നേതൃത്വത്തിൽ മെയ് 19 ന് 50 കുടുംബങ്ങൾക്ക് തെങ്ങിൻതൈ വിതരണം ചെയ്തു.

## ജീവകാരുണ്യനിധി ട്രസ്റ്റ് / JEEVAKARUNYANIDHI TRUST

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2019 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും മെയ് 23 –വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) – (തുടർച്ച)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 130. | പുതുക്കരി | 87500 | 35000 |
| 131. | മുത്തൂർ | 80000 | 32000 |
| 132. | പുത്തനങ്ങാടി | 212650 | 85060 |
| 133. | S. L. പുരം | 14600 | 5840 |
| 134. | മണിമല ഹോളി മാഗി | 90775 | 36310 |
| 135. | കൂരോപ്പട | 122620 | 49048 |
| 136. | താഴത്തുവടകര | 16825 | 6730 |
| 137. | തെക്കേക്കര – സെന്റ് ജോൺസ് | 73700 | 29470 |
| 138. | പുന്നക്കുന്നത്തുശ്ശേരി | 59550 | 23820 |
| 139. | തിരുവനന്തപുരം – ലൂർദ് | 414300 | 165720 |
| 140. | മുടിയൂർക്കര | 285920 | 114368 |
| 141. | കുടമാളൂർ | 402210 | 160884 |
| 142. | വെളിയനാട് – സെന്റ് സേവ്യേഴ്സ് | 38300 | 15320 |
| 143. | മഹേന്ദ്രപുരം | 5630 | 2250 |

(തുടരും...)

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മാർച്ച് 21 മുതൽ നമ്മൾ ഭവനത്തിൽ ആയിരിക്കുകയാണ് ഭവനങ്ങളിൽ ആയിരുന്നാലും നമ്മുടെ സഹോദരങ്ങളെ ഫോണിലൂടെ ബന്ധപ്പെട്ടുകൊണ്ട് അവരുടെ ആവശ്യങ്ങളിൽ കൂടെആയിരിക്കാൻ നമുക്ക് സാധിച്ചു. ഇപ്പോൾ ലോക്ക് ഡൗൺ ഇളവുകൾ വന്നുചേരുമ്പോഴും സാമൂഹിക അകലംപാലിച്ചും, മാസ്ക് ധരിച്ചും പുറത്തിറങ്ങാൻ നമുക്ക് ശ്രദ്ധിക്കാം. ക്ഷേമനിധിയിലൂടെ സർക്കാർ അനുവദിച്ചത് നമുക്ക് അവകാശപ്പെട്ടതാണ് അത് നേടിയെടുത്തു എന്ന് നമുക്ക് ഉറപ്പുവരുത്താം. ഈ കാലയളവിൽ നമ്മളിൽനിന്ന് വേർപിരിഞ്ഞുപോയ എല്ലാം അംഗങ്ങളെയും നമുക്ക് ഓർക്കാം... പ്രാർത്ഥിക്കാം...

**ഫാ. ജോസ് പുത്തൻചിറ**

## തൊഴിലാളി ദിനം

ഏറെ ആവേശപൂർവ്വം നമ്മൾ നടത്തിയിരുന്ന മെയ്ദിന സന്ദേശറാലിയും സമ്മേളനവും കോവിഡ് 19 പശ്ചാത്തലത്തിൽ ഈവർഷം നടത്താൻ സാധിച്ചില്ലെങ്കിലും മെയ് 1 വെള്ളിയാഴ്ച എല്ലാ തൊഴിലാളികളെയും അനുസ്മരിച്ചുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് വി. ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

## ആദരാഞ്ജലികൾ

കടയിനിക്കാട് St. Sebastian സംഘാംഗം ശ്രീ. ജോസ് വെട്ടിത്താനം, പൊടിപ്പാറ ഹോളി ഫാമിലി സംഘാംഗം ശ്രീ. എൻ.എ. ജോസ് എന്നിവരുടെ നന്മകളെ ഓർക്കാം.... കുടുംബാംഗങ്ങൾക്ക് അനുശോചനവും പ്രാർത്ഥനയും നേരുന്നു.

---

***യുവദീപ്തി - SMYM തുടർച്ച....***

ന്റെ നേതൃത്വത്തിൽ അഖിലകേരള ഓൺലൈൻ പ്രസംഗമത്സരം യുവതികൾക്കും യുവാക്കന്മാർക്കുമായി നടത്തപ്പെടുന്നു. കത്തോലിക്ക സഭ നേരിടുന്ന വെല്ലുവിളികളെയും ചില സമകാലിക സംഭവങ്ങളെയും ആസ്പതമാക്കിയ വിഷയങ്ങൾ ക്രമീകരിച്ചാണ് പ്രസംഗമത്സരം നടത്തപ്പെടുന്നത്. വിജയികൾക്ക് ക്യാഷ്പ്രൈസും എവറോളിങ് ട്രോഫിയും നൽകപ്പെടും.

## 8. സഭാതല Online ക്വിസ്

സീറോ മലബാർ സഭാ മക്കൾക്കായി ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്. എംവൈ. എം. ന്റെ നേതൃത്വത്തിൽ ഒരു ഓൺലൈൻ ക്വിസ്മത്സരം ജൂൺ മാസത്തിൽ നടത്തപ്പെടും.

## 9. Youth Survey

ചങ്ങനാശേരി അതിരൂപത യുവദീപ്തിഎസ്. എംവൈ. എം. ന്റെ നേതൃത്വത്തിൽ അതിരൂപതയിലെ എല്ലാ യുവജനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു യൂത്ത്സർവ്വേ നടത്താൻ ആഗ്രഹിക്കുന്നു. വിദേശത്തും സ്വദേശത്തും കേരളത്തിനു പുറത്തും അകത്തുമൊക്കെയായി ചിതറിക്കിടക്കുന്ന യുവജനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്ന ഒരു പദ്ധതിയാണ് യൂത്ത്സർവ്വേയിൽ ഉൾപ്പെടുത്തുന്നത്.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർത്ഥനകളും ആശംസകളും. കോവിഡ് രോഗത്തിന്റെ വ്യാപനം മൂലമുണ്ടായ ലോക്ക്ഡൗൺകാലം പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും നാളുകളായി തുടരുന്നു. ഈ മഹാരോഗത്തിന്റെ പിടിയിലകപ്പെട്ട് ധാരാളം മലയാളി പ്രവാസികൾ മരണമടയുകയും ധാരാളം പേർ രോഗികളായി തീരുകയും ചെയ്യുന്നുണ്ട്. സ്വദേശത്തേക്ക് മടങ്ങിയെത്തിയ എല്ലാവരുംതന്നെ ആരേഗ്യപ്രവർത്തകരുടെ നിർദ്ദേശമനുസരിച്ച് ക്വാറന്റിനിൽ ആയിരിക്കാൻ ശ്രദ്ധിക്കുന്നു. ഈ കാലഘട്ടത്തിൽ പ്രവാസി അപ്പോസ്തലേറ്റ് അകലങ്ങളിലിരുന്നുകൊണ്ട് നവ മാധ്യമങ്ങളുടെ സഹായത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളെ വ്യക്തികളിലെത്തിക്കാനും അതിലൂടെ ധാരാളം പേർക്ക് സഹായങ്ങളെത്തിക്കാനും ആശ്വാസമേകുവാനും ശ്രമിക്കുന്നു എന്നത് ഏറെ ചാരിതാർത്ഥ്യത്തോടെ പങ്കുവയ്ക്കുന്നു.

പ്രവാസികളുടെ കുടിയേറ്റത്തിന്റെ ചരിത്രം, പ്രവാസി മലയാളികൾ നമ്മുടെ സമ്പദ് ഘടനയുടെ നട്ടെല്ല്, ഇന്ന് പ്രവാസി അനുഭവിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്, പ്രവാസിസഹോദരങ്ങളോടുള്ള സ്നേഹവും കരുതലും പ്രകടമാക്കേണ്ടതെങ്ങനെയാണ് എന്നീ വിഷയങ്ങൾ മുൻനിർത്തി പ്രവാസികൾക്കായി തയ്യാറാക്കിയ ലേഖനം ദീപിക, മംഗളം, പ്രവാചകശബ്ദം, മലയാള മനോരമ എന്നീ പത്രങ്ങളിൽ അതി പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. കേരള പ്രവാസികാര്യവകുപ്പിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളും വിവരങ്ങളും അതാതു സമയങ്ങളിൽ പ്രവാസികളെ അറിയിച്ചു കൊണ്ടിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി വെബ്സൈറ്റ് രൂപീകരിച്ചു. അതിൽ ധാരാളം പേർ രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നു. പ്രവാസി അപ്പോസ്തലേറ്റ് നടത്തിയ എല്ലാ സമ്മേളനങ്ങളുടെയും വാർത്തകൾ കേരളത്തിലെ മുഖ്യധാര പത്രങ്ങളുടെ വാർത്താ പേജുകളിൽ ഇടം പിടിക്കുകയുണ്ടായി.

### യൂട്യൂബ് ചാനൽ

1. പ്രവാസികൾക്കൊരു കൈത്താങ്ങ്, പ്രവാസിമലയാളികളെ കേരളത്തിലേക്ക് കൊണ്ടുവരണമോ?, പ്രവാസികളെ മറക്കണമോ?, കേരളത്തിലേക്ക് മടങ്ങിയെത്തുവാൻ പ്രവാസികൾ എന്തുചെയ്യണം, അന്യസംസ്ഥാനങ്ങളിൽ കുടുങ്ങിപ്പോയ കേരളീയർ തിരികെയെത്തുവാൻ എന്തുചെയ്യണം, പ്രവാസികൾക്കൊരു സന്തോഷവാർത്ത, നോർക്ക ഐ ഡി കാർഡ്, എന്നിങ്ങനെ പ്രവാസികൾക്ക് സഹായകമാകുന്ന വീഡിയോകൾ അപ് ലോഡ്ചെയ്തു.

2. പ്രവാസികൾക്കുവേണ്ടി ആരാധന ക്രമം, സഭ ആരാധനാ സമൂഹം, രക്ഷാകരചരിത്രം തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി റവ.ഡോ. അനീഷ് ജേക്കബ് കിഴക്കേവീട് തയ്യാറാക്കിയ വീഡിയോ അപ് ലോഡ് ചെയ്തു.

3. പ്രവാസികൾക്കുവേണ്ടി അനുദിന വചനശ്രവണത്തിന് അവസരമൊരുക്കി വിശുദ്ധഗ്രന്ഥം വായിക്കുന്നു. ' വചനധ്വനി ' എന്ന പേരിൽ വീഡിയോ ആക്കി അപ് ലോഡ് ചെയ്യുന്നു.

### വീഡിയോ കോൺഫറൻസ്

മെയ് 1 മെയ്ദിനത്തിൽ മാർ ജോസഫ് പെരുന്തോട്ടം യു.എ.ഇ യിലെ പ്രവാസികളുമായി വീഡിയോ കോൺഫറൻസ് നടത്തി. തൊഴിൽ

നഷ്ടപ്പെട്ടു മടങ്ങിയെത്തുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ പ്രവാസി അപ്പോസ്തലേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നും കാർഷികരംഗം, ടൂറിസം, നിർമ്മാണം എന്നീമേഖലകളെ പരമാവധി വികസിപ്പിച്ച് പ്രവാസികളുടെ പുനരധിവാസം വിപുലപ്പെടുത്തുന്നതാണെന്ന് അഭി. പിതാവ് മീറ്റിംഗിൽ അറിയിച്ചു.

മെയ് 4 പ്രവാസി അപ്പോസ്തലേറ്റ് പ്രവാസികൾക്കുവേണ്ടി സ്വദേശം – ഹരിതദേശം പദ്ധതി ആവിഷ്കരിച്ചു. നിരവധി ലക്ഷ്യങ്ങൾ മുൻനിർത്തി തുടങ്ങുന്ന ഈ പ്രവർത്തനം കൊണ്ട് തരിശുഭൂമികളെ വിളഭൂമികളാക്കാം എന്ന പിതാവിന്റെ സ്വപ്നം നടപ്പാവുക കൂടിയാണ്. അതിന്റെ വിവരങ്ങൾ അറിയുന്നതിന് പ്രവാസി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഈ വിവരം എല്ലാ ഇടവകകളിലുമെത്തിക്കുന്നതിന് വൈദികർക്കും എല്ലാശുശ്രൂഷാ പ്രസ്ഥാനങ്ങൾക്കും വാട്സാപ്പിലൂടെ സന്ദേശമറിയിച്ചു.

മെയ് 5 അജ്മാനിൽ ജോലി ചെയ്യുന്ന നമ്മുടെ അതിരൂപതാംഗമായ ഒരുവ്യക്തി ശ്വാസകോശത്തിൻ കാൻസർ ബാധിച്ച് ഇപ്പോൾ ചികിത്സയിലാണ്. ഈ വ്യക്തിക്ക് അടിയന്തിരമായി നാട്ടിൽ മടങ്ങിയെത്തുന്നതിനാവശ്യമായ സഹായങ്ങൾ ലഭിക്കുന്നതിനുവേണ്ടി പ്രധാന മന്ത്രി ശ്രീ. നരേന്ദ്ര മോദി, വിദേശകാര്യസഹമന്ത്രി ശ്രീ. വി. മുരളീധരൻ, ശ്രീ. സുബ്രമണ്യംജയ്ശങ്കർ എന്നിവർക്ക് അതിരൂപതയുടെ പ്രവാസികാര്യാലയത്തിൽനിന്നും മെയിൽ അയച്ചു.

മെയ് 11 അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവും, അഭിവന്ദ്യ തോമസ് തറയിൽ പിതാവും പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ അച്ചനും കുവൈറ്റിലെ ചങ്ങനാശ്ശേരി അതിരൂപതാ പ്രവാസി പ്രതിനിധികളുമായി വീഡിയോ കോൺഫറൻസ് നടത്തി. പ്രവാസി മലയാളികളുടെ കുട്ടികൾക്ക് പഠന സൗകര്യവും ഫീസാനുകൂല്യവും നൽകണമെന്ന് കുവൈറ്റ് പ്രവാസികൾ ആവശ്യപ്പെട്ടു. കുവൈറ്റിലെ എസ്. എം. സി. എ ഭാരവാഹികളും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

മെയ് 13 ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടവും ചങ്ങനാശ്ശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. റ്റെജി പുതുവീട്ടിക്കളവും ചങ്ങനാശ്ശേരി അതിരൂപതയുടെ ഒമാനിലെ ഏരിയ പ്രതിനിധികളും ഒമാൻ ഇടവകയെ പ്രതിനിധീകരിച്ച് ഫാ. ജോർജ് വടക്കൂട്ട് ഒ എഫ്എം കപ്പൂച്ചിൻ എന്നിവരുമായി വീഡിയോ കോൺഫൻസ് നടത്തി. ജോലി നഷ്ടപ്പെട്ടു പോകുന്നവരുടെ ആശങ്കകളും ആകുലതകളും അദ്ദേഹം വിവരിച്ചു. ആവശ്യമുള്ളവർക്ക് ഭക്ഷണവും മരുന്നുംഎത്തിച്ചു കൊടുക്കുന്നു, വിമാന ടിക്കറ്റ് എടുത്തുകൊടുത്തു സഹായിക്കുന്നു, ഈയൊരു സാഹചര്യത്തിൽ വിവിധങ്ങളായ മാനസിക തകർച്ച നേരിടുന്നവർക്ക് ആവശ്യമായ കൗൺസിലിംഗ് കൊടുത്തും സഹായിക്കാൻ കഴിയുന്നു എന്ന് ഫാ. ജോർജ് വടക്കൂട്ട് ഒ എഫ്എം കപ്പൂച്ചിൻ സമ്മേളനത്തിൽ വിവരിച്ചു. ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികളുടെ ആരോഗ്യസംരക്ഷണത്തിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്നുംഅഭ്യർത്ഥിച്ചു.

മെയ് 15 ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടവും പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ അച്ചനും ഖത്തർ മേഖലയുടെ പ്രതിനിധികൾ എന്നിവരുമായി നടത്തിയ വീഡിയോ കോൺഫൻസ് നടത്തി. കൃഷിമേഖല വിപുലപ്പെടുത്താൻ പച്ചക്കറി, ഫലവർഗങ്ങൾ എന്നിവ കൃഷി

*ശേഷം പേജ് 77 ൽ....*

# കെയർ ഹോംസ് ഫെല്ലോഷിപ്പ് (CFCA), മാർ കാവുകാട്ട് പാലിയേറ്റീവ് & ഹെൽത്ത് കെയർ

CFCA

ഈശോയിൽ സ്നേഹമുള്ളവരെ,

ചങ്ങനാശേരി അതിരൂപതാ കെയർ ഹോം ഫെല്ലോഷിപ്പിൽനിന്നും ആശംസകൾ. കോവിഡ് 19 മൂലമുള്ള ലോക്ഡൗൺ ദിനങ്ങളിൽ നമ്മുടെ സ്ഥാപനങ്ങളിൽ ഉണ്ടായ ബുദ്ധിമുട്ടുകൾ പലരും വിളിച്ചറിയിച്ചു. ഭക്ഷണം, മരുന്ന്, സാമ്പത്തികം തുടങ്ങിയ കാര്യങ്ങളിൽ കെയർ ഹോമുകൾ നേരിടുന്ന പ്രതിസന്ധികളിൽ കുറച്ചെങ്കിലും ഇടപെടുവാനും പരിഹരിക്കുവാനും അതിരൂപതാ ഓഫീസിനു കഴിഞ്ഞിട്ടുണ്ട്. കൊറോണാ വൈറസിന്റെ വ്യാപനം നടക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

ലോക്ഡൗണിന്റെ ഈ ദിനങ്ങളിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫോൺ, ഓൺലൈൻ എന്നിവ മുഖേന വിവരങ്ങൾ ശേഖരിച്ച് ഒരു ഡയറക്ടറി പൂർത്തീകരിക്കുവാൻ നമുക്കു കഴിഞ്ഞു. പന്തക്കുസ്താതിരുനാളിൽ പ്രസിദ്ധീകരിക്കുവാൻ തയ്യാറാക്കി വരുന്ന ഈ ഡയറക്ടറി ജൂൺമാസത്തിൽതന്നെ നമ്മുടെ അഞ്ച് സോണുകളിലെ കേന്ദ്രങ്ങളിൽ (ചങ്ങനാശേരി, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം) എത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഒ സി ബി (ഓർഫനേജ് കൺട്രോൾ ബോർഡ്) യിൽ നിന്നും ഗ്രാന്റ് സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ അദ്ധ്യയന വർഷത്തേത് (2019-20) നൽകുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ അത് ലഭിച്ചു എന്നുറപ്പാക്കുകയും അതാത് ജില്ലാ സാമൂഹ്യനീതിവകുപ്പിൽ ബന്ധപ്പെട്ട് അവ നേടിയെടുക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

കേന്ദ്രഗവൺമെന്റ് ഗ്രാന്റുകൾ, CSR ഫണ്ടുകൾ എന്നിവ ലഭിക്കുവാൻ സ്ഥാപനങ്ങൾ നീതി ആയോഗിൽ രജിസ്റ്റർ ചെയ്യുന്നതിനും പരിശ്രമിക്കണം. മീറ്റിംഗുകൾ നടത്തുവാനുള്ള സാഹചര്യം അനുകൂലമാകുമ്പോൾ സോണൽതലത്തിൽ ഒരുമിച്ച് കൂടി അടിയന്തരസാഹചര്യങ്ങൾ നേരിട്ടറിഞ്ഞ് അവ പരിഹരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ അതിരൂപതാ ഓഫീസ് തയ്യാറായിരിക്കുന്നു. ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന കോവിഡ് 19 -ന്റെ പ്രതിസന്ധികൾ വേഗം പരിഹരിക്കപ്പെടട്ടെയെന്നും ഇവയെല്ലാം ദൈവത്തിന്റെ പദ്ധതികളായി കണ്ട് അതിജീവിക്കുവാൻ വേണ്ട കൃപ ദൈവം നൽകട്ടെ എന്നും പ്രാർത്ഥിക്കുന്നു. ഒപ്പം അതിരൂപതാ കുടക്കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കെയർ ഹോമുകൾക്കും കൂടുതൽ ശക്തിയോടെ മുമ്പോട്ടു പോകുവാൻ വേണ്ട ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**ഫാ. ബിജോ അരഞ്ഞാണിയിൽ**

ഡയറക്ടർ 9746587770

കോവിഡ് 19 കാലത്ത് ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ട വിഷയം ആയിരുന്നു. 'മദ്യനയം'

മദ്യം നിർത്തലാക്കിയാൽ നാട്ടിൽ ആത്മഹത്യകൾ പെരുകും, ക്രൂരകൃത്യങ്ങൾ നടക്കും, വ്യാജവാറ്റ് വ്യാപിക്കും, തുടങ്ങിയ കെട്ടുകഥകൾ വെറും നുണക്കഥകളായി, ഒരു ദുരന്തവും സംഭവിച്ചില്ല. മറിച്ച്, സമൂഹത്തിൽ വലിയ ഗുണങ്ങൾ ഉണ്ടായി. നിരവധിപ്പേർ മദ്യപാനം നിറുത്തി കുടുംബങ്ങളിൽ സമാധാന അന്തരീക്ഷം കൈവന്നു. മദ്യശാലകൾ തുറക്കുമ്പോൾ ഇവയെല്ലാം തിരികെയെത്താം, നേടിയെടുത്ത സമാധനഅന്തരീക്ഷവും, നന്മകളും നഷ്ടമാകും. കുടുംബങ്ങൾ നരകതുല്യമാകും, ക്രമസമാധാനം ഇല്ലാതാകും

ഇത് ജനത്തെ ബോധ്യപ്പെടുത്താം..... നന്മയുടെ നാളേയ്ക്കുതകുന്ന കാര്യങ്ങൾ ദൈവജനത്തിന് കൈമാറാം... സമാധാനഅന്തരീക്ഷം നിലനിൽക്കുന്ന കുടുംബവും, നാടും, രാഷ്ട്രവുമായിതീരാൻ നമുക്ക് പരിശ്രമിക്കാം...

പ്രാർത്ഥിക്കാം.... ബോധ്യങ്ങൾ പങ്കുവയ്ക്കാം...ഒരുമയിൽമുന്നേറാം.....

**ഫാ. ജോസ് പുത്തൻചിറ**

---

***പ്രവാസി അപ്പോസ്തലേറ്റ് തുടർച്ച....***

ചെയ്ത് വിവിധ സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും കയറ്റുമതി നടത്തുന്നതിനുവേണ്ട വിപണിയും മറ്റിതരസഹായങ്ങളും ചെയ്തുതരണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ബാങ്കുകൾവഴി പ്രവാസികൾക്ക് ലോൺ സൗകര്യമേർപ്പെടുത്തണമെന്നും യോഗം ചക്ക, കപ്പ എന്നിവയുടെ കൃഷിയും അവയുടെ സംസ്ക്കരണവും പ്രോത്സാഹിപ്പിക്കണമെന്നും 2 ഇടവകകൾ കൂടിചേർന്ന് ചെറിയ സംരംഭങ്ങളോ കുടിൽവ്യവസായങ്ങളോ തുടങ്ങുന്നതിനുള്ള സഹായങ്ങൾ ചെയ്തു തരണമെന്നും യോഗം അഭ്യർത്ഥിച്ചു.

## യാത്രാടിക്കറ്റ് വിതരണം

ഗൾഫ് നാടുകളിൽ നിന്നും നാട്ടിലേക്കുമടങ്ങുന്ന പ്രവാസി തൊഴിലാളികളിൽ അർഹരായ 35 പേർക്ക് പ്രവാസി അപ്പോസ്തലേറ്റ് വിമാനയാത്രാ ടിക്കറ്റ് എടുത്തു നല്കി. 476,000/- രൂപ ഈ സംരംഭത്തിലേക്ക് ചെലവഴിച്ചു.

## അനുശോചനം

മെയ് 15 മാർ തോമസ് തറയിൽ പ്രവാസികൾക്കുവേണ്ടി വിശുദ്ധ ബലി അർപ്പിച്ചു.

മെയ് 22 ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പ്രവാസികൾക്കുവേണ്ടി വിശുദ്ധ ബലി അർപ്പിച്ചു. ഗൾഫിൽവച്ച് കോവിഡ്രോഗം ബാധിച്ച് മരിച്ച എല്ലാവരെയും, പ്രത്യേകിച്ച് മരണമടഞ്ഞ നമ്മുടെ അതിരൂപതാംഗങ്ങളായ ഷാജി സക്കറിയഎടത്തിനകം, തൃക്കൊടിത്താനം ഇടവക, ജോജോ സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, മായംഇടവക, ജേക്കബ് ജോൺ നെല്ലുവേലി, വേഴപ്ര ഇടവക, ജോഫി ജോബ് വഞ്ചിക്കൽ, പുന്നപ്ര സെന്റ് ഗ്രിഗോറിയോസ് ഇടവക, എന്നിവരെ വിശുദ്ധ കുർബാനയിൽ ഓർക്കുകയും അവരുടെ നിത്യരക്ഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് അനുശോചനം രേഖപ്പെടുത്തി.

ഡയറക്ടർ, 9447803634

## സൗജന്യ മാസ്ക് വിതരണം

കോവിഡ് 19 മഹാമാരിക്കെതിരേയുള്ള പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി അതിരൂപതയിലെ D.C.M.S. യൂണിറ്റുകളിലെ കുടുംബങ്ങൾക്ക് സൗജന്യ മാസ്ക്ക് വിതരണം ചെയ്യുന്നതിന് തുടക്കം കുറിച്ചുകൊണ്ട് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടംപിതാവ് D.C.M.S. അതിരൂപതാ പ്രസിഡന്റ് ജെയിംസ് ഇലവുങ്കലിന് മാസ്ക് നൽകിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, അതിരൂപതാ സെക്രട്ടറി ശ്രീ. മാത്യു ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

അതിരൂപതയിലെ ഇടവകകളിലെ D.C.M.S. യൂണിറ്റുകളിലെ അംഗങ്ങളായ കുടുംബങ്ങൾക്ക് നൽകുന്നതിനായി പ്രസിഡന്റ് ജെയിംസ് ഇലവുങ്കലിന്റെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളുടെ പക്കൽ എത്തിച്ചു നൽകി.

## പ്രത്യേക ശ്രദ്ധയ്ക്ക്

ബഹു/പ്രിയ അച്ചാ, സുഹൃത്തേ,

നമ്മുടെ അതിരൂപതയിലെ D.C.M.S. യൂണിറ്റുകളിൽ 2020-21 അദ്ധ്യായന വർഷം ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെ പഠിക്കുന്ന D.C.M.S ഫാമിലി കാർഡ് ലിസ്റ്റിൽ അംഗങ്ങളായവരുടെ കുട്ടികളുടെ ഒരു ലിസ്റ്റ് (വിദ്യാർത്ഥിയുടെ പേര്, അഡ്രസ്, ക്ലാസ്, സ്കൂൾ, മാതാപിതാക്കളുടെ പേര്, ഫോൺ നമ്പർ ഉൾപ്പെടെ) ബഹു. ഇടവക (യൂണിറ്റ്) ഡയറക്ടറുടെയും യൂണിറ്റ് പ്രസിഡന്റ് / സെക്രട്ടറിയുടെയും ഒപ്പോടുകൂടി 2020 ജൂൺ 15-ാം തീയതിക്ക് മുൻപ് അതിരൂപതാ D.C.M.S. ഓഫീസിൽ എത്തിക്കാൻ താത്പര്യപ്പെടുന്നു.

സ്നേഹപൂർവ്വം,

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**



**153**

# പുരോഹിതജീവിതം: സുവിശേഷപ്രഘോഷണം

(തിരുവചനഭാഗം: ശ്ലീഹ 28,1-31)

പൗലോസ്ശ്ലീഹാ മാൾട്ടായിൽ നിന്നും റോമിലെത്തുകയും അവിടെ കരുതൽ തടങ്കലിൽ താമസിച്ചുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്യുന്നതാണ് ഈ അവസാന അദ്ധ്യായത്തിന്റെ ഉള്ളടക്കം. ഈ അദ്ധ്യായത്തെ താഴെക്കാണുംവിധം വിഭജിക്കാം:

1. പൗലോസ് മാൾട്ടായിൽ (28,1-10)
2. പൗലോസ് റോമായിൽ എത്തുന്നു (28,11-16)
3. യഹൂദനേതാക്കന്മാരെ കാണുന്നു (28,17-22)
4. യഹൂദരോട് സുവിശേഷം പ്രസംഗിക്കുന്നു (28,23-28)
5. റോമിലെ പ്രസംഗവും പ്രബോധനവും (28,29-31)

സഭയുടെ നെടുതൂണുകളിലൊരാളാണ് പൗലോസ്ശ്ലീഹാ. അതിനു കാരണം പൗലോസിന്റെ റോമൻ സാന്നിദ്ധ്യമാണ്. റോമിലാണ് പൗലോസ്ശ്ലീഹായുടെ മരണം സംഭവിച്ചതെങ്കിലും അതെപ്പറ്റി നടപടിഗ്രന്ഥത്തിൽ സൂചനയൊന്നുമില്ല. സഭയുടെ അടിസ്ഥാനപരമായ സുവിശേഷപ്രഘോഷണദൗത്യവുമായി ബന്ധപ്പെടുത്തിയാണ് പൗലോസ്ശ്ലീഹായുടെ റോമൻ സാന്നിദ്ധ്യത്തെ ഇവിടെ അവതരിപ്പിക്കുന്നത്. പുരോഹിതശുശ്രൂഷയും സുവിശേഷപ്രഘോഷണവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ഈ അവതരണം വ്യക്തമാക്കുന്നത്.

## 1. പുരോഹിതൻ: സുവിശേഷം പ്രഘോഷിക്കുന്നവൻ

*''പുബ്ലിയൂസിന്റെ പിതാവ് പനിയും അതിസാരവും പിടിപെട്ട് കിടപ്പിലായിരുന്നു. പൗലോസ് അവനെ സന്ദർശിച്ചു പ്രാർത്ഥിക്കുകയും അവന്റെമേൽ കൈകൾവച്ചു സുഖപ്പെടുത്തുകയും ചെയ്തു. ഈ സംഭവത്തെത്തുടർന്ന് ദ്വീപിലുണ്ടായിരുന്ന മറ്റു രോഗികളും അവന്റെയടുക്കൽവന്നു സുഖം പ്രാപിച്ചുകൊണ്ടിരുന്നു. അവർ ഞങ്ങളെ വളരെയേറെ ബഹുമാനിച്ചു. ഞങ്ങൾ കപ്പൽയാത്രയ്ക്കൊരുങ്ങിയപ്പോൾ ഞങ്ങൾക്ക് ആവശ്യമുള്ളതെല്ലാം അവർ കൊണ്ടുവന്നു തന്നു.''* (28,8-10).

പൗലോസുൾപ്പെടെ കപ്പലിലുണ്ടായിരുന്നവരെല്ലാം കരയ്ക്കെത്തി തീകൂട്ടി തണുപ്പുമാറ്റാൻ ശ്രമിക്കുന്നതിനിടയിൽ പൗലോസിന്റെ കൈയിൽ ഒരു

അണലിപ്പാമ്പ് ചുറ്റിതൂങ്ങി. എങ്കിലും വിഷബാധയേൽക്കാതെ പൗലോസ് രക്ഷപെടുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ ഈശോമിശിഹായിലുള്ള വിശ്വാസംമൂലം സർപ്പവിഷത്തിൽനിന്നു രക്ഷ ലഭിക്കുന്ന കാര്യത്തെ ഇത് അനുസ്മരിപ്പിക്കുന്നുണ്ട്: ''അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോക മെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്ത വൻ ശിക്ഷിക്കപ്പെടും. വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരി ക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെ ടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കു കയും ചെയ്യും'' (മർക്കോ 16,15-18). അതുപോലെതന്നെ, പൗലോസിനും കൂട്ടർക്കും മൂന്നുദിവസം ആതിഥ്യം നല്കിയ ആ ദ്വീപിന്റെ ഭരണാധിപ നായിരുന്ന പുബ്ലിയോസിന്റെ രോഗബാധിതനായ പിതാവിനെ പൗലോസ് കാണുകയും അയാളുടെമേൽ കൈവച്ച് പ്രാർത്ഥിച്ച് അയാളെ സുഖപ്പെ ടുത്തുകയും ചെയ്യുന്നു. അതേത്തുടർന്ന് രോഗം പിടിപെട്ട മറ്റാളുകളും ശ്ലീഹായെ സമീപിക്കുകയും പൗലോസിന്റെ പ്രാർത്ഥനയിലൂടെ സൗഖ്യം നേടുകയും ചെയ്തു.

ഇതെല്ലാം സൂചിപ്പിക്കുന്നത് പൗലോസ്ശ്ലീഹായുടെ സുവിശേഷപ്രഘോ ഷണാഭിമുഖ്യത്തെയാണ്. എവിടെച്ചെന്നാലും അവിടെയെല്ലാം അടയാള ങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്താനുള്ള പരിശ്രമം ശ്ലീഹാ നടത്തിയിരുന്നു. പുരോഹിതന്റെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണം തന്നെയാണ്. 'പ്രഘോഷണം' എന്ന വാക്ക് പ്രത്യേകം ശ്രദ്ധിക്കണം. അത് കേവലം പ്രസംഗമല്ല. മറിച്ച്, സുവിശേഷാത്മകമായ ജീവിതവും ദൈവത്തിന്റെ സ്നേഹസ്പർശനങ്ങളായ അത്ഭുതങ്ങളോടും അടയാളങ്ങളോടുംകൂടിയ സുവിശേഷപ്രഘോഷണവുമാണ്. ഇപ്രകാരമുള്ള സുവിശേഷപ്രഘോഷ ണമാണ് പുരോഹിതരുടെ ഏറ്റം പ്രധാനമായ ദൗത്യം.

## 2. പുരോഹിതൻ: സ്നേഹത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നവൻ

*''അവിടെനിന്നു തീരം ചുറ്റി റേജിയും എന്ന സ്ഥലത്തു വന്നുചേർന്നു. ഒരു ദിവസം കഴിഞ്ഞപ്പോൾ ഒരു തെക്കൻകാറ്റു വീശുകയാൽ രണ്ടാം ദിവസം ഞങ്ങൾ പുത്തെയോളിൽ എത്തി. അവിടെ ഞങ്ങൾ ചില സഹോദരരെ കണ്ടു. ഒരാഴ്ച തങ്ങളോടൊപ്പം താമസിക്കാൻ അവർ ഞങ്ങളെ ക്ഷണിച്ചു. പിന്നെ ഞങ്ങൾ റോമായിൽ വന്നുചേർന്നു. അവിടെയുള്ള സഹോദരർ ഞങ്ങളെക്കുറിച്ചു കേട്ടറിഞ്ഞ് ഞങ്ങളെ സ്വീകരിക്കുവാൻ ആപ്പിയൂസ്പു രവും ത്രിമൺഡപവുംവരെ വന്നു. അവരെക്കണ്ടപ്പോൾ പൗലോസ് ദൈവ ത്തിനു നന്ദിപറയുകയും ധൈര്യം ആർജ്ജിക്കുകയും ചെയ്തു. ഞങ്ങൾ റോമാപട്ടണത്തിൽ പ്രവേശിച്ചുകഴിഞ്ഞപ്പോൾ ഒരു പടയാളിയുടെ കാവ ലോടെ ഇഷ്ടമുള്ളിടത്തു താമസിക്കാൻ പൗലോസിന് അനുവാദം ലഭിച്ചു''* (28,13-15).

പൗലോസും കൂട്ടരും മാൾട്ടായിൽനിന്നും യാത്രതുടർന്ന് ഒരു അല ക്സാൺഡ്രിയൻ കപ്പലിൽ റോമിലേക്കു പോകുന്നു. സിറാക്കൂസ്, റേജിയും,

പുത്തെയോൾ എന്നീ തുറമുഖപട്ടണങ്ങൾ കടന്നാണ് അവർ റോമിലേക്കു പോയത്. പുത്തെയോൾ പട്ടണത്തിൽനിന്നും ഏതാനും കിലോമീറ്റർ ദൂരം കരമാർഗ്ഗം യാത്ര ചെയ്താൽ ആപ്പിയൂസ് പുരത്തും അവിടെനിന്നാരംഭിക്കുന്ന ആപ്പിയൻ വഴിയിലുമെത്തും. റോമിലേക്കുള്ള പ്രധാനറോഡായിരുന്നു ഈ പൊതുവഴി. 'പുത്തെയോൾ' പട്ടണം ഇറ്റലിയുടെ തീരത്തുള്ള നേപ്പിൾസ് ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന ഒരു വലിയ തുറമുഖപട്ടണമായിരുന്നു. അവിടെ ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. പൗലോസിനെ സ്വാഗതം ചെയ്യുവാൻ റോമിലെ ക്രിസ്ത്യാനികൾ അവിടെവരെയും വന്നിരുന്നു. അവരെ കാണുവാൻ പൗലോസ്ശ്ലീഹായ്ക്ക് അത്യധികം സന്തോഷമുണ്ടായിരുന്നു. റോമാ സന്ദർശിക്കുവാനുള്ള ആഗ്രഹം ശ്ലീഹാ വർഷങ്ങൾക്കു മുമ്പെഴുതിയ ലേഖനത്തിൽ പ്രകടമാക്കിയിരുന്നല്ലോ (റോമാ 1,9-11; 15,24). ആ ആഗ്രഹം സഫലീകൃതമായ സന്ദർഭത്തിൽ കൃതജ്ഞതാനിർഭരനായി അദ്ദേഹം ദൈവത്തെ സ്തുതിക്കുന്നുമുണ്ട് (ശ്ലീഹാ 28,15).

പൗലോസ്ശ്ലീഹായെയും സഹചാരികളെയും തങ്ങളോടുകൂടി കുറേദിവസങ്ങൾ താമസിക്കുവാൻ അവർ ക്ഷണിക്കുകയും, ആ ക്ഷണം സ്വീകരിച്ച് അവർ ഒരാഴ്ച അവിടെ പാർക്കുകയും ചെയ്തു. വിശ്വാസികളുടെ ക്ഷണം സ്വീകരിച്ച് അവരുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുകയും അവർക്കു വിശ്വാസപ്രബോധനം നല്കുകയും ചെയ്യുക പൗലോസിനു വളരെ താല്പര്യമുള്ള കാര്യമായിരുന്നു. വിശ്വാസികളുടെ കൂട്ടായ്മ, സുവിശേഷപ്രഘോഷണത്തിന്റെ അവശ്യ പശ്ചാത്തലമാണ്. സുവിശേഷപ്രഘോഷണം ഒറ്റപ്പെട്ട പ്രവർത്തനമല്ല. അത് സഭാത്മകവും സഭാകൂട്ടായ്മയോട് അവശ്യം ബന്ധപ്പെട്ടതുമാണ്. പുരോഹിതൻ തനിക്കേല്പിക്കപ്പെടുന്ന വിശ്വാസികളുടെ സമൂഹത്തെ കൂട്ടായ്മയിൽ കെട്ടിപ്പടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയാണെങ്കിൽ, നല്ല സുവിശേഷപ്രഘോഷകനാകാൻ അദ്ദേഹത്തിനു കഴിയും.

## 3. പുരോഹിതൻ: സ്നേഹസംഭാഷണം നടത്തുന്നവൻ

*"ഇക്കാരണത്താൽത്തന്നെയാണ് നിങ്ങളെ കണ്ടു സംസാരിക്കാൻ ഞാൻ നിങ്ങളെ വിളിച്ചുകൂട്ടിയത്. എന്തെന്നാൽ, ഇസ്രായേലിന്റെ പ്രത്യാശയെ പ്രതിയാണ് ഞാൻ ഈ ചങ്ങലകളാൽ ബന്ധിതനായിരിക്കുന്നത്. അവർ അവനോടു പറഞ്ഞു: നിന്നെക്കുറിച്ചു യൂദയായിൽനിന്നു ഞങ്ങൾക്ക് കത്തൊന്നും ലഭിച്ചിട്ടില്ല. ഇവിടെ വന്ന സഹോദരിലാരും നിനക്കെതിരായി വിവരംതരുകയോ നിന്നെ കുറ്റപ്പെടുത്തി സംസാരിക്കുകയോ ചെയ്തിട്ടുമില്ല. എന്നാൽ, നിന്റെ അഭിപ്രായങ്ങളെന്തെല്ലാമാണെന്നു നിന്നിൽനിന്നുതന്നെ കേൾക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതു ഞങ്ങൾക്കറിയാം, ഈ മതവിഭാഗത്തെ എല്ലായിടത്തും ആളുകൾ എതിർത്തു സംസാരിക്കുന്നുണ്ട്"* (28,20-22).

റോമിലെത്തിയ പൗലോസിനെ സ്വീകരിക്കുവാൻ അവിടുത്തെ ക്രിസ്തീയ വിശ്വാസികൾ വന്നിരുന്നല്ലോ. അവരെ കണ്ടപ്പോൾ പൗലോസ് ദൈവത്തിനു നന്ദി പറയുകയും ധൈര്യം ആർജ്ജിക്കുകയും ചെയ്തു (28,15). അവിടെ നേരിട്ടുപോയി സുവിശേഷപ്രഘോഷണം നടത്തുവാനുള്ള സ്വാതന്ത്ര്യം പൗലോസിനില്ലായിരുന്നു. എങ്കിലും മറ്റു തടവുകാരിൽനിന്നുമാറി ഒരു കാവൽപടയാളിയോടുകൂടി തനിച്ചുതാമസിക്കുവാൻ പൗലോസിന് അനുവാദം ലഭിച്ചു. അങ്ങനെ താമസിക്കുമ്പോൾ പൗലോസ് റോമിലുള്ള യഹൂദനേതാ

ക്കന്മാരെ താൻ താമസിച്ചിരുന്ന സ്ഥലത്ത് ക്ഷണിച്ചുവരുത്തി അവരോടു സംസാരിച്ചു. അവരുമായുള്ള ആദ്യസംഭാഷണത്തിൽ റോമിൽ വരാനുള്ള സാഹചര്യമാണ് പൗലോസ് വിവരിച്ചത്. താൻ ജറുസലേമിലെ യഹൂദന്മാരോട് ക്രിസ്തീയവിശ്വാസത്തെപ്പറ്റി സംസാരിച്ചുവെന്നും ക്രിസ്തീയസുവിശേഷം യഹൂദപാരമ്പര്യത്തിനെതിരല്ല, പൂർത്തീകരണമാണെന്നു പറഞ്ഞപ്പോൾ അതു മനസ്സിലാക്കാതെ തന്നെ പിടിച്ചു റോമാക്കാരെ ഏല്പിച്ചുവെന്നും, റോമാക്കാരായ ഭരണാധിപന്മാർ വധശിക്ഷയ്ക്കർഹമായി യാതൊരു കുറ്റവും തന്നിൽ കാണാതിരുന്നപ്പോഴും യഹൂദനേതാക്കന്മാർ ആ വിധിക്കെതിരായി ശബ്ദമുണ്ടാക്കിയതുമൂലം തനിക്ക് സീസറിനെ അഭയം പ്രാപിക്കേണ്ടി വന്നു വെന്നും പൗലോസ് വിശദീകരിച്ചു.

സുവിശേഷപ്രഘോഷണത്തിന് എതിർപ്പുണ്ടാകുന്ന സാഹചര്യങ്ങളിൽ എപ്രകാരമാണ് പുരോഹിതൻ വർത്തിക്കേണ്ടത് എന്നതിന് ഇവിടെ പൗലോസ് മാതൃകയാകുന്നുണ്ട്. എതിരാളികളെ വിളിച്ച്, അവരോട് സ്നേഹപൂർവം കാര്യം പറഞ്ഞു മനസ്സിലാക്കുവാനാണ് പുരോഹിതൻ ശ്രദ്ധിക്കേണ്ടത്. ന്യായവാദത്തിലൂടെ എതിരാളികളെ തോല്പിക്കാൻ ശ്രമിക്കാതെ, സ്നേഹ പൂർവം അവരെ നേരിടുകയും തന്റെ വിശ്വാസത്തിന്റെ വിശദീകരണം നല്കി അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയുമാണ് ചെയ്യേണ്ടത്. ദൈവവചനം ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണമായതുകൊണ്ട്, വചനപ്ര ഘോഷണവും ആ 'ഡയലോഗ്' സ്വഭാവം കാത്തുസൂക്ഷിക്കേണ്ടതുണ്ട്.

## 4. പുരോഹിതൻ: മിശിഹാനുഭവത്തിന് സാക്ഷ്യം വഹിക്കുന്നവൻ

*''അവനുമായി സംസാരിക്കാൻ അവർ ഒരു ദിവസം നിശ്ചയിച്ചു. അന്ന് നിരവധിയാളുകൾ അവന്റെ വാസസ്ഥലത്തു വന്നുകൂടി. രാവിലെ മുതൽ സന്ധ്യവരെ അവൻ മോശയുടെ നിയമത്തെയും പ്രവാചകന്മാരെയും അടി സ്ഥാനമാക്കി ഈശോയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കു കയും ദൈവരാജ്യത്തെക്കുറിച്ചു പരസ്യമായി സാക്ഷ്യപ്പെടുത്തുകയും ചെയ്തു''* (28,23-24).

നേരത്തെ നിശ്ചയിച്ചതനുസരിച്ച് യഹൂദനേതാക്കന്മാർ പൗലോസ് താമ സിച്ചിരുന്ന സ്ഥലത്ത് വീണ്ടും ഒരുമിച്ചുകൂടി. നേതാക്കന്മാരോടൊപ്പം മറ്റു നിരവധിയാളുകളുമുണ്ടായിരുന്നു (28,23). അവരോട് പൗലോസ്ശ്ലീഹാ ശരിക്കും സുവിശേഷപ്രഘോഷണം നടത്തി. ''നിയമത്തെയും പ്രവാചകന്മാ രെയും അടിസ്ഥാനമാക്കി ഈശോയെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയും ദൈവരാജ്യത്തെക്കുറിച്ച് പരസ്യമായി സാക്ഷ്യപ്പെടുത്തു കയും ചെയ്തു'' (28,23). ഈശോയുടെ ഉത്ഥാനത്തിലധിഷ്ഠിതമായ തന്റെ ക്രിസ്തീയവിശ്വാസവും തനിക്കുണ്ടായ മിശിഹാനുഭവവും ആയിരിക്കണം പൗലോസ് അവരോടു പ്രഘോഷിച്ചത്. പൗലോസിന്റെ മിശിഹാനുഭവത്തെ അടിസ്ഥാനമാക്കിയുള്ള പ്രഭാഷണം സ്വീകരിക്കുവാൻ കേൾവിക്കാരിൽ ഒരുകൂട്ടം പേർ തയ്യാറായി. മറ്റുള്ളവർ, ഒരുപക്ഷേ ഔദ്യോഗിക യഹൂദമ തത്തെ പ്രതിനിധാനം ചെയ്തവർ, അത് തിരസ്കരിച്ചു. ഇതുതന്നെയാണ് മറ്റു സ്ഥലങ്ങളിലും സംഭവിച്ചത്.

ഇപ്രകാരം സംഭവിച്ചപ്പോൾ യഹൂദർ തിരസ്കരിച്ച സുവിശേഷം വിജാ തീയർക്കു പ്രഘോഷിക്കപ്പെടുന്നു എന്നത് ദൈവത്തിന്റെ പരിപാലനയിൽ

സംഭവിച്ചതാണ് എന്നു പ്രസ്താവിച്ചുകൊണ്ടാണ് പൗലോസ് തന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നത്. ഇവിടെ അതിനായി പൗലോസ് ഉദ്ധരിക്കുന്ന പ്രവാചകവചനം, ഏശ 6,9-10, സുവിശേഷങ്ങളിൽ ഈശോതന്നെ ഉദ്ധരിക്കുന്നതായി കാണാം (മത്താ 13,14; മർക്കോ 4,12; ലൂക്കാ 8,10). അപ്രകാരം പൗലോസിന്റെ റോമിലെ സുവിശേഷപ്രഘോഷണം സഭയുടെ തുടർന്നുള്ള സുവിശേഷപ്രഘോഷണത്തിനു നിർണ്ണായകമായിത്തീരുന്നു. പൗലോസ് സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ നിർണ്ണായക വിധാതാവും മാതൃകയുമായി നിലനില്ക്കുന്നു. പൗലോസ് തന്റെ സഭാശുശ്രൂഷയെ 'സുവിശേഷത്തിനുള്ള പുരോഹിതശുശ്രൂഷ'യായിട്ടാണ് വിശേഷിപ്പിക്കുന്നത് (റോമാ 15,16). അതുകൊണ്ട് പുരോഹിതന്റെ ജീവിതംതന്നെ ഒരു സുവിശേഷപ്രഘോഷണമായി മാറണം. ഇതു സാധ്യമാകണമെങ്കിൽ പുരോഹിതൻ പൗലോസ്ശ്ലീഹായെപ്പോലെ സഭയിൽ ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിയുന്നവനും, ആ മിശിഹായ്ക്ക് ജീവിതംകൊണ്ട് സാക്ഷ്യം നല്കുന്നവനുമാകണം.

## 5. പുരോഹിതജീവിതം: സുവിശേഷപ്രഘോഷണം

*''അവൻ സ്വന്തം ചെലവിൽ ഒരു വീടു വാടകയ്ക്കെടുത്തു രണ്ടു വർഷം മുഴുവൻ അവിടെ താമസിച്ചു. തന്നെ സമീപിച്ച എല്ലാവരെയും അവൻ സ്വാഗതം ചെയ്തിരുന്നു. അവൻ ദൈവരാജ്യം പ്രസംഗിക്കുകയും കർത്താവായ ഈശോമിശിഹായെക്കുറിച്ചു നിർബാധം ധൈര്യപൂർവ്വം പഠിപ്പിക്കുകയും ചെയ്തു''* (28,30-31).

പൗലോസ്ശ്ലീഹായുടെ, റോമിലുള്ള രണ്ടു വർഷത്തെ സുവിശേഷപ്രഘോഷണംകൊണ്ട് നടപടിഗ്രന്ഥം സമാപിക്കുകയാണ്. പൗലോസ്ശ്ലീഹായുടെ പിന്നീടുള്ള സുവിശേഷപ്രഘോഷണശുശ്രൂഷയെപ്പറ്റിയോ റോമിൽവച്ചു സംഭവിച്ച മരണത്തെപ്പറ്റിയോ നടപടിഗ്രന്ഥം ഒന്നും പറയുന്നില്ല. ഇതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. പൗലോസ്ശ്ലീഹായാണ് യഹൂദമതത്തിൽനിന്നും വ്യതിരിക്തമായി ക്രിസ്തീയസമൂഹം രൂപംകൊള്ളുവാൻ നിർണ്ണായകനായ വ്യക്തി. വിജാതീയരുടെയും ഇസ്രായേൽമക്കളുടെയും മുമ്പിൽ തന്റെ നാമം വഹിക്കാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത പാത്രമായിരുന്നു പൗലോസ് (ശ്ലീഹാ 9,15). അതുകൊണ്ട് പൗലോസ്ശ്ലീഹായുടെ ചരിത്രം സഭയുടെ ചരിത്രമായി താദാത്മ്യപ്പെടുകയാണ്. സഭയുടെ നെടുംതൂണുകളാണല്ലോ പത്രോസും പൗലോസും. സഭയുടെ അടിസ്ഥാനപരമായ ശുശ്രൂഷ സുവിശേഷപ്രഘോഷണശുശ്രൂഷയാണ്. സഭാസമൂഹം സുവിശേഷം സ്വീകരിച്ചവരുടെയും ജീവിക്കുന്നവരുടെയും അത് പ്രഘോഷിക്കുന്നവരുടെയും സമൂഹമാണ്. സഭയുടെ ചരിത്രം അവതരിപ്പിക്കുന്ന നടപടിഗ്രന്ഥം ഈ വസ്തുത എന്നും ഓർമ്മിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ്. അതുകൊണ്ടാണ് പൗലോസ്ശ്ലീഹായുടെ റോമിലുള്ള സുവിശേഷപ്രഘോഷണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു എന്നു തോന്നത്തക്കവിധത്തിൽ നടപടിഗ്രന്ഥം അവസാനിപ്പിക്കുന്നത്.

സഭ ഒരു രാജകീയപുരോഹിതഗണമാണെന്ന് പത്രോസ്ശ്ലീഹാ പ്രത്യേകം അനുസ്മരിപ്പിക്കുന്നു (1 പത്രോ 2,9). പുരോഹിതജനമെന്ന നിലയിൽ സഭയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണംതന്നെയാണ്. സഭയുടെ വളർച്ച

വചനത്തിന്റെ അഥവാ സുവിശേഷത്തിന്റെ വളർച്ചയായിട്ടാണ് നടപടിഗ്രന്ഥം വിശേഷിപ്പിക്കുന്നത് (ശ്ലീഹ 6,7). അതുപോലെതന്നെ സഭയിലെ പുരോഹിതശുശ്രൂഷയെ സുവിശേഷത്തിനുള്ള പുരോഹിതശുശ്രൂഷ എന്നാണല്ലോ പൗലോസ്ശ്ലീഹായും വിശേഷിപ്പിക്കുന്നത് (റോമാ 15,16). അതുകൊണ്ട് സഭാസമൂഹത്തിന്റെയും പുരോഹിതഗണത്തിന്റെയും മുഖമുദ്ര സുവിശേഷജീവിതവും പ്രഘോഷണവുമായിരിക്കണം. ഇതു സാദ്ധ്യമാകണമെങ്കിൽ സഭയിലെ പുരോഹിതർ സുവിശേഷമാകുന്നവരും സുവിശേഷമേകുന്നവരുമായിരിക്കണം. അവരുടെ ജീവിതംതന്നെ ഒരു സുവിശേഷപ്രഘോഷണമായിത്തീരണം.

## ജീവിതസൂചിക

1. ഈശോയെപ്പോലെ ദൈവസ്നേഹത്തിന്റെ അടയാളങ്ങളോടുകൂടി സുവിശേഷപ്രഘോഷണം നടത്തുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
2. സ്നേഹകൂട്ടായ്മയായി സഭാസമൂഹത്തെ കെട്ടിപ്പടുത്തുകൊണ്ട് സുവിശേഷപ്രഘോഷണം നടത്തുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
3. എന്റെ സുവിശേഷപ്രഘോഷണത്തിൽ 'ഡയലോഗി'ന് ഞാൻ എത്രമാത്രം പ്രാധാന്യം കല്പിക്കുന്നുണ്ട്?
4. സഭയിൽ ജീവിക്കുന്ന മിശിഹായെ അനുഭവിച്ച് ആ മിശിഹാനുഭവത്തിന് സാക്ഷ്യം നല്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. എന്റെ ജീവിതംതന്നെ ഒരു സുവിശേഷപ്രഘോഷണമാക്കുവാൻ ഞാൻ എന്തുചെയ്യണം?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**മെയ് 2020**

1 യു.എ.ഇ. ലുള്ള ചങ്ങനാശേരി അതിരൂപതാ പ്രവാസി എക്സിക്യൂട്ടീവ് അംഗങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തി.

4 ചങ്ങനാശേരി സി.എം.സി ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബ്ബാന അർപ്പിക്കുകയും സുവർണ ജൂബിലി ആഘോഷിക്കുന്ന സന്യാസിനികൾക്കു ആശംസകൾ നേരുകയും ചെയ്തു.

8 കുവൈറ്റിലുള്ള ചങ്ങനാശേരി അതിരൂപതയിലെ പ്രവാസികളുടെ പ്രതിനിധികളുമായി വീഡിയോ കോൺഫറൻസ് നടത്തി.

9 മാതൃദിനത്തോട് അനുബന്ധിച്ച് അതിരൂപത കേന്ദ്രത്തിൽ വൃക്ഷത്തൈ നട്ടു അമ്മമരം പദ്ധതി ഉദ്ഘാടനം ചെയ്തു.

14 മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കോവിഡ് മഹാമാരിക്കെതിരെ വീഡിയോ കോൺഫറൻസിലൂടെ സർവ്വമത പ്രാർത്ഥന യജ്ഞത്തിന് നേതൃത്വം വഹിച്ചു.

15 ഖത്തറിലുള്ള ചങ്ങനാശേരി അതിരൂപതയിലെ പ്രവാസികളുടെ പ്രതിനിധികളുമായി വീഡിയോ കോൺഫറൻസ് നടത്തി.

16 പാറമ്പുഴ ബെത്‌ലേഹം ഇടവകാംഗവും എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ശ്രീ. സാബു തോമസിന്റെ ഭാര്യാപിതാവിന്റെ മൃതദേഹത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ഇൻഫന്റ് ട്രീസായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 ചങ്ങനാശേരി അതിരൂപതയുട 133-ാമത് അതിരൂപതാദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

അതിരൂപതയുടെ ഒഫീഷ്യൽ Youtube ചാനലായ MAAC TV യുടെ ലോഗോ പ്രകാശനം ചെയ്തു.

അതിരൂപതാ സോഷ്യൽ സർവീസ് വിഭാഗമായ ചാസ് നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതി കുറുമ്പനാടം സമൃദ്ധ സെന്ററിൽ ഉദ്ഘാടനം ചെയ്തു.

21 അതിരൂപതാ കേന്ദ്രത്തിൽ എസ്. ബി. കോളേജ് മാനേജിംഗ് ബോർഡ് മീറ്റിംഗിൽ അധ്യക്ഷതവഹിച്ചു.

കുറിച്ചി എം.എൽ.എഫ്. മഠം ചാപ്പലിൽ സി. സാവിയോ MLF ന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പ്രാരംഭ കർമ്മങ്ങൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.

## മാർ തോമസ് തറയിൽ

**മെയ് 2020**

01 പാറേൽ തിരുഹൃദയ മഠം ചാപ്പലിൽ സി. റോസ് മാത്യു മുത്തുമല എസ്.എച്ചിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

03 ചങ്ങനാശേരി സി.എം.സി ഹോളിക്വീൻസ് പ്രൊവിൻസിലെ 7 സന്യാസിനികളുടെ സുവർണ ജൂബിലിയോട് അനുബന്ധിച്ചുള്ള റംശാ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു.

05 ഇടുക്കി രൂപതാ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി ചങ്ങനാശേരി അതിരൂപതയുടെ അനുശോചനമറിയിച്ചു.

07 പച്ച–ചെക്കിടിക്കാട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ സി. മരീസ കരിക്കംപള്ളിൽ എസ്.എ.ബി.എസിന്റെ സംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

12 എടത്വ സെയിന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ജോസഫ് തോമസ് തെക്കേപേരങ്ങാടിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

15 കരിക്കാട്ടൂർ സെയിന്റ് ജെയിംസ് ഇടവകാംഗം നീതു സെബാസ്റ്റ്യൻ കുഴിപ്പള്ളിലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സെമിത്തേരി ചാപ്പലിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

16 പാറേൽ തിരുഹൃദയ മഠം ചാപ്പലിൽ സി. ഇൻഫന്റ് ട്രീസാ മുണ്ടാപ്പള്ളിൽ എസ്.എച്ചിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് പാറമ്പുഴ ബെത്‌ലഹേം ദൈവാലയത്തിൽ മണ്ണംപള്ളിൽ ജോർജ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

20 ചങ്ങനാശേരി അതിരൂപതയുടെ 133-ാമത് അതിരൂപതദിനാഘോഷത്തിൽ പങ്കെടുത്തു.

21 കുറിച്ചി എം. എൽ. എഫ് മഠം ചാപ്പലിൽ സി. സാവിയോ MLF ന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ അഗ്രികൾച്ചറൽ ഫോറത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്തു.

24 പാറേൽ എഫ്. സി. സി ദേവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

25 മാമ്മൂട് എസ്.എ.ബി.എസ് നൊവിഷ്യേറ്റ് ഹൗസിലെ സന്യാസാർത്ഥിനികൾക്ക് ക്ലാസെടുത്തു.

26 കൂത്രപ്പള്ളി എസ്.എ.ബി.എസ് മഠത്തിൽ സി. ബെഞ്ചമിൻ മേരി എഴുതനവയലിൽ എസ്.എ.ബി.എസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സ്നേഹനിവാസ് ബോയ്സ് ഹോമിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.